Reg. No C. 101, M. 2293

ഒറ്റപ്രതിക്ക് 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1125 ധനു 27 | ലക്കം 20


# അഷ്ടദിനപ്രാർത്ഥനാപ്രസ്ഥാനം

ഫാദർ തോമസ് ഇഞ്ചയ്ക്കലോടി)

എഴുപതു വർഷങ്ങൾക്കു മുൻപാണ്. അന്നൊരു ഞായറാഴ്ചദിവസം, സമയം സായാഹ്നമായിരിക്കുന്നു. അമേരിക്കയിൽ ബാൾട്ടിമോർ പട്ടണത്തിലെ കത്തീഡ്രലിന് അകത്തുള്ള പ്രസംഗപീഠത്തിനു ചുറ്റും ഒരു വൻപിച്ച ജനക്കൂട്ടം സന്നിഹിതമായിട്ടുണ്ടു്. കത്തോലിക്കർ, പ്രൊട്ടസ്റ്റൻറുകാർ, മുതലാളികൾ, തൊഴിലാളികൾ, അദ്ധ്യാപകന്മാർ, വിദ്യാർത്ഥികൾ എന്നുവേണ്ടാ, വിവിധ വിഭാഗങ്ങളിൽപ്പെട്ട ഒട്ടനേകർ അവിടെ കൂടിയിട്ടുണ്ടു്. ഉടനെ ആരംഭിക്കുവാനിരിക്കുന്ന പ്രസംഗം കേൾക്കുന്നതിനായിട്ടാണ് അവരെല്ലാം അക്ഷമരായി കാത്തിരിക്കുന്നതു്. ദൈവാലയത്തിലെ ഒരു ഒഴിഞ്ഞ കോണിലുള്ള ബെഞ്ചിൽ എപ്പിസ്ക്കോപ്പൽ സഭയിലെ ഒരു പുരോഹിതനും സ്ഥലം പിടിച്ചിട്ടുണ്ടു്. അല്പനിമിഷത്തിനുള്ളിൽ സുസ്മേരവദനനായ ഒരു വൈദികൻ പ്രസംഗവേദിയെ ആരോഹണം ചെയ്തു കഴിഞ്ഞു. പൗളിസ്റ്റ് സന്യാസസമൂഹത്തിൽപ്പെട്ട ഒരു വൈദികനാണ് അദ്ദേഹം. അനർഗ്ഗളമായ വാക്പ്രവാഹത്തോടുകൂടെ ആരംഭിച്ച ആ പ്രസംഗം സുമാർ അരമണിക്കൂർസമയം നീണ്ടുനിന്നു. സത്യക്രിസ്തുസഭ, പ്രൊട്ടസ്റ്റൻറുസഭകൾ, ക്രൈസ്തവ പുനരൈക്യത്തിൻെറ ആവശ്യകത എന്നിത്യാദിവിവിധവിഷയങ്ങളെ പുരസ്കരിച്ചുള്ള പ്രസംഗമായിരുന്നു അതു്. പ്രൗഢഗംഭീരവും ആശയനിബിഡവുമായ ആ പ്രസംഗം കത്തോലിക്കാസഭയെപ്പററി കൂടുതലായി അന്വേഷിക്കുന്നതിനുള്ള ആഗ്രഹവും, ക്രൈസ്തവസഭകളുടെ യോജിപ്പിനുവേണ്ടി പരിശ്രമിക്കുന്നതിനുവേണ്ട ഉത്തേജനവും വിവിധസഭാംഗങ്ങളായ ശ്രോതാക്കൾക്കു് പ്രദാനം ചെയ്തു. പ്രസംഗാനന്തരം എല്ലാവരും അവരവരുടെ വസതികളിലേക്കു മടങ്ങുകയും ചെയ്തു.

ബാൾട്ടിമോറിൽ അന്നു നടന്ന ആ പ്രസംഗത്തിൻെറ ഫലം അധികകാലതാമസമെന്യേ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. അന്നത്തെ ശ്രോതാക്കളായിരുന്ന പ്രൊട്ടസ്റ്റൻറുകാരിൽ പലരും കത്തോലിക്കാസഭയുടെ ചരിത്രം, വിശ്വാസവിഷയങ്ങൾ എന്നിവയെപ്പററി ശ്രദ്ധാപൂർവ്വം പഠിക്കുന്നതിന് സന്നദ്ധരാകുകയും തൽഫലമായി സത്യം ഗ്രഹിച്ച് ഒട്ടനേകർ കത്തോലിക്കാസഭയെ ആശ്ലേഷിക്കുകയും ചെയ്തു. എന്നാൽ ശ്രോതാക്കളുടെ കൂട്ടത്തിൽ ആ ഒഴിഞ്ഞ ബെഞ്ചിൽ സ്ഥലംപിടിച്ചിരുന്ന എപ്പിസ്ക്കോപ്പൽ സഭാവൈദികനാകട്ടെ അതിനുള്ള ഭാഗധേയം സിദ്ധിച്ചില്ല. കാരണം, സത്യാന്വേഷണത്തിന് അദ്ദേഹം സന്നദ്ധത പ്രദർശിപ്പിച്ചില്ലെന്നുള്ളതുതന്നെ. എന്നാൽ തൻെറ പുത്രനെയും അയാൾ മുഖാന്തിരം അനേകായിരം പ്രൊട്ടസ്റ്റൻറുകാരെയും കത്തോലിക്കാസഭാമാതാവിൻെറ മടിത്തട്ടിലേക്കു് ആനയിക്കുന്നതിന് നമ്മുടെ പുരോഹിതൻ പരോക്ഷമായി സഹായിക്കുതന്നെ ചെയ്തു.

ബാൾട്ടിമോറിലെ പ്രസംഗാനന്തരം സ്വവസതിയിൽ എത്തിയ പ്രസ്തുത വൈദികൻ ഒന്നാമതായി ചെയ്തതു് തൻെറ പുത്രനായ വാട്ട്സനെ സമീ



മാർപ്പാപ്പായുടെ പ്രതിനിധി കർദ്ദിനാൾ ഗിൽറോയിതിരുമനസ്സുകൊണ്ടു്

പെ വിളിച്ചുവരുത്തി അന്നത്തെ പ്രസംഗത്തിൻെറ വിഷയവും രീതിയും അവനെ ധരിപ്പിക്കുക എന്നുള്ളതായിരുന്നു. പ്രസംഗത്തെപ്പററി വളരെ സ്തുതിച്ചു പ്രസ്താവിച്ചശേഷം വാട്ട്സനോട് ഇപ്രകാരം അദ്ദേഹം പറകയുണ്ടായി: "ഈ പൗളിസ്റ്റ് സമൂഹക്കാരെപ്പോലെ പ്രസംഗസാമർത്ഥ്യമുള്ള വൈദികന്മാരടങ്ങിയ ഒരു സന്യാസസമൂഹം നമ്മുടെ എപ്പിസ്ക്കോപ്പൽ സഭയിൽ അത്യന്താപേക്ഷിതമാണു്." സ്വപിതാവ് അവസാനമായി പറഞ്ഞ ഈ വാചകം ബാലനായ വാട്ട്സൻെറ ഹൃദയത്തിൽ ഗാഢമായി പതിഞ്ഞു. ദൈവം അനുവദിക്കുന്നപക്ഷം താൻ അതിനു ശ്രമിക്കുന്നതാണെന്നു് ആ ബാലൻ ദൈവതിരുമുൻപാകെ അന്നു് പ്രതിജ്ഞയും ചെയ്തു.

കാലചക്രത്തിരിച്ചിലിൽപ്പെട്ടു പതിനഞ്ചു വഷങ്ങൾ പെട്ടെന്നു കടന്നുപോയി. സമർത്ഥനും സൽസ്വഭാവിയുമായ വാട്ട്സൺ സർവ്വകലാശാലാ വിദ്യാഭ്യാസം സ്തുത്യർഹമാംവിധം പൂർത്തിയാക്കിക്കഴിഞ്ഞു. സ്വപിതാവിനെപ്പോലെ എപ്പിസ്ക്കോപ്പൽ സഭയിലെ ഒരു പുരോഹിതനായിത്തീരുന്നതിന് അയാൾ നിശ്ചയിച്ചു. അതിനുവേണ്ടി ന്യൂയോർക്കിലുള്ള ഒരു പ്രൊട്ടസ്റ്റൻറു സെമിനരിയിൽ ചേർന്നു പഠനമാരംഭിച്ചു. അങ്ങനെ 1886 ഡിസംബർ മാസത്തിൽ ഒരു പുരോഹിതനായി വാട്ട്സൺ അഭിഷേചിക്കപ്പെടുകയും ചെയ്തു.

സ്വപിതാവിൻെറ അഭിലാഷം— പൗളിസ്റ്റ് സമൂഹത്തെപ്പോലെയുള്ള ഒരു സന്യാസസമൂഹം എപ്പിസ്ക്കോപ്പൽ സഭയിൽ രൂപവൽക്കരിക്കണമെന്നുള്ള അഭിലാഷം—സാധിതപ്രായമാക്കിത്തീർക്കുന്നതിനു വേണ്ടിയായിരുന്നു ഫാദർ വാട്ട്സൻെറ അനന്തരപരിശ്രമങ്ങൾ. അതിലേക്കായി പല സ്ഥലങ്ങളിലും അദ്ദേഹം സഞ്ചരിക്കുകയും പലരുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. തൽഫലമായി 1898-ൽ "പരിഹാരസമൂഹം" (Society of Atonement) എന്ന പേരിൽ ഒരു സന്യാസസമൂഹവും അതേപേരിൽത്തന്നെ ഒരു സന്യാസിനീസമൂഹവും സ്ഥാപിക്കുവാൻ ഫാദർ വാട്ട്സനു സാധിച്ചു. സന്യാസസമൂഹത്തിലെ ആദ്യത്തെ അംഗമായി ഫാദർ വാട്ട്സൺ ചേരുകയും "പോൾ" എന്ന നാമധേയം സ്വീകരിക്കുകയും ചെയ്തു. ഇംഗ്ലണ്ടിൽനിന്നും ഒരു ഗുണകാംക്ഷി അയച്ചുകൊടുത്ത മുന്നൂറു പവൻ കൊണ്ടു് അദ്ദേഹം ഗ്രേമൂറിൽ ഒരു സ്ഥലം വാങ്ങി സന്യാസാശ്രമം അവിടെ സ്ഥാപിച്ചു. അങ്ങനെ സ്വപിതാവിൻെറ ആഗ്രഹാനുസാരമുള്ള സന്യാസസമൂഹം എപ്പിസ്ക്കോപ്പൽ സഭയിൽ ആരംഭിക്കുവാൻ അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു. പക്ഷേ,

"അന്യഥാചിന്തിതം കാര്യം
ദൈവമന്യത്രചിന്തയേൽ"

വഷങ്ങൾ പിന്നെയും പലതു കടന്നുപോയി. താൻ സ്ഥാപിച്ച ആശ്രമങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി പരിശ്രമിച്ചുകൊണ്ടിരുന്നതിനു പുറമെ കത്തോലിക്കാസഭയുടെ ചരിത്രവും വിശ്വാസവിഷയങ്ങളും പഠിക്കുന്നതിനും ഫാദർ പോൾ തൻെറ സമയം വിനിയോഗിച്ചുകൊണ്ടിരുന്നു. തൽഫലമായി കത്തോലിക്കാസഭയോടുള്ള ബഹുമാനവും ഭക്തിയും അദ്ദേഹത്തിൽ അധികമായി വർദ്ധിച്ചുകൊണ്ടുമിരുന്നു. പ്രസ്തുത സഭയുടെ വിശ്വാസങ്ങളെല്ലാംതന്നെ വേദപുസ്തകാനുസരണമാണെന്നു് അദ്ദേഹത്തിനു് ബോദ്ധ്യപ്പെട്ടു എങ്കിലും മാർപ്പാപ്പായുടെ പരമാധികാരം ദൈവസ്ഥാപിതമാണോ എന്ന ഒരു സംശയം പിന്നെയും അദ്ദേഹത്തിൽ അവശേഷിച്ചിരുന്നു. എപ്പിസ്ക്കോപ്പൽ സഭയിലെപ്പട്ടം അസാധുവാണെന്നുള്ള കത്തോലിക്കാസഭയുടെ പഠനവും ഗ്രഹിക്കുവാൻ അദ്ദേഹത്തിനു പ്രയാസമായിത്തീ

(ശേഷം 12-ാം പേജിൽ)

അന്നു ജോണിയും സ്വപിതാവിനോടുകൂടെ പട്ടണത്തിലുള്ള അദ്ദേഹത്തിന്റെ ജോലിസ്ഥലത്തേക്കുപോയി. ആഫീസ് മുറിയിൽ വിശ്രമിച്ചും യന്ത്രസാമഗ്രികൾ ജിജ്ഞാസയോടെ പരിശോധിച്ചും മദ്ധ്യാഹ്നംവരെ അവൻ അവിടെ കഴിച്ചുകൂട്ടി. ഭക്ഷണത്തിനു സമയമായപ്പോൾ പിതാവും പുത്രനുംകൂടി അടുത്തുണ്ടായിരുന്ന ഒരു ഹോട്ടലിലേക്കു പോയി ജോണിയുടെ പിതാവു് മദ്യം ഉപയോഗിക്കുന്ന കൂട്ടത്തിലാണെന്നു് ഹോട്ടൽകാരനു മുമ്പേതന്നെ അറിയാമായിരുന്നു. എന്നാൽ ബാലനു് കുടിക്കുവാൻ മദ്യം നൽകുന്നതു് വിഹിതമല്ലല്ലോ എന്നു കരുതി അയാൾ എന്താണു് കുടിക്കുവാൻ വേണ്ടതെന്നു് ബാലനോടു ചോദിച്ചു "അപ്പൻ കുടിക്കുന്നതു് എനിക്കും" എന്നു് ജോണി ബാലസഹജമായ നിഷ്കളങ്കതയോടെ മറുപടി നൽകി. പിതാവിനു ഇതു കേട്ടപ്പോൾ അല്പം കുണ്ഠിതവും ലജ്ജയും തോന്നി. ഏതായാലും കുട്ടിക്കു മദ്യം കൊടുക്കുന്നതു ഉചിതമല്ലെന്നു നിശ്ചയിച്ചു് അയാൾ ഹോട്ടൽക്കാരനെ രഹസ്യമായി വിളിച്ചു് അന്നു് തനിക്കു കുടിക്കുവാൻ പാൽ മതി എന്നു് പറഞ്ഞയച്ചു പിതാവും പുത്രനും ഭക്ഷണാനന്തരം സംതൃപ്തരായ മടങ്ങുകയും ചെയ്തു. പക്ഷേ, ആ സമയംമുതൽ "അപ്പൻ കുടിക്കുന്നതു് എനിക്കു" എന്നുള്ള ജോണിയുടെ വാക്കുകൾ അവന്റെ പിതാവിനെ തീയായി അലട്ടിത്തുടങ്ങി. അന്നു നടന്ന സംഭവം ഒരിക്കലും അയാൾക്കു വിസ്മരിക്കുവാൻ കഴിഞ്ഞില്ല. ഭക്ഷണത്തിലെന്നതുപോലെ ഇതരകാര്യങ്ങളിലും പുത്രൻ തന്നെ അനുകരിക്കുമല്ലോ എന്നും അങ്ങനെയായാൽ തന്റെ പുത്രന്റെ സ്ഥിതി പരിതാപകരമായിത്തീരുമല്ലോ എന്നുമുള്ള ചിന്ത അയാളെ പരിഭ്രാന്തചിത്തനാക്കി. തൽഫലമായി മദ്യപാനത്തിൽനിന്നും അതിനോടു ബന്ധിച്ച മററു ദുശ്ശീലങ്ങളിൽനിന്നും അയാൾ നിശ്ശേഷം വിരമിക്കയും ശിഷ്ടകാലം സന്തുഷ്ടനായും മക്കൾക്കു മാതൃകാദീപമായും ജീവിക്കയും ചെയ്തു.

കുട്ടികൾ എല്ലാ കാര്യങ്ങളിലും അവരുടെ മാതാപിതാക്കന്മാരെ അനുകരിക്കുവാൻ ശ്രമിക്കുന്നു; അതവർക്കു സഹജവുമാണു്. മനുഷ്യർ പ്രകൃത്യാതന്നെ അനുകരണശീലന്മാരാണല്ലോ. നമ്മുടെ ബഹുമാനാദരങ്ങൾ അർഹിക്കുന്ന മഹാന്മാരെയും നമ്മുടെ വിശ്വാസാദരങ്ങൾ അർഹിക്കുന്ന ആത്മമിത്രങ്ങളേയും, നമുക്കു് പരിചയവും അറിവുമില്ലാത്ത കാര്യങ്ങളിൽ അറിവും പരിചയവുമുള്ളവരെയും നാം അനുകരിക്കുക പതിവാണു്. ഒരു കുട്ടിയെ സംബന്ധിച്ചേടത്തോളം, അവന്റെ നേതാവും, മഹാനും, വിശ്വസ്തനും, സ്നേഹനിധിയും, പരിചയസമ്പന്നനും, പണ്ഡിതസാർവ്വഭൗമനും എല്ലാം അവന്റെ പിതാവു് അല്ലെങ്കിൽ മാതാവാണു്. അവന്റെ പരിമിതലോകത്തിൽ അവർക്കുമാത്രമാണു് ഉന്നതസ്ഥാനം നൽകപ്പെട്ടിരിക്കുന്നതു്. തന്നിമിത്തം അവൻ അവരെ എല്ലായ്പോഴും അനുകരിക്കുന്നു, എല്ലായ്പോഴും അവരെ ഉററുനോക്കിക്കൊണ്ടിരിക്കുന്നു. തങ്ങളുടെ ഓരോ നോക്കും വാക്കും പ്രവൃത്തിയും, മാത്രമല്ല, നിസ്സാരങ്ങളായ ചലനങ്ങളും ഭാവഭേദങ്ങളുമെല്ലാം സശ്രദ്ധം നോക്കിക്കൊണ്ടിരിക്കുന്ന ഗൃധ്രനേത്രങ്ങളാണു് മക്കൾക്കുള്ളതെന്നു് മാതാപിതാക്കന്മാർ മനസ്സിലാക്കട്ടെ. കണ്ടതെല്ലാം അനുകരിക്കുക എന്നല്ലാതെ ഈ വിഷയത്തിൽ ന്യായാന്യായവിവേചനത്തിനു് മക്കൾ പ്രാപ്തരല്ലല്ലോ. തന്നിമിത്തം മാതാപിതാക്കന്മാർ ഇക്കാര്യത്തിൽ പ്രത്യേകം നിഷ്കർഷയുള്ളവരായിരിക്കണം. സന്താനങ്ങളെ സുപഥത്തിൽ നയിക്കുന്നതിനായി ദുർമ്മാർഗ്ഗചാരികളായ മാതാപിതാക്കന്മാർ ചെയ്യുന്ന എത്ര വലിയ ഉപദേശപ്രയത്നവും ശ്വാവിന്റെ വാൽ കുഴലിലിട്ടു് നിവർത്തുവാൻ ഉദ്യമിക്കുന്നതിനു തുല്യം നിഷ്ഫലമായിത്തീരുകയേ ഉള്ളൂ. മക്കൾ നല്ലവരായിത്തീരണമെന്നു് ആഗ്രഹിക്കുന്ന മാതാപിതാക്കന്മാർ എല്ലാററിലും അവർക്കു നല്ല ദൃഷ്ടാന്തം നൽകേണ്ടതു് അത്യാവശ്യമാണു്.

പ്രഭാഷണം

# മാതൃകാദീപം

"ദൈവം രണ്ടു മഹാദീപങ്ങൾ നിർമ്മിച്ചു; വലിയ ദീപം പകലിനെ പ്രകാശിപ്പിക്കുവാനും ചെറിയ ദീപം രാത്രിയെ പ്രകാശിപ്പിക്കുവാനും" (സൃഷ്ടി 1-16)

"നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു" എന്നുള്ള വാക്യം മാതാപിതാക്കന്മാരേയും കുടുംബത്തേയും സംബന്ധിച്ചു് കൂടുതൽ അന്വർത്ഥമാണു്, കാരണം അവർ പ്രത്യേകമായ വിധത്തിൽ കുടുംബത്തിലെ ദീപങ്ങളായി പ്രശോഭിക്കേണ്ടവരാണു്. സൂര്യനും ചന്ദ്രനും ലോകത്തെ പ്രകാശിപ്പിക്കുന്നതുപോലെ അപ്പനും അമ്മയും കുടുംബത്തെ പ്രകാശപ്രചുരിമയിൽ ആറാടിക്കട്ടെ. എന്നാൽ പല മാതാപിതാക്കന്മാരും കുടുംബങ്ങളിൽ പ്രതിഷ്ഠിക്കുന്ന മാതൃകാദീപം മങ്ങിയതും മിന്നിമിന്നി മാത്രം പ്രകാശിക്കുന്നതും, പുകയും കരിയും പിടിച്ചതും, ചിലപ്പോൾ നിശ്ശേഷം കെട്ടുപോയതുമല്ലയോ എന്നു സ്വയം പരിശോധിച്ചുനോക്കട്ടെ. അവരുടെ സന്മാതൃകയാകുന്ന ദീപം പറയുടെ ചുവട്ടിൽ മൂടിവെക്കാതെ വിളക്കുതണ്ടിന്മേൽതന്നെ പ്രശോഭിക്കട്ടെ. അതിനുള്ള കടമയും അവർക്കുണ്ടു്. ചില പിതാക്കൾ വീടുകളിൽ ജീവിക്കുന്നതു് ഹോട്ടലിൽ ഉണ്ടു താമസിക്കുന്നവരെപ്പോലെയാണു്. ഹോട്ടൽ നിവാസികൾ ഭക്ഷണനേരങ്ങളിലെല്ലാം ഹോട്ടലിൽ വരുന്നു; തയ്യാറാക്കപ്പെട്ടിരിക്കുന്ന ഭക്ഷണം കഴിച്ചു പോകുന്നു; ദിവസംതോറുമോ മാസംതോറുമോ നിശ്ചയിക്കപ്പെട്ട സംഖ്യ ഹോട്ടൽ മാനേജർക്കു കൊടുക്കുന്നു. ഇതാണു ഹോട്ടൽ ജീവിതം; ഇതിൽ കൂടുതലായ മമതാബന്ധം ആ ഹോട്ടലുമായി അവർക്കുണ്ടാകണമെന്നില്ല. ഇതുപോലെതന്നെ ചില പിതാക്കൾ അതാതു നേരങ്ങളിൽ വീട്ടിൽ വന്നു് ഭക്ഷണം കഴിച്ചുപോകുന്നു; ശമ്പളമോ കൂലിയോ കിട്ടുന്നതു് ഭാര്യയെ ഏല്പിക്കുന്നു. കുടുംബത്തെ സ്നേഹിക്കയും മക്കളെ പരിലാളിക്കയും പരിരക്ഷിക്കയും അവർക്കു സന്മാതൃകയും സദുപദേശവും മററും നല്കുകയും അവരുടെ ലൗകികവും ആദ്ധ്യാത്മികവുമായ കാര്യങ്ങളിൽ ശ്രദ്ധപതിക്കയും ചെയ്യാതെ ആത്മാരാമന്മാരായി കഴിഞ്ഞുകൂടുന്നവർ വീടുകളിൽ ഹോട്ടൽജീവിതമല്ലേ നയിക്കുന്നതു്? പ്രഭാതംമുതൽ പ്രദോഷംവരെയും ജോലിത്തിരക്കുണ്ടായാൽതന്നേയും കളത്രപുത്രാദികളുമായി സല്ലപിക്കുന്നതിനും സ്നേഹപരിലാളനകൾ പ്രകടിപ്പിക്കുന്നതിനും സന്മാതൃകയും സദുപദേശങ്ങളും മററും മക്കൾക്കു നല്കുന്നതിനും ഉള്ള സമയം എങ്ങനെയെങ്കിലും കണ്ടെത്തിയേ കഴിയൂ. കാരണം, അതാണു് കുടുംബജീവിതം.

ചില കാര്യങ്ങൾമാത്രം പ്രായോഗികമായി ചിന്തിച്ചുനോക്കാം. ഗുരുനാഥൻ ജോസിനോടു ചോദിക്കുന്നു: "ജോസേ, നീ കുറെ നാളായി ജോർജിന്റെ വീട്ടിലേക്കു പോകാറില്ലെന്നു കേട്ടല്ലോ; അതു ശരിയാണോ?" ജോസ്: "അതെ സാർ. ഞാൻ അവന്റെ വീട്ടിൽ കാലെടുത്തുകുത്തില്ല." ഗുരു: "എന്താ കാരണം, ജോസേ?" ജോസ്: "അപ്പൻ പറഞ്ഞിട്ടുണ്ടു് അങ്ങോട്ടു പോകരുതെന്നു്." ഗുരു: "ഉം, അതെന്താ?" ജോസ്: "എന്റെ വീട്ടുകാരും ജോർജിന്റെ വീട്ടുകാരും തമ്മിൽ വഴക്കാണെന്നു അപ്പൻ പറഞ്ഞു"! .. കുടുംബങ്ങൾ തമ്മിലുള്ള വിദ്വേഷവിഷം എപ്രകാരം മാതാപിതാക്കന്മാർതന്നെ പിഞ്ചുമക്കളിൽ കുത്തിവെക്കുന്നുവെന്നു നോക്കുക! ഇതാണോ സന്മാതൃക? അയൽവീട്ടുകാരോ, ബന്ധുവീട്ടുകാരോ, സ്വസഹോദരകുടുംബക്കാരോ തമ്മിലുള്ള രസക്കേടുകൾ സ്വസന്താനങ്ങളുടെ മുമ്പിൽ കോപാവേശത്തോടെ ഒരിക്കലും പറയാതിരിപ്പാൻ ശ്രദ്ധിക്കണം. കാരണം അവരുടെ പിഞ്ചുകർണ്ണങ്ങൾ വളരെ ശ്രദ്ധയോടെ അവ കേൾക്കും; കേട്ടവയെ അനുകരിക്കയും ചെയ്യും. ഭക്ഷ്യപേയങ്ങളിലുള്ള അമിതമായ ആസക്തിയും, പ്രത്യേകിച്ചു് മദ്യപാനവും, സ്വസന്താനങ്ങൾക്കു ഒരിക്കലും നല്ല ദൃഷ്ടാന്തമല്ല നല്കുന്നതു്. അപ്പൻ കുടിയനാണെങ്കിൽ മകൻ മുക്കുടിയനായിത്തീരുവാൻ എളുപ്പമില്ലേ? ഭാര്യാഭർത്താക്കന്മാർക്കു് അനുവദിക്കപ്പെട്ടിട്ടുള്ള പ്രേമപ്രകടനങ്ങളായാലും കുട്ടികളുടെ ദൃഷ്ടിയിൽ അവയെ അനുവർത്തിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധിക്കണം. മാതാപിതാക്കന്മാർ തമ്മിലുള്ള കോപപ്രകടനങ്ങൾ, ചിലപ്പോൾ പ്രഹരങ്ങൾ, അസഭ്യവാക്കുകൾ, ശാപോച്ചാരണങ്ങൾ എന്നിവയാൽ മുഖരിതമായ ഒരു കുടുംബാന്തരീക്ഷത്തിൽ മക്കൾക്കു് എങ്ങനെ സന്മാതൃക ലഭിക്കും? ഇതിന്റെയെല്ലാം അനുകരണഫലങ്ങൾ മക്കളിൽനിന്നു് പൊടിപ്പുറപ്പെടാതിരിക്കുമോ? മാതാപിതാക്കന്മാർ ദുർദൃഷ്ടാന്തം നല്കരുതെന്നുമാത്രമല്ല, പ്രത്യക്ഷമായ സന്മാതൃകയും നല്കേണ്ടതാണു്. കുടുംബത്തിലെ പ്രാർത്ഥനകൾ, മററു ഭക്തകൃത്യാനുഷ്ഠാനങ്ങൾ, അനുദിന ദിവ്യപൂജ, തിരുഹൃദയക്കുമ്പസാരം തുടങ്ങിയവയിൽ കണിശമായും ഭക്തിപൂർവ്വവും സംബന്ധിച്ചുകൊണ്ടു് അവർ മാതൃക നല്കട്ടെ ഈ കാര്യങ്ങളിൽ യാതൊരു ശ്രദ്ധയുമില്ലാത്ത മാതാപിതാക്കന്മാരുടെ കുട്ടികൾ അവരെപ്പോലെതന്നെയായിത്തീരുന്നതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. മടിയും വൃഥാഭാഷണവും സുഖലോലുപതയും പ്രകടിപ്പിക്കാതെ എപ്പോഴും അദ്ധ്വാനശീലന്മാരും സമയം വൃഥാ കളയാത്തവരുമായിരിപ്പാൻ മാതാപിതാക്കന്മാർ ശ്രദ്ധിക്കട്ടെ. അപ്പോൾ മക്കളും അവരെ അനുകരിക്കും. അമ്മയോ മൂത്തമകനോ അപ്പനെ അനുസരിക്കാതെ ധിക്കാരവാക്കുകൾ പറയുന്നുവെങ്കിൽ താഴെയുള്ള മക്കൾക്കു് എങ്ങനെ അനുസരണത്തിന്റെ മാതൃക ലഭിക്കും? നോയമ്പും ഉപവാസവും കൃത്യമായി ആചരിക്കുന്നതിനുപുറമെ ഭക്ഷണകാര്യങ്ങളിലും സുഖസൗകര്യങ്ങളിലും ചില ത്യാഗാനുഷ്ഠാനങ്ങൾ മാതാപിതാക്കന്മാർ കാണിച്ചുകൊടുക്കട്ടെ. ഇതരന്മാരുടെ സുഖത്തിനുവേണ്ടി സ്വന്തം സൗകര്യങ്ങൾ ബലികഴിക്കാനുള്ള സന്നദ്ധതയും അവർ പ്രകടമാക്കട്ടെ. സർവ്വോപരി ദാനധർമ്മത്തിന്റെയും സാധുസംരക്ഷണത്തിന്റെയും മാതൃകാധ്വജം അവർ ഉയർത്തിപ്പിടിക്കട്ടെ. അപ്പോൾ മക്കൾ സദ്വൃത്തരായിത്തീരും; "അവർ എഴുന്നേററുനിന്നു നിങ്ങളെ ഭാഗ്യവാന്മാരെന്നു പ്രകീർത്തിക്കയും ചെയ്യും." (Prov. XXXI-28)

(ജെ. ചെമ്മണ്ണൂർ)


## ചരിത്രചർച്ച

മാർത്തോമ്മാശ്ലീഹാ വന്നതു്; പാലയൂർബ്രാഹ്മണരുടെ മാനസാന്തരകഥ; ആദിമമെത്രാന്മാർ; ക്നായി തോമ്മായുടെ വരവു്; അർക്കദിയാക്കോന്മാരുടെ ഭരണകഥ; ഉദയംപേരൂർ സൂനഹദോസു്; കൂനൻകുരിശുസത്യം, പഴയപുത്തൻകൂറുകളുടെ ഉത്ഭവം; പുത്തൻകൂർ മെത്രാന്മാർ ഒമ്പതു പേരും-നാലിടുക്കാരും, അവരിൽ പകലോമററത്തിന്റെ പ്രയാണങ്ങളും; ശീമമെത്രാന്മാർ വന്നതു്; നെസ്തോറിയൻ യാക്കോബായ സഭകളുടെ ചരിത്രം; പരശുരാമനും നമ്പൂതിരിമാരും മദ്ധ്യമലയാളകൃതികളും ക്രിസ്ത്യാനികളുടെ സാഹിത്യസേവനവും എല്ലാമുണ്ടു്; ഫാദർ സി. കെ. മററത്തിന്റെ "ചരിത്രചർച്ച" എന്ന പുതിയ ബുക്കിൽ.

ഡാക്ടരന്മാരായ പ്ളാസിഡ്, പി. ജെ. തോമസ്, ശ്രീമാൻ കെ. ഇ. ജോബ് എന്നിവരുടെ തൂലികാവിലാസങ്ങളും. മലയാളത്തുനില്ക്കുന്നവർക്കും മലയാളം വിട്ടവർക്കും അത്യാവശ്യം. മലബാർ കുടിയേററക്കാർക്കു് ഒഴിച്ചുവിടാൻ പാടില്ലാത്തതു്.

ഒന്നാംതരം 2 ക. രണ്ടാംതരം 1 ക. 12 ണ. 230 പേജുകൾ

മാനേജർ

മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം


## കൃതജ്ഞത

ചികിത്സകൊണ്ടു് മാറാത്ത സുഖക്കേടു ഫാത്തിമാമാതാവിന്റെയും വി. ഫിലോമിനപുണ്യവതിയുടെയും, ബ. അൽഫോൻസാമ്മയുടെയും സഹായത്താൽ സുഖമായതിനു് ഉപകാരസ്മരണ.

എന്നു് P. V. M., വൈററില

## പുനരൈക്യ പരിശ്രമങ്ങൾ

ലണ്ടനിലെ "ദി ടൈംസ്" എന്ന പത്രത്തിൽ ഒക്ടോബർ 31-ാം നു- "ഇന്നത്തെ കത്തോലിക്കാമതം" എന്ന പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിക്കപ്പെട്ടു. തിന്മയ്ക്കെതിരായിട്ടുള്ള പോരാട്ടത്തിൽ സഭ നല്കുന്ന ധീരമായ നേതൃത്വത്തെ മുക്തകണ്ഠം പ്രശംസിച്ചശേഷം ക്രിസ്തീയസഭകൾ ഐക്യപ്പെടേണ്ടതിന്റെ ആവശ്യകതയെ പ്രസ്തുതലേഖനം ചൂണ്ടിക്കാണിക്കുകയുണ്ടായി. അതേത്തുടർന്നു രണ്ടാഴ്ചക്കാലത്തേക്കു് ആ വിഷയം സംബന്ധിച്ചുതന്നെ പല അഭിപ്രായങ്ങളും വിവിധലേഖകന്മാർ പ്രകാശിപ്പിക്കുകയുണ്ടായി. 4 ആംഗ്ലിക്കമെത്രാന്മാരും ഒരു കത്തോലിക്കാമെത്രാനും ഏതാനും ഈശോസഭാ വൈദികരും ബനഡിക്ടിൻസഭാ വൈദികരും അർണോൾഡ് ലൺ, റോബർട്ടു സെൻകോർട്ടു് എന്നിവരുൾപ്പെടെ പല കത്തോലിക്കാ ഗ്രന്ഥകാരന്മാരും, കത്തോലിക്കരും പ്രൊട്ടസ്റ്റൻറുകാരുൾപ്പെടെ മററനേകം അൽമേനികളും ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. അവസാനം രംഗപ്രവേശം ചെയ്ത പ്രമുഖവ്യക്തിയാണു് ബ്രൻസുവുഡിലെ സഹായമെത്രാനായ ബിഷപ്പ് ബേക്കു്. അദ്ദേഹം വിശ്വാസസംബന്ധമായ കാര്യങ്ങളിൽ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ നിവൃത്തിയില്ലെന്നു വിശദമാക്കി. സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ സംഗതികളിൽപ്പോലും സംഘടിതപരിശ്രമം പലപ്പോഴും പരാജയത്തിൽ എത്തിച്ചേരുന്നതായിട്ടാണു് തനിക്കനുഭവപ്പെട്ടിട്ടുള്ളതെന്നു അദ്ദേഹം ചൂണ്ടിക്കാണിച്ചു.

## ദൈവത്തിങ്കലേക്കു പിന്തിരിയുക

ലോകം ഏകാധിപത്യത്തെ വെടിഞ്ഞു് ദൈവത്തിങ്കലേക്കു പിന്തിരിയുന്നപക്ഷം ശാശ്വതമായ സമാധാനം ഉണ്ടാകുമെന്നാണു് അമേരിക്കൻ പ്രസിഡണ്ടു് ട്രൂമൻ, ലോകമഹായുദ്ധത്തിൽ പരേതരായവരുടെ സ്മരണയ്ക്കായി വാഷിംഗ്ടണിൽ ഡിസംബർ 21-ാം നു- നടത്തപ്പെട്ട ശുശ്രൂഷാവസരത്തിൽ പ്രസ്താവിച്ചതു്. "ലോകത്തിലെങ്ങും മനുഷ്യർ സ്വയംഭരണവും തന്റെ ദൈവവുമായി സൗഹാർദ്ദവും നേടുന്നപക്ഷം യുദ്ധത്തെപ്പററിയുള്ള നിരന്തരഭീതിയാൽ സമാധാനം പേടിച്ചു വിറയ്ക്കേണ്ടിവരില്ല" എന്നദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

## ചാത്യാത്തു്

"എൽ. എം. സി. കോൺവെന്റ് ഗേൾസ് ഹൈസ്കൂൾ, ചാത്യാത്തു്, എറണാകുളം" എന്ന വിദ്യാലയത്തിന്റെ പേരു് "എൽ. എം. സി. ഹൈസ്കൂൾ ഫോർ ഗേൾസ്, എറണാകുളം" എന്നു മാററുന്നതിനു ഐക്യസംസ്ഥാന വിദ്യാഭ്യാസ ഡിറക്ടർ അനുമതി നൽകിയിരിക്കുന്നു.

# ഫാത്തിമായിലെ കുട്ടികൾ *

അദ്ധ്യായം 7

## പരീക്ഷണഘട്ടം

സ്വർഗ്ഗീയസന്ദർശകയുടെ ദർശനം അവർ നിഷേധിക്കയില്ലെന്നു തീർച്ചയായപ്പോൾ മേയർ അവരെ ജയിലിലടക്കുവാൻ തീരുമാനിച്ചു. ഇനിയും അതേ ശാഠ്യംതന്നെ തുടരുന്നപക്ഷം അവക്കു കൂടുതൽ ശിക്ഷകളുണ്ടാകുമെന്നും അറിയിച്ചു.

"ഇത്തരം വികൃതിക്കുട്ടികളോടു് ഇതുപോലെ തന്നെ പെരുമാറണം. വേഗം കടക്കു ജയിലിനുള്ളിൽ." മേയർ കല്പിച്ചു.

മേയർ ഒരു ജയിൽമുറിയുടെ മുമ്പിൽ നിന്നു. പ്രാകൃതമായ മുഖഭാവത്തോടും നീണ്ട താടിമീശയോടുംകൂടിയ തടവുകാർ അതിനകത്തുകിടന്നിരുന്നു. ഇതെല്ലാം കണ്ടു സംഭ്രമത്തോടെ കുട്ടികൾ പരസ്പരം മിഴിച്ചുനോക്കി.

"നമുക്കു കൂട്ടുകാരെ കിട്ടിപ്പോയി." ജയിൽവാതിൽ തുറന്നപ്പോൾ ഒരു തടവുപുള്ളി ആർത്തുവിളിച്ചു.



"എന്തു കൂട്ടുകാരപ്പാ? ഇതു കൊച്ചുകുട്ടികളാണല്ലോ." അവൻ തുടന്നു.

"എന്നു തുടങ്ങി, കൊച്ചുകുഞ്ഞുങ്ങളെ ഇങ്ങോട്ടയക്കാൻ?" മറ്റൊരുത്തൻ പരിഹസിച്ചു.

"ഇവർ പാക്കററടിക്കാരാണു്. നല്ല സാമർത്ഥ്യമുള്ളവർ. ഈ ചെറുക്കനെ ഞാനറിയും." വേറൊരുത്തൻ പറഞ്ഞു.

"അങ്ങനെവരട്ടെ! ജൂണിലെ പെരുന്നാളിനു് ഈ പെൺകുട്ടികളിലൊരുത്തിയെ ഞാൻ കണ്ടതായി ഓക്കുന്നു. വരു കുഞ്ഞുങ്ങളേ, നിങ്ങളെ അവരെങ്ങനെ പിടികൂടിയെന്നു പറയു."

"അതേ, പറയു കുട്ടികളേ, നമ്മളിപ്പോൾ കൂട്ടുകാരായില്ലേ?"

തടവുകാർ ഉറക്കെച്ചിരിച്ചു. ഒരു നിമിഷനേരത്തേക്കു കുട്ടികൾ അത്ഭുതമൂകരായി വാതിലിന്നരികേ നിന്നു.

അനന്തരം ലൂസി ധൈര്യമവലംബിച്ചു് അവരോടു സംസാരിച്ചു: "ഞാനോ മററു രണ്ടുപേരുമോ പാക്കററടിക്കാരല്ല. മറേറതെങ്കിലും കുററം ചെയ്തിട്ടുള്ളവരുമല്ല. ഞങ്ങൾ നാട്ടുംപുറത്തുനിന്നു വരുന്നവരാണു്. സ്വർഗ്ഗത്തിൽനിന്നും വന്ന ഒരു സ്ത്രീയെ ഞങ്ങൾ മൂന്നുപ്രാവശ്യം കണ്ടു. അവർ ഇന്നും പ്രത്യക്ഷയാകുമെന്നു പറഞ്ഞിട്ടുണ്ടു്. ഓരോ സന്ദർശനവേളയിലും, ഭക്തിപൂർവ്വം പാപികൾക്കുവേണ്ടി ജപമാലയെത്തിക്കയും ത്യാഗങ്ങളനുഷ്ഠിക്കയും ചെയ്യണമെന്നു പറഞ്ഞിട്ടുണ്ടു്. ഒരു രഹസ്യവും പറഞ്ഞു. പക്ഷേ അന്യരോടു് അതു് ഇപ്പോൾ പറയാൻപാടില്ല."

തടവുകാർ അത്ഭുതത്തോടെ തുറിച്ചുനോക്കി. ഒരുത്തൻ ലൂസിയുടെ നേരെ വിരൽചൂണ്ടിക്കൊണ്ടു പറഞ്ഞു:—"പെണ്ണേ, മേയറിനെ ദേഷ്യപ്പെടുത്തരുതു്, കേട്ടോ. അദ്ദേഹത്തിൽനിന്നും നിങ്ങൾക്കു വളരെ ഉപദ്രവങ്ങളുണ്ടാകും."

"അതെ, സ്വർഗ്ഗത്തിലെ കാര്യങ്ങളൊന്നും അദ്ദേഹത്തോടു പറയേണ്ടാ. വേറെവല്ല കഥകളുമുണ്ടെങ്കിൽ പറഞ്ഞോളൂ." വേറൊരാൾ പറഞ്ഞു.

അസ്വസ്ഥയായി കൈകൾ തമ്മിലുരുമ്മിക്കൊണ്ടു ജസിന്ത പറഞ്ഞു:—"ഞങ്ങൾ യാതൊരു കഥയും കെട്ടിച്ചമയ്ക്കുന്നില്ല."

"മേയർ എന്നെന്നേക്കുമായി ഞങ്ങളെ ഇവിടെ കിടത്തിയാലും ശരി, സ്ത്രീയെക്കണ്ടില്ലെന്നു പറയാൻ ഞങ്ങൾക്കു് ഒരിക്കലും സാദ്ധ്യമല്ല." ഫ്രാൻസിസ് ഉടനെ പറഞ്ഞു.

കുട്ടികളുടെ നിഷ്കളങ്കവും സുധീരവുമായ സംഭാഷണവും സഹനസന്നദ്ധതയും തടവുകാരുടെ ഹൃദയങ്ങളെ സ്പർശിച്ചു. ആ ഭയങ്കരസ്ഥലത്തു് ഒരു നവോന്മേഷവും സന്തുഷ്ടിയും വീശിയതുപോലെ അവക്കു തോന്നി.

ജസിന്ത അവളുടെ കഴുത്തിൽനിന്നും ഒരു കാശുരൂപം ഊരിയെടുത്തു്, ഭിത്തിയിൽ ഒരു ആണിതറച്ചു് അതു തൂക്കുവാൻ തടവുകാരിലൊരുത്തനോടാവശ്യപ്പെട്ടു. അയാൾ ഏററവും സന്തോഷത്തോടുകൂടെ ആ കൃത്യം നിർവ്വഹിച്ചു.

"എന്തുകൊണ്ടാണു് ആ കാശുരൂപം കഴുത്തിൽത്തന്നെ ഇടാത്തതു്?" അയാൾ സകൗതുകം ചോദിച്ചു.

"ഇപ്പോൾ ഉച്ചയായിക്കാണും. ഞങ്ങൾ കോവയിലായിരുന്നെങ്കിൽ സ്ത്രീ ഇപ്പോൾ ഞങ്ങളോടു സംസാരിക്കയും കൊന്തയെത്തിക്കണമെന്നാവശ്യപ്പെടുകയും ചെയ്യുമായിരുന്നു. ഒരുപക്ഷേ ഞങ്ങൾ ഈ കാശുരൂപത്തിന്റെ മുമ്പിൽ പ്രാർത്ഥിച്ചാലും സ്ത്രീക്കു് അതു കേൾക്കാൻ കഴിഞ്ഞേക്കാം." ജസിന്ത വിശദീകരിച്ചു.

അവൾ ഉടൻതന്നെ മുട്ടുകുത്തി കരങ്ങൾകൂപ്പി കാശുരൂപത്തിനു നേരെ ദൃഷ്ടികളുയർത്തി പ്രാർത്ഥിക്കാൻതുടങ്ങി. ലൂസിയും ഫ്രാൻസിസും ഏതാനും തടവുകാരും അവളെ അനുകരിച്ചു. അങ്ങനെ അസാധാരണമാംവണ്ണം ഇടകലർന്ന ഒരു സ്വരം ആ തടവുമുറിയിൽ മാറെറാലിക്കൊണ്ടു. പ്രാർത്ഥനയിൽ പങ്കെടുക്കാതിരുന്നവർപോലും ആദരപൂർവ്വം അതു ശ്രദ്ധിച്ചുകൊണ്ടിരുന്നു. ആ കൊച്ചുകുട്ടികൾ ക്രൂരരായ തടവുകാരുടെമേൽ ഏതോ ഒരു ദിവ്യമന്ത്രം പ്രയോഗിച്ചു് അവരെ വശീകരിച്ചതുപോലെ കാണപ്പെട്ടു. ഇവർ അസാധാരണകുട്ടികൾ തന്നെയെന്നു് അവർ സമ്മതിച്ചു. ദിവസവും കൊന്തയെത്തിക്കണമെന്നും, അതുവഴിയായി പാപം നിറഞ്ഞ ലോകത്തിന്റെ മേലുള്ള ദൈവകോപം ശമിക്കുമെന്നും സ്വർഗ്ഗരാജ്ഞി കുട്ടികളോടു പറഞ്ഞതു് അവർ പൂർണ്ണമായി വിശ്വസിച്ചു.

കുറേക്കഴിഞ്ഞു മേയർ തിരിച്ചുവന്നു നോക്കിയപ്പോൾ നിരാശകൊണ്ടു് അയാൾ മതിമറന്നുപോയി. സ്ത്രീയുടെ ദർശനത്തെ നിഷേധിക്കാൻ അണുപോലും സമ്മതിക്കാതെ കുട്ടികൾ അവരുടെ വിശ്വാസത്തിൽ പഴയപടി ഉറച്ചുതന്നെ നില്ക്കുന്നു. അതു മാത്രമോ? തടവുകാരിൽ പലരെയും അവർ കൂട്ടുകാരാക്കിക്കളകയും ചെയ്തു. നേരംപോക്കിനുവേണ്ടി ജസിന്ത അവരിലൊരാളുമായി നൃത്തംചെയ്യപോലുമുണ്ടായി.

"ഇതു് ഇപ്പോൾത്തന്നെ ഞാൻ നിറുത്തിയേക്കാം." മേയർ ചീറി. നിങ്ങളെ എന്റെകൂടെ താമസിപ്പിച്ചാൽ നിങ്ങൾ ഇത്രയധികം തന്റേടം കാണിക്കയില്ല."

മേയറുടെ വസതിയിൽ ഒരു വലിയ ഇരുട്ടുമുറിയിൽ കുട്ടികൾ അടക്കപ്പെട്ടു.

"എന്താണാവോ അയാൾ ചെയ്യാൻ പോകുന്നതു്?" ഫ്രാൻസിസ് ഭയത്തോടെ ചോദിച്ചു.

ലൂസി തലകുലുക്കി:- "എനിക്കറിഞ്ഞുകൂടാ. പക്ഷേ അയാൾ നമ്മെ തല്ലിയേക്കും."

"അങ്ങനെയെങ്കിൽ, പാപികൾക്കുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കുമ്പോൾ ചൊല്ലുവാൻ സ്ത്രീ പഠിപ്പിച്ച ആ പ്രാർത്ഥന നാം ഓക്കണം. നമുക്കു് ഇപ്പോൾത്തന്നെ അതു ചൊല്ലാം." ജസിന്ത നിർദ്ദേശിച്ചു.

അതനുസരിച്ചു കുട്ടികൾ മുട്ടുകുത്തി.

"ഓ, ഈശോ, അവിടുത്തെ നേരെയുള്ള സ്നേഹത്തിനായും, പാപികളുടെ മാനസാന്തരത്തിനായും, മറിയത്തിന്റെ വിമലഹൃദയത്തോടു ചെയ്യപ്പെടുന്ന ദ്രോഹങ്ങൾക്കു പരിഹാരമായും ഇതു ഞാൻ അവിടുത്തേക്കു സമർപ്പിക്കുന്നു" എന്ന പരിചിതമായ പ്രാർത്ഥന ചൊല്ലി.

പക്ഷേ അവർ പ്രതീക്ഷിച്ചതുപോലെ മേയറല്ല വന്നതു്; അയാളുടെ ഗുണവതിയായ ഭാര്യയായിരുന്നു. ആ സ്ത്രീ ഭക്ഷണപാനീയങ്ങൾ കൊണ്ടുവന്നു കൊടുത്തു് മാതൃനിർവിശേഷം ആ കൊച്ചുതടവുകാരെ ആശ്വസിപ്പിച്ചു.

"ഈ രാത്രി മുഴുവൻ ഞങ്ങൾ ഇവിടെ കിടക്കേണ്ടിവരുമോ?" ജസിന്ത ചോദിച്ചു.

"വേണ്ടിവന്നേക്കുമെന്നു ഞാൻ ഭയപ്പെടുന്നു കുഞ്ഞേ?"

"നാളെ പകലും?"

"മിക്കവാറും."


"മറെറന്നാളും?"

"എന്നു് എനിക്കു തോന്നുന്നു."

ഇതു് തീരെ നിരാശാജനകമായ ഒരു വാർത്തയായി അവക്കുതോന്നി. വീട്ടിൽ നിന്നകന്നു് അമ്മയെ കാണാതെ എങ്ങനെയാണു് രണ്ടു ദിവസം മുഴുവൻ കഴിച്ചുകൂട്ടുക! കൊച്ചു ജസിന്തക്കു കരച്ചിൽ അടക്കാൻ കഴിയാതെയായി.

പക്ഷേ, രണ്ടും മൂന്നുമല്ല, ദിവസങ്ങൾ നാലു കഴിഞ്ഞിട്ടും അവർ ആ മുറിയിൽ തന്നെ കിടക്കേണ്ടിവന്നു.

"നമ്മെ ഇനിയൊരിക്കലും വീട്ടുകാണിക്കയില്ലായിരിക്കുമോ?" ജസിന്ത



"അസാധാരണമായ ഒരു സ്വരം ആ തടവുമുറിയിൽ മാറെറാലിക്കൊണ്ടു."

തേങ്ങിക്കരഞ്ഞുകൊണ്ടു പറഞ്ഞു. "നമ്മെ എന്തു ചെയ്യുമായിരിക്കും ലൂസീ? ഇത്രയായിട്ടും നമ്മെ അന്വേഷിച്ചു് ആരും വരാത്തതെന്താണു്?"

ലൂസി മിണ്ടിയില്ല. അവരുടെ കള്ളക്കഥകളും മററുംകൊണ്ടു് വീട്ടുകാർ അവമാനം സഹിക്കവയ്യാതെ അവരെ വെറുത്തിരിക്കയാണെന്നും ഫാത്തിമായിൽ അവരോടു സഹതാപം തോന്നുന്നവരാരുമില്ലെന്നും, അതുകൊണ്ടാണു് അവരെ അന്വേഷിച്ചു് ആരും വരാത്തതെന്നും മേയർ അവരോടു പറഞ്ഞിട്ടുണ്ടായിരുന്നു.

"മേയർ ഞങ്ങളെ പേടിപ്പിക്കാനായിരിക്കും ഇങ്ങനെ പറഞ്ഞതു്. നാളെ വീട്ടിൽനിന്നും ആരെങ്കിലും വന്നേക്കാം." അവൾ വിചാരിച്ചുകൊണ്ടിരുന്നു.

"എന്താണു് ആരും വരാത്തതെന്നു് എനിക്കറിഞ്ഞുകൂടാ. ഏതായാലും ഈ ത്യാഗം നമുക്കു് പാപികളുടെ മാനസാന്തരത്തിനായി സമർപ്പിക്കാം. അതു നിങ്ങൾക്കും സമ്മതമാണല്ലോ." ഒടുവിൽ ലൂസി ജസിന്തയോടു പറഞ്ഞു.

"അതെ, നമുക്കുണ്ടായ നരകദർശനത്തെപ്പററി ചിന്തിക്കു ജസിന്തേ! നാം കൂടുതൽ കഷ്ടതകൾ സഹിക്കേണ്ടിവരുമെന്നു സ്ത്രീ പറഞ്ഞതും ഓർക്കുക." ഫ്രാൻസിസ് പറഞ്ഞു.

ജസിന്ത കൂപ്പുകൈയോടുകൂടി, "ഈ ത്യാഗം സമർപ്പിക്കാൻ ഞാൻ ഹൃദയപൂർവ്വം ആഗ്രഹിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് സമർപ്പണജപം ചൊല്ലി.

ജയിൽവാസത്തിന്റെ അഞ്ചാം ദിവസം കോപവെറിപൂണ്ട മേയർ നിനച്ചിരിയാതെ തടവുമുറിയിൽ ചാടിക്കയറിച്ചെന്നു. കുട്ടികൾ നിരുന്മേഷരായി ജനലിന്നരികെ ഇരിക്കയായിരുന്നു.

മേയർ ഗർജ്ജിച്ചു:- "സ്ത്രീയെക്കുറിച്ചുള്ള യാഥാർത്ഥ്യം എന്നോടു പറയുക, അല്ലാത്തപക്ഷം നിങ്ങളെ ഓരോരുത്തരെയായി തിളച്ച എണ്ണയിൽ ഇട്ടു ഞാൻ വറുക്കും."

കോപകലുഷമായ മുഖത്തോടെ ആ മനുഷ്യൻ പാഞ്ഞടുത്തപ്പോൾ കുട്ടികൾ പേടിച്ചു പിന്നോക്കം മാറി.

"സർ, ഞങ്ങൾ സത്യമെല്ലാം അങ്ങയോടു തുറന്നു പറഞ്ഞല്ലോ."

"സത്യം! നിങ്ങളുടെ അസംബന്ധങ്ങളെല്ലാം ഞാൻ മതിയാവോളം കേട്ടു. അടുപ്പിൽ ഒരു പാത്രത്തിൽ എണ്ണ തിളച്ചുമറിയുന്നുണ്ടു് നിങ്ങളെ വറുക്കാൻ. ഫ്രാൻസിസ്, വേഗം പറഞ്ഞുകൊള്ളു. സ്ത്രീ നിങ്ങളോടു പറഞ്ഞ രഹസ്യമെന്താണു്?"

ഒൻപതു വയസ്സുമാത്രം പ്രായമുള്ള ആ കുട്ടി ഭയന്നുവിറച്ചുകൊണ്ടു പറഞ്ഞു:- "എനിക്കു് അതു പറയുവാൻ നിവൃത്തിയില്ല സർ!"

"നിനക്കു നിവൃത്തിയില്ലേ? എന്നാൽ കണ്ടുകൊള്ളു. വരു വേഗം അടുക്കളയിലേക്കു്." മേയർ ഫ്രാൻസിസിനെ പിടലിക്കു കുത്തിപ്പിടിച്ചുകൊണ്ടു പോകുന്നതു കണ്ടപ്പോൾ ജസിന്ത സംഭ്രമത്തോടെ നെടുവീർപ്പിട്ടു. അവളുടെ മുഖം വിളറി. ശരീരം മരവിച്ചു.

"ഓ! ലൂസീ, നമ്മളെന്താണു് ചെയ്യു?" അവർ വിലപിച്ചു.

ലൂസി മറുപടിയൊന്നും പറഞ്ഞില്ല. തിളച്ച എണ്ണയിൽ കിടന്നുകൊണ്ടുള്ള ഫ്രാൻസിസിന്റെ ദീനരോദനം കേൾക്കുവാൻ അവൾ കാതുനില്ക്കുകയായിരുന്നു. ഏതാനും നിമിഷങ്ങൾ കഴിഞ്ഞു. എല്ലാം നിശ്ശബ്ദമായി. മേയർ വാ

* Rights reserved to Chev. Joseph Thaliath.



# ബോസ്കോ ബാലരംഗം

പ്രയത്നം പ്രാർത്ഥന പ്രസന്നത

## Bosco Children's Club (ബി. സി. സി.)

## 14. ആഗമനപ്രഖ്യാപനം

"പീനപ്രകാശത്തോടു ഗൗറിയേലാം
വാനത്തിലേ മുഖ്യരിലേകനപ്പോൾ
ആ നല്ല കന്യാമണിതൻ സമീപ-
ത്താനന്ദമോത്താഗതനായ് കഥിച്ചു."

പ്രിയ കുഞ്ഞുങ്ങളേ,

രക്ഷണീയമഹാനാടകത്തിലെ കഥാപാത്രങ്ങളെല്ലാം അണിയറയിൽ തയാറായിക്കഴിഞ്ഞു. അപ്പോഴിതാ ഗൗറിയേൽ മാലാഖാ സൂത്രധാരനായി രംഗപ്രവേശം ചെയ്തു് നാന്ദിഗീതി ആരംഭിക്കുന്നു. വി. ലൂക്കാസുവിശേഷകൻ തന്നെ ആ രംഗം വർണ്ണിക്കട്ടെ.

"ആറാം മാസത്തിലോ ഗൗറിയേൽദൂതൻ ദൈവത്തിന്റെ അടുക്കൽനിന്നു് ഗ്ലീലായിൽ നസ്രസു എന്നു പേരുള്ള പട്ടണത്തിൽ ദാവീദിന്റെ ഗോത്രത്തിൽപെട്ട യൗസേപ്പു എന്നു പേരുള്ള ഒരു പുരുഷനോടു വിവാഹം ചെയ്യപ്പെട്ടിരുന്ന കന്യകയുടെ അടുക്കലേക്കു് അയക്കപ്പെട്ടു. ആ കന്യകയുടെ പേരാകട്ടെ മറിയം എന്നായിരുന്നു. ദൂതൻ അവളുടെ അടുക്കൽ പ്രവേശിച്ചു് അവളോടു്: നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളേ, ഞങ്ങളുടെ കർത്താവു നിന്നോടുകൂടെ എന്നു പറഞ്ഞു. എന്നാൽ അവൾ അവനെ കണ്ടപ്പോൾ അവന്റെ വാക്കുമൂലം കലങ്ങി. ഈ സ്വസ്തി എന്താകുന്നുവെന്നു അവൾ വിചാരിച്ചിരുന്നു.

"അപ്പോൾ ദൂതൻ അവളോടു പറഞ്ഞു: മറിയമേ, നീ ഭയപ്പെടേണ്ട. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അടുക്കൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു. എന്തെന്നാൽ, ഇതാ! നീ ഗർഭം ധരിച്ചു്, പുത്രനെ പ്രസവിക്കും. അവനു ഈശോ എന്നു നീ പേർ വിളിക്കണം. ഇവൻ വലിയവൻ ആയിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവു അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിനു അതിർത്തിയുണ്ടാകയുമില്ല.

"മറിയം ദൂതനോടു്: പുരുഷൻ എനിക്കു അറിയപ്പെടാത്തവനായിരിക്കയാൽ ഇതു എങ്ങനെ സംഭവിക്കും എന്നു ചോദിക്കുന്നു. ദൂതൻ ഉത്തരമായി അവളോടു പറഞ്ഞു: പരിശുദ്ധാത്മാവു വരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ഇതിനാൽ നിന്നിൽനിന്നു പിറക്കുന്നവൻ പരിശുദ്ധനാകുന്നു, ദൈവത്തിന്റെ പുത്രൻ എന്നു അവൻ വിളിക്കപ്പെടുകയും ചെയ്യും. ഇതാ! നിന്റെ ചാർച്ചക്കാരിയായ ഏലീശ്വായും അവളുടെ വാർദ്ധക്യത്തിൽ ഒരു പുത്രനെ ഗർഭംധരിച്ചിരിക്കുന്നു. മച്ചി എന്നു വിളിക്കപ്പെടുന്ന അവൾക്കു ഇതു ആറാംമാസമാകുന്നു. ദൈവത്തിനു ഒരുകാര്യവും പ്രയാസമുള്ളതല്ലല്ലോ.

"മറിയം പറയുന്നു: ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ. അപ്പോൾ ദൂതൻ അവളുടെ അടുക്കൽനിന്നു പോയി." (ലൂക്കാ 1, 26-38)

സുപ്രസിദ്ധചിത്രകാരനായ ആൻഡ്റെയാ ഡെല്ലാറോബീയാ എഴുതിയിട്ടുള്ള മേൽ പ്രസ്താവിച്ച മംഗളസന്ദേശരംഗത്തിന്റെ ഒരു പടം വിശ്വവിഖ്യാതമായിട്ടുണ്ടു്. സന്ദേശം നൽകിയശേഷം പരിശുദ്ധ കന്യകാമറിയത്തിന്റെ സമ്മതം പ്രതീക്ഷിച്ചുകൊണ്ടുള്ള ദൈവദൂതന്റെ നിലയാണു് സകലരുടെയും പ്രശംസയ്ക്കു വിഷയീഭവിച്ചിട്ടുള്ളതു്. ഉൽക്കണ്ഠ സന്ദേശവാഹകന്റെ മുഖത്തു സ്ഫുരിക്കുന്നതു് നോക്കിയാൽ കാണാം. അതേ, അത്യന്തം ആശങ്കാജനകമായ ഒരു സന്ദർഭമാണതു്. ലോകരക്ഷ പരിശുദ്ധ മറിയത്തിന്റെ സമ്മതത്തെ ആശ്രയിച്ചിരിക്കുന്നു. വിശുദ്ധ അഗുസ്തീനോസ് പ്രസ്തുത നിലയെ വീക്ഷിച്ചുകൊണ്ടു അഭ്യർത്ഥിക്കുന്നു: "ഓ! പരിശുദ്ധ മറിയമേ! അടിമത്തത്തിലുഴലുന്ന ലോകമാസകലം നിന്റെ സമ്മതപ്രകടനത്തെ പ്രതീക്ഷിച്ചുകൊണ്ടു നില്ക്കുന്നു; കന്യകേ! താമസം വരുത്തരുതേ, വേഗത്തിൽ സന്ദേശവാഹിക്കു മറുപടി നൽകിയാലും."

എന്താണു കന്യക സംശയിക്കാൻ കാരണം? അവൾ നിത്യകന്യാവ്രതം വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. ദൈവമാതൃത്വത്തെക്കാൾ ആ വ്രതം പാലിക്കുന്നതിനു അവൾ അഭിലഷിക്കുന്നു. മാലാഖാ തൽക്ഷണം അതിനു മാർഗ്ഗം നിർദ്ദേശിച്ചുകൊടുക്കുകയും ചെയ്യുന്നു. പുരുഷസംസർഗ്ഗത്താലല്ല; പരിശുദ്ധാത്മാവിന്റെ ശക്തിയാലാണു് അവൾ ഗർഭം ധരിക്കാനിരിക്കുന്നതു്. ഭയമെല്ലാം നീങ്ങി. ഉടനടി അവൾ സമ്മതവും നൽകി. "ഇതാ ഞാൻ കർത്താവിന്റെ ദാസി. നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ." അതേനിമിഷത്തിൽ "വചനം മാംസമായി." അതായതു്, പരിശുദ്ധ കന്യകയുടെ പരിപാവനമായ ഉദരത്തിൽ ദൈവം തന്റെ ഏകപുത്രനെ ഉല്പാദിപ്പിച്ചു. ദീർഘയുഗങ്ങളായി ലോകം പ്രത്യാശിച്ചുകൊണ്ടിരുന്ന ആ രക്ഷകന്റെ ആഗമനം ഇങ്ങനെ പ്രഖ്യാപിതമായി.

പ്രിയകുഞ്ഞുങ്ങളേ! ദൈവമാതാവായ നമ്മുടെ അമ്മയുടെ മഹത്വത്തിൽ അനുമോദിക്കുക. സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളേ, നിന്റെ ഉദരഫലമായ ഈശോ വാഴ്ത്തപ്പെട്ടവനാകുന്നു! നന്മനിറഞ്ഞമറിയമെന്ന ജപം ചൊല്ലുമ്പോഴൊക്കെയും സ്വർഗ്ഗീയമായ ഒരാനന്ദം നമുക്കുണ്ടായിരിക്കട്ടെ. ഗൗറിയേൽ മുഖ്യദൂതൻ എത്ര ഭയഭക്തിസമേതം ആ സ്വസ്തിവാക്യം ഉച്ചരിച്ചുവെന്നു ഓർക്കുക. ഭക്തിപൂർവ്വം ഈ ജപം ചൊല്ലിക്കേൾക്കുന്ന അവസരങ്ങളിലൊക്കെയും, ദൈവദൂതന്റെ ആ ആദ്യഅഭിവാദ്യത്തിലെപ്പോലെയുള്ള ആഹ്ലാദം തനിക്കു അനുഭവപ്പെടുന്നു എന്നു പരിശുദ്ധ ദൈവജനനിതന്നെ ഒരു പുണ്യവതിയോടു അറിയിക്കയുണ്ടായി. നമ്മുടെ പ്രതിദിന ജപമാല നാം എങ്ങനെ ചൊല്ലിവരുന്നു? സകല കുറവുകളും തീർത്തു്, പരിശുദ്ധ അമ്മയ്ക്കു പ്രസാദജനകമായ വിധത്തിൽ അതു നിർവ്വഹിപ്പാൻ സ്ഥിര പ്രതിജ്ഞചെയ്യുക. പ്രിയമാതാവേ! പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും നിന്റെ തിരുക്കുമാരനോടു പ്രാർത്ഥിച്ചുകൊള്ളണമേ.

### നമ്മുടെ മിഷൻദിനം

ഒന്നാമത്തേ ലോകമഹായുദ്ധത്തിനു അല്പം മുമ്പു് യൂറോപ്പിൽ ഒരു പര്യടനം നടത്തി തിരിച്ചെത്തിയ മംഗലാപുരംകാരനായ ഒരു മിഷനറി തന്റെ ചില അനുഭവങ്ങളെപ്പറ്റി എന്നോടു പറകയുണ്ടായി. അന്നു പ്രാബല്യത്തിലിരുന്ന ഓസ്ത്രിയൻ രാജകുടുംബത്തിൽ അദ്ദേഹം ചെന്നിരുന്നു. ഹാർദ്ദമായ ഒരു സ്വീകരണമാണു് അവിടെ ലഭിച്ചതു്. സംഭാഷണമദ്ധ്യേ രാജ്ഞി കുട്ടികളോടു പറഞ്ഞു: ഈ മാസത്തേ നിങ്ങളുടെ മിഷൻഫണ്ടു് ഈ ഇൻഡ്യൻ മിഷനറിക്കു കൊണ്ടുവന്നുകൊടുക്കുക. തങ്കക്കുടം പോലിരുന്ന ആ രാജകുമാരന്മാരും കുമാരികളും ഓടിച്ചെന്നു ഓരോ പെട്ടികൾ എടുത്തുകൊണ്ടുവന്നു തുറന്നു് അവയിലുണ്ടായിരുന്ന പൊൻനാണയങ്ങളും വെള്ളിനാണയങ്ങളും ആനന്ദപൂർവ്വം മിഷനറിക്കു സമർപ്പിക്കയുംചെയ്തു. അതു ഒരു നല്ല തുകയുണ്ടായിരുന്നു. രാജകുടുംബത്തിലെ മിഷൻ മനസ്ഥിതി കണ്ടു അദ്ദേഹം ആനന്ദപുളകിതനായിപ്പോയി. ഓരോ കുട്ടിക്കും ഓരോ മിഷൻപെട്ടിയുണ്ടായിരുന്നു. അവരുടെ പോക്കറ്റുമണിയിൽനിന്നും മറ്റുമായി ഓരോ തുക അപ്പഴപ്പോൾ അതിൽ സംഭരിച്ചു് മാസംതോറും മിഷൻ ആവശ്യങ്ങൾക്കായി അയച്ചുകൊടുപ്പാൻ അവരെ അഭ്യസിപ്പിച്ചിരുന്നു. ഇതു രാജകൊട്ടാരങ്ങളിൽ മാത്രമുള്ള ഒരു പതിവല്ല. വിദേശരാജ്യങ്ങളിൽ പാവപ്പെട്ട കുടിലുകളിലെ കുട്ടികൾക്കും ഇതു നല്ല തഴക്കമാണു്. ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി ഇങ്ങനെ സഹായിക്കുന്നതും പ്രാർത്ഥിക്കുന്നതും ഒരു കടമയാണെന്നു അവരെ പഠിപ്പിച്ചിരുന്നു. തന്മൂലം അവർ അതിൽ അഭ്യസിച്ചിരുന്നു. ആണ്ടുതോറും അനേകകോടിപ്പവൻ റോമിലെ വേദപ്രചാരസംഘത്തിലേക്കു ലഭിക്കുന്നതും, ലോകമാസകലമുള്ള മിഷൻപ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്നതും ഈവിധമാർഗ്ഗങ്ങളിൽക്കൂടെയെല്ലാമാണെന്നു നമ്മുടെ കുട്ടികളും മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അതിനാൽ ജനുവരി 31-ാം തീയതിയിലെ നമ്മുടെ മിഷൻദിനത്തിൽ മാതാപിതാക്കന്മാരുടെ പക്കൽ ചെന്നു കൈനീട്ടിയല്ല കാശുണ്ടാക്കേണ്ടതു്. തനതുത്യാഗങ്ങൾകൊണ്ടു മിച്ചിച്ചുണ്ടാക്കിയെടുക്കണം. മനസ്സുവച്ചാൽ എന്തെല്ലാം മാർഗ്ഗങ്ങൾ അതിനുണ്ടാകും. ഇടവകപ്പള്ളികളിലെ പെരുന്നാൾക്കാലമല്ലേ. കിലുക്കനും ബലൂണും, സോഡായും സർവ്വത്തും വാങ്ങിക്കാൻ കൊണ്ടുപോകുന്ന കാശു ഇതിലേക്കു മാററിവയ്ക്കരുതോ? ഒന്നോ രണ്ടോ മൈലുള്ള യാത്രയ്ക്കു ബസ്സിൽ കയറി ഞെങ്ങാതെ ഈ വകയ്ക്കു എടുക്കരുതോ? ബീഡിയും സിഗരറ്റും അല്പമൊക്കെ കുറയ്ക്കരുതോ? മനസ്സുണ്ടെങ്കിൽ അങ്ങനെ എന്തെല്ലാം എന്തെല്ലാം. ഒരു കുരുമുളകിനു ഇപ്പോൾ ഒരു പൈസാ കിട്ടിയേക്കും. കൊടിച്ചുവട്ടിൽ പെറുക്കിയാൽ ഇക്കാലത്തു എത്ര നല്ല കാശുണ്ടാക്കാം. ഈ വക മാർഗ്ഗങ്ങളിൽക്കൂടെ വേദപ്രചാരണാർത്ഥം ഫണ്ടുണ്ടാക്കണമെന്നു എല്ലാ കുഞ്ഞുങ്ങളോടും വല്യച്ചൻ പ്രത്യേകം അഭ്യർത്ഥിക്കുന്നു.

### തീർത്ഥകറാണി

ഫാത്തിമാപ്രതിമയുടെ കേരളപര്യടനം അങ്ങനെ സാഡംബരം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കേരളകത്തോലിക്കരുടെ ദൈവമാതൃഭക്തി സർവ്വത്ര പൊട്ടി പ്രവഹിക്കുന്നതു നിങ്ങൾ കാണുന്നില്ലേ? എത്ര രാജകീയമായ സ്വീകരണം! നിങ്ങളാണു് അതിൽ പ്രധാനഭാഗം വഹിക്കാനുള്ളതെന്നു മറന്നുപോകരുതു്. നമ്മുടെ ജപമാലയും സുകൃതജപപുഷ്പവിതരണവും അമ്മ കേരളം വിടുന്നതുവരെ തുടർന്നു നടന്നുകൊണ്ടിരിക്കട്ടെ. ആത്മനാ നാമേവരും ഒരുമിച്ചു് എല്ലായിടത്തും അമ്മയ്ക്കു അകമ്പടി സേവിക്കണം. വല്യച്ചൻ മുഴുവൻ കൊന്തയുമായി മുമ്പിലുണ്ടെന്നു ഓർത്തുകൊള്ളുക. കേരളത്തിലെ കുഞ്ഞുമക്കളോടുള്ള വാത്സല്യം പരിശുദ്ധ അമ്മ ഇതിനിടെ പ്രത്യക്ഷപ്പെടുത്തിയതായുള്ള ശ്രുതികൾ നിങ്ങളും ഇതിനിടെ കേട്ടിരിക്കുമല്ലോ. ഫാത്തിമാരൂപം ഭാരതത്തിൽ പ്രവേശിച്ചദിവസം കേരളത്തിലെ ഒരു കോൺവൻറു സ്കൂളിലുള്ള പത്തിരുനൂറു കുട്ടികൾക്കു അമ്മ ദർശനം നൽകിയതായിട്ടാണു വർത്തമാനം. രണ്ടു മൂന്നു ദിവസം കാഴ്ച ആവർത്തിക്കപ്പെടുകയും ഉണ്ടായത്രെ. ഔദ്യോഗിക പ്രസ്താവനകൾ ഒന്നും പുറത്തുവന്നിട്ടില്ല. എങ്കിലും അതിനിടയിൽ നമ്മുടെ പ്രിയപ്പെട്ട അമ്മയെ കൂടുതൽ സ്തുതിക്കുന്നതിനും സ്നേഹിക്കുന്നതിനും ഈ അവസരം പ്രയോജനപ്പെടുത്തിയെടുക്കുക.

നന്മനിറഞ്ഞവളേ, നിനക്കു സ്വസ്തി!

### കത്തുകൾക്കു മറുപടി

896 പി. ററി. തോമസ്, എലിവാലി.

"........ഞാൻ തേർഡ്ഫോറത്തിലാണു പഠിക്കുന്നതു്. സ്കൂളിലേക്കു ഏകദേശം ഒന്നരമൈൽ നടക്കണം. അഞ്ചലാപ്പീസു സ്കൂളിനടുത്തുതന്നെയുണ്ടു്. അതിനാൽ സത്യദീപം വെള്ളിയാഴ്ച ഞങ്ങൾക്കു കിട്ടും. കിട്ടിയപാടേ ബാലരംഗം വായിച്ചുതീർക്കും. വല്യച്ചന്റെ നിർദ്ദേശങ്ങൾ എനിക്കു സാധിക്കുന്നതെല്ലാം ഞാൻ അനുസരിക്കുന്നുണ്ടു്. ശനിയാഴ്ചതോറും കുർബാന കാണുകയും കുർബാന കൈക്കൊള്ളുകയുംചെയ്യുന്നുണ്ടു്.........."

പ്രിയ തോമസേ, അങ്ങനെ അമ്മയുടെ കുഞ്ഞുമകനായി വളർന്നുവരിക. അമ്മ അനുഗ്രഹിക്കും. വല്യച്ചനും പ്രാർത്ഥിച്ചുകൊള്ളാം. കർത്താവിനെ ഉൾക്കൊള്ളുമ്പോൾ വല്യച്ചനുവേണ്ടിയും അപേക്ഷിക്കണമേ. നിന്റെ നമ്പർ മുകളിൽ കാണിച്ചിരിക്കുന്നതാണു്.

776 എൻ. സി. അന്നമ്മ, വെളിച്ചിയാനി.

".........വല്യച്ചനു ഒരെഴുത്തയക്കണമെന്നു വിചാരിച്ചുതുടങ്ങിയിട്ടു കുറേ നാളായി. അങ്ങനെയിരിക്കുമ്പോഴാണു് മിഷനു പോയിട്ടുള്ള ഒരു സഹോദരന്റെ കത്തു കിട്ടിയതു്—ഞങ്ങളെല്ലാവരും ഉടനെ ബാലരംഗത്തിൽ ചേർന്നുകൊള്ളണമെന്നു്. എന്റെയും സഹോദരീസഹോദരന്മാരുടെയും പേരുകൾ അയക്കുന്നു. നമ്പർ അറിയിക്കണമേ..."

പ്രിയ മകളേ, വളരെ വളരെ സന്തോഷം. മിഷൻമനസ്ഥിതി നമ്മുടെ കുഞ്ഞുങ്ങളുടെ ഇടയിൽ വളർന്നുവരുന്നതു് നല്ലൊരു ശുഭലക്ഷണമാണു്. ദൈവത്തിനു സ്തോത്രം ചെയ്യുന്നു. നല്ല ഒരു ക്ലബ്ബു രൂപീകരിച്ചു നടത്തുക. നമ്മുടെ മിഷൻദിനം യഥാശക്തി കൊണ്ടാടണം. നിന്റെ നമ്പർ മേൽക്കാണിച്ചതാണു്. ബാക്കിയുള്ളവ: ത്രേസ്യാമ്മ 777, റോസമ്മ 778, തോമസ് 982, സെബാസ്ത്യൻ 983.

എല്ലാവർക്കും വല്യച്ചന്റെ ആശീർവ്വാദം.

എന്നു സ്വന്തം വല്യച്ചൻ

---

തിൽ തള്ളിത്തുറന്നു വീണ്ടുംതടവു മുറിയിൽ പാഞ്ഞുകയറി.

"നിങ്ങളിൽ ഒരുത്തൻ ശരിപ്പെട്ടു കഴിഞ്ഞു." കൈതുടച്ചുകൊണ്ടു മേയർ പറഞ്ഞു: "ജസിന്തേ, ഇനി നിന്റെ തവണയാണു്! ഒന്നുകിൽ നിന്റെ രഹസ്യം എന്നോടു പറയുക; അല്ലെങ്കിൽ നീയും തിളച്ച എണ്ണയിൽ മുങ്ങിച്ചാവുക."

ജസിന്തയുടെ കവിൾത്തടങ്ങളിൽക്കൂടി കണ്ണുനീർ ധാരധാരയായി ഒഴുകി.

"ആ രഹസ്യം ആരോടും പറവാൻ എനിക്കു സാദ്ധ്യമല്ല." അവൾ ഗദ്ഗദസ്വരത്തിൽ പറഞ്ഞു.

ഒരു പരുഷമായ ചിരിയോടുകൂടി മേയർ അവളെ പിടിച്ചു വലിച്ചിഴച്ചു വെളിയിൽ കൊണ്ടുപോയി.

പാവം! ലൂസി!! മുറിയിൽ അവൾ തനിച്ചായപ്പോൾ അവളുടെ ഹൃദയം ഭയംകൊണ്ടു ചൂളിപ്പോയി. തിളയ്ക്കുന്ന എണ്ണയിൽക്കിടന്നു പൊരിയുക! ഹാ! ഫ്രാൻസിസിന്റെയും ജസിന്തയുടെയും മരണം എത്ര ദയനീയമായിരുന്നിരിക്കണം!

അത്യാസന്നമായ മരണത്തെക്കുറിച്ചു ചിന്തിച്ചു ഭയാകുലയായി ലൂസി മുട്ടിന്മേൽ വീണു. "മേയർ എന്തെല്ലാം ചെയ്താലും അതു സാരമില്ല. ഒരു വിധത്തിലും സ്ത്രീയെ വഞ്ചിക്കുവാൻ എനിക്കു സാദ്ധ്യമല്ല." അവൾ സ്വയം തീരുമാനിച്ചു.

നിമിഷങ്ങൾ അഞ്ചു കഴിഞ്ഞു, പത്തായി. അടുക്കളയിൽനിന്നു യാതൊരനക്കവും കേൾക്കുന്നില്ല. അവൾ ദുഃഖം സഹിക്കാൻ വയ്യാതെ സ്വർഗ്ഗത്തിലേക്കു കരങ്ങളുയർത്തി. അവൾ അത്യധികം സ്നേഹിച്ച ആ സ്വർഗ്ഗീയാംബികയെ കാണാൻ കഴിഞ്ഞില്ലെങ്കിലും, മനസ്സിനു ധൈര്യം നൽകാൻ അവരോടു പ്രാർത്ഥിച്ചാൽ......

"പ്രിയപ്പെട്ട അമ്മേ, എന്നെ കാത്തു രക്ഷിക്കുവാൻ കനിയണമേ. ഫ്രാൻസിസിനെയും ജസിന്തയേയുംപോലെ യാതൊരു ശബ്ദവും കൂടാതെ ധീരതയോടെ മരിക്കുവാൻ എന്നെ സഹായിക്കണമേ."

# ഫാത്തിമാമാതാവിൻെറ ജൈത്രയാത്ര

(തുടർച്ച)

### വരാപ്പുഴ

ഡിസംബർ 26-ാംനു- രാവിലെ 5 മണിക്കു് തിരുസ്വരൂപം മഞ്ഞുമ്മൽനിന്നു വരാപ്പുഴയിലേക്കു സംവഹിക്കപ്പെട്ടു. കോതാട്ട്, ചേന്നൂർ, പിഴല, മൂലമ്പിളി, ചിററൂർ, ചേരാനല്ലൂർ എന്നീ ഇടവകകൾ സന്ദർശിച്ച ശേഷം തീർത്ഥകകന്യക വരാപ്പുഴയെത്തിയപ്പോൾ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മാതാവിനു സ്വാഗതമരുളുകയും ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

### പുത്തമ്പള്ളി

തിരുസ്വരൂപവും വഹിച്ചുകൊണ്ടു് ചെട്ടിഭാഗത്തുനിന്നും പുറപ്പെട്ട ഘോഷയാത്ര പുത്തമ്പള്ളിപ്പള്ളിയിലെത്തിയപ്പോൾ 12 മണിയായി. അപ്പോൾ തന്നെ ആഘോഷമായ ദിവ്യപൂജ, റവ. ഫാ. തോമസ് മൂത്തേടൻ അവർകളുടെ പ്രസംഗം എന്നിവക്കുശേഷം വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ദിവ്യകാരുണ്യവാഴ്വു നല്കി. 2-30-നു "തീർത്ഥകകന്യക" കുനമ്മാവിലേക്കു പുറപ്പെട്ടു.

### പറൂർ

ഡിസംബർ 26-ാംനു- കൂനമ്മാവിൽനിന്നും തിരുസ്വരൂപം കോട്ടുവള്ളി വഴി രാത്രി ഏഴര മണിക്കു് പറൂർ കച്ചേരിപ്പടി സെൻറ് ജർമ്മയിൻസ് ദേവാലയാങ്കണത്തിലെത്തി. അവിടെനിന്നു പുറപ്പെട്ട ഘോഷയാത്ര 9 മണിക്കു് കൊട്ടക്കാവുപള്ളിയിലെത്തുകയും തിരുസ്വരൂപം ദേവാലയത്തിൽ പ്രതിഷ്ഠിക്കപ്പെടുകയും ചെയ്തു. റവ.ഫാ. തോമസ് മൂത്തേടൻെറ സംഗം, ആഘോഷമായ പാട്ടുകുർബാന, ദിവ്യകാരുണ്യവാഴ്വു് ആദിയായവക്കുശേഷം 27-ാംനു- രാവിലെ അഞ്ചരമണിക്കു് തിരുസ്വരൂപം പറൂർനിന്നു പുറപ്പെട്ടു.

### കോട്ടപ്പുറം

ചാത്തേടം, ഗോതുരുത്തു് എന്നീ സ്ഥലങ്ങൾ സന്ദർശിച്ചശേഷം 8 മണിക്കു് തിരുസ്വരൂപം കോട്ടപ്പുറം ഫൊറോനാപള്ളിയിലെത്തി. ഫാ. സേവ്യർ കണിയാമ്പുറം അവർകളുടെ പ്രസംഗം, വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നല്കിയ ദിവ്യകാരുണ്യാശീർവ്വാദം എന്നിവക്കു ശേഷം തീർത്ഥകസംഘം കോട്ടപ്പുറം വിട്ടു.

### പള്ളിപ്പുറം

തീർത്ഥകകന്യക 9-30-നു് പള്ളിപ്പുറം പള്ളിയിലെത്തി. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് പൊന്തിഫിക്കൽ കുർബാനയർപ്പിക്കുകയും റവ. ഫാ. സേവ്യർ കണിയാമ്പുറത്തു പ്രസംഗിക്കുകയും ചെയ്തു.

### ഞാറയ്ക്കൽ

പള്ളിപ്പുറത്തുനിന്നു തിരുസ്വരൂപം ആഘോഷപൂർവ്വം ഞാറയ്ക്കലേക്കു സംവഹിക്കപ്പെട്ടു. വൈകുന്നേരം 6-30-നു് തിരുസ്വരൂപം അവിടെ എത്തിച്ചേരുകയും പള്ളിയുടെ മുൻവശത്തു സജ്ജീകൃതമായിരുന്ന പീഠത്തിൽ പ്രതിഷ്ഠിതമാകുകയുംചെയ്തു. റവ. ഫാ. തോമസ് മൂത്തേടൻെറ പ്രസംഗം, പ. കുർബാനയുടെ വാഴ്വു് എന്നിവക്കുശേഷം തിരുമണിക്കൂറാരാധനയും മററു ഭക്തകർമ്മങ്ങളും നടത്തപ്പെട്ടു. 1 മണിമുതൽ 5 മണിവരെ തുടർച്ചയായി ദിവ്യപൂജ അർപ്പിച്ചു. 5 മണിക്കു് തിരുസ്വരൂപം കത്തേടത്തേക്കും അവിടെനിന്നും ഓച്ചന്തുരുത്തിലേക്കും വല്ലാർപാടത്തേക്കും ആനയിക്കപ്പെട്ടു.

### എറണാകുളം

3-40-നു് വല്ലാർപാടത്തുനിന്നും എറണാകുളം വരാപ്പുഴ അതിരൂപതകളുടെ വികാരി ജനറാളന്മാർ തിരുസ്വരൂപം ഏററുവാങ്ങി എറണാകുളത്തേക്കാനയിച്ചു. ഫഞ്ചർജട്ടിയിൽവച്ചു് എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും ഫാത്തിമാനാഥക്കു ഇരു അതിരൂപതകളുടെയും നാമത്തിൽ സ്വാഗതമരുളി. തുടന്നു് വരാപ്പുഴമെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് ഫാത്തിമാസന്ദേശത്തെ പുരസ്കരിച്ചു് സന്ദർഭോചിതമായ ഒരു പ്രസംഗം ചെയ്തു. അനന്തരം ഘോഷയാത്രയാരംഭിച്ചു. കമനീയമായലങ്കരിച്ചിരുന്ന ഒരു ലോറിയിലാണു് തിരുസ്വരൂപം വഹിക്കപ്പെട്ടതു്. പ്രസ്തുത ലോറിയിൽത്തന്നെ മാതൃസ്വരൂപാന്തികത്തിൽ വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനിയും എറണാകുളം വികാരി ജനറാളും എറണാകുളം മുനിസിപ്പൽ ചെയർമൻ ശ്രീ പറമ്പിത്തറയും ഉപവിഷ്ടരായിരുന്നു. അനേകായിരം ആളുകൾ സംബന്ധിച്ചിരുന്ന പ്രസ്തുത ഘോഷയാത്ര 7 മണിയോടുകൂടി സെൻറ് തെരേസാസ് ആശ്രമത്തിൽ എത്തിച്ചേർന്നു. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിലും എറണാകുളം വരാപ്പുഴ വികാരിജനറാൾമാരുടെ സഹകാർമ്മികത്വത്തിലും പ. കുർബാനയുടെ വാഴ്വു നടത്തപ്പെട്ടു. 1 മണിമുതൽ 6 മണിവരെ തുടച്ചയായി ദിവ്യബലികളർപ്പിക്കപ്പെട്ട കാര്യം പ്രത്യേകം പ്രസ്താവ്യമാണു്. 6 മണിക്കു് തിരുസ്വരൂപം സെൻറ് ഫ്റാൻസിസ് കത്തീഡ്റലിലേക്കു് ആനയിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമേനി തിരുസ്വരൂപം ഏററുവാങ്ങിയശേഷം പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. റവ. ഫാ. സേവ്യർ കണിയാമ്പുറം പ്രസംഗം നിർവ്വഹിച്ചു. 9-30-നു് എറണാകുളം അതിരൂപതാവികാരിജനറാൾ തിരുസ്വരൂപം ഏററുവാങ്ങുകയും മെത്രാപ്പോലീത്തൻപള്ളിയിലേക്കു് ആനയിക്കുകയുംചെയ്തു. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് തിരുസ്വരൂപം ഔദ്യോഗികമായി സ്വീകരിച്ചു് പ്രധാനാൾത്താരയുടെ ഉപരിഭാഗത്തു് പ്രത്യേകം സജ്ജമാക്കിയിരുന്ന പീഠത്തിൽ പ്രതിഷ്ഠിച്ചു. തുടന്നു് എറണാകുളം വികാരിജനറാളുടെ പ്രധാനകാർമ്മികത്വത്തിൽ "ഉയിരവരുടെ റാസ്" ആഘോഷമായി നടത്തപ്പെട്ടു. തദനന്തരം റവ. ഫാ. മാത്യു മങ്കുഴിക്കരി ദൈവമാതൃഭക്തിയെയും ഫാത്തിമാസന്ദേശത്തെയും ആസ്പദമാക്കി ഉജ്ജ്വലവും ഭക്തിസംവർദ്ധകവുമായ ഒരു പ്രസംഗംചെയ്തു. ഒന്നരമണിക്കു് മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ ദിവ്യകാരുണ്യവാഴ്വും വിമലഹൃദയത്തിനുള്ള പ്രതിഷ്ഠയും നടത്തപ്പെട്ടു. 2 മണിക്കു് തിരുസ്വരൂപം ഉണ്ണിമിശിഹാ പള്ളിയിലേക്കു ആനയിച്ചു. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യകാരുണ്യവാഴ്വിനുശേഷം 5-30-നു് തിരുസ്വരൂപം ചാത്യാത്തു പള്ളിയിലേക്കു ആഘോഷപൂർവ്വം സംവഹിക്കപ്പെട്ടു. പിറേറദിവസം മെത്രാപ്പോലീത്താ തിരുമനസ്സിലെ പൊന്തിഫിക്കൽ കുർബാനക്കുശേഷം പ്രതിമ പെരുമാനൂർ സെൻറു് ജോർജ്ജ്സ് പള്ളിയിലേക്കും അവിടത്തെ തിരുകർമ്മങ്ങൾക്കുശേഷം തേവര ആശ്രമദേവാലയത്തിലേക്കും സമാനയിക്കപ്പെട്ടു. യാത്രാമദ്ധ്യ പെരുമാനൂർ ലൂർദ്ദ് പള്ളിയുടെയും തേവര സെൻറ് ജോസഫ്സ് പള്ളിയുടെയും മുൻഭാഗത്തു് ഘോഷയാത്ര നിത്തി പ്രാർത്ഥനനടത്തപ്പെട്ടു. 11 മണിക്കു് തിരുസ്വരൂപം തേവര ആശ്രമത്തിലെത്തി. സ്തപസ്സുകുർബാന, വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രധാനകാർമ്മികത്വത്തിൽ നടന്ന ദിവ്യകാരുണ്യാശീർവ്വാദം, റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ അവർകളുടെ പ്രസംഗം എന്നിവക്കുശേഷം തിരുസ്വരൂപം നെട്ടൂർപള്ളിയിലേക്കും അനന്തരം ഫഞ്ചർജട്ടിയിലേക്കും സംവഹിക്കപ്പെട്ടു ഫഞ്ചർ ജട്ടിയിൽനിന്നും 4 മണിയോടുകൂടി കൊച്ചി സ്വീകരണസംഘാംഗങ്ങൾ ഏററുവാങ്ങി കൊച്ചിയിലേക്കു കൊണ്ടുപോയി.

### കൊച്ചി

ഫാത്തിമാമാതാവിൻെറ പ്രതിമ സംവഹിച്ചിരുന്ന ബോട്ടു് വൈപ്പിൻകരയിലെത്തിയശേഷം വിക്ടോറിയാ ജട്ടിയിലേക്കാനയിക്കപ്പെട്ടു. കൊച്ചിമെത്രാൻ തിരുമനസ്സുകൊണ്ടു് തിരുസ്വരൂപം ഔദ്യോഗികമായി സ്വീകരിച്ചു. അനന്തരം ഘോഷയാത്രയാരംഭിച്ചു. ഘോഷയാത്ര കത്തീഡ്റലിൻെറ പുരോഭാഗത്തെത്തിയപ്പോൾ വിമലഹൃദയപ്രതിഷ്ഠ നടത്തപ്പെട്ടു. അനന്തരം പ്രദക്ഷിണം പട്ടാളമൈതാനത്തേക്കു നീങ്ങി. അർദ്ധചന്ദ്രാകൃതിയിലുള്ള പന്തലിൽ 15 അൾത്താരകൾ നിർമ്മിതമായിരുന്നു. അവയുടെ മദ്ധ്യത്തിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന പീഠത്തിൽ പ്രതിമ സ്ഥാപിച്ചു് ദിവ്യകാരുണ്യവാഴ്വു്, പ്രസംഗം, ആരാധന എന്നിവ നടത്തി. 1 മണിമുതൽ തുടർച്ചയായി ദിവ്യബലികൾ അർപ്പിക്കപ്പെട്ടു. വൈകുന്നേരം പള്ളുരുത്തി വെളിയിലേക്കു പ്രതിമയും സംവഹിച്ചുകൊണ്ടു നടത്തിയ ഘോഷയാത്ര 8 മണിക്കു് അവിടെ എത്തിച്ചേർന്നു അനന്തരം ഫാ. ജറോം ടി. ഒ. സി. ഡി. അവർകളുടെ പ്രസംഗം, പ. കുർബാനയുടെ ആശീർവ്വാദം ആദിയായവ നടന്നു. രാത്രി 12 മണിക്കു് ആഘോഷമായ ദിവ്യപൂജയും തുടന്നു് ദിവ്യബലികളും അർപ്പിക്കപ്പെട്ടു.

### ആലപ്പുഴ

ജാനുവരി 1-ാംനു- പൊന്തിഫിക്കൽ കുർബാനക്കുശേഷം തിരുസ്വരൂപം ആലപ്പുഴക്കു കൊണ്ടുപോയി. വഴിമദ്ധ്യ അരൂരും അത്തുങ്കലും ചേർത്തലയും ഗംഭീരമായ സ്വീകരണങ്ങൾ നല്കപ്പെട്ടു. അത്തുങ്കലും ചേത്തലയും കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു് പ. കുർബാനയുടെ ആശീർവ്വാദം നല്കി. രാത്രി 10 മണിക്കു് തീർത്ഥകസംഘം ആലപ്പുഴ കൊമ്മിടി ജംഗ്ഷനിലെത്തി. അവിടെനിന്നു പുറപ്പെട്ട ഘോഷയാത്ര പതിനൊന്നര മണിക്കു് കാർമ്മൽ പള്ളിയിൽ എത്തിച്ചേർന്നു. അവിടെ വി. കുർബാനയുടെ വാഴ്വു നടത്തിയശേഷം പ്രദക്ഷിണം സെമ്മിനരി കോമ്പൗണ്ടിലേക്കു നീങ്ങി. അവിടെ പ്രത്യേകം സജ്ജമാക്കിയിരുന്ന പന്തലിൽ തിരുസ്വരൂപം പ്രതിഷ്ഠിച്ചു. ഒരു മണിയോടുകൂടി ദിവ്യബലികളാരംഭിച്ചു. കാലത്തു് കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു പൊന്തിഫിക്കൽ കുർബാനയർപ്പിച്ചു. 9 മണിയോടുകൂടി പ്രതിമ ആഘോഷപൂർവ്വം മാർ സ്ലീബാപള്ളിയിലേക്കു് ആനയിക്കപ്പെട്ടു. ലൂർദ്ദ് ഗ്രോട്ടോയിൽ അതികമനീയമായി അലങ്കരിച്ചിരുന്ന അൾത്താരയിൽ തിരുസ്വരൂപം സ്ഥാപിച്ചു് സ്തപസ്സുകുർബാനയർപ്പിച്ചു. തദനന്തരം കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടു ദിവ്യകാരുണ്യവാഴ്വു നല്കി. 1 മണിക്കു് തത്തമ്പള്ളിയിലേക്കു് ഫാത്തിമാനാഥ ജൈത്രയാത്ര നടത്തുകയും രണ്ടരമണിക്കു് ബോട്ടുജട്ടിയിലേക്കു പുറപ്പെടുകയും ചെയ്തു. റൈററ് റവ. ഡോ. മാർ സെവേരിയാസ്, റൈററ് റവ. ഡോ. തറയിൽ, റവ. ഡോ. എൽ. ജെ. ചിററൂർഎന്നിവർതിരുസ്വരൂപം ഏററുവാങ്ങി പ്രത്യേകംതയാർചെയ്തിരുന്നബോട്ടിൽ പ്രതിഷ്ഠിക്കുകയും തീർത്ഥക സംഘം കോട്ടയത്തേക്കു പുറപ്പെടുകയുംചെയ്തു.

### കോട്ടയം

ജാനുവരി 2-ാംനു- 40-ൽപ്പരം ബോട്ടുകളുടെ അകമ്പടിയോടുകൂടി ഫാത്തിമാനാഥയെ വഹിച്ചിരുന്ന "ജലദേവാലയം" യഥാസമയം കോട്ടയത്തെത്തിച്ചേർന്നു. മാർ സെവേരിയോസ് തിരുമേനിയുടെ പ്രാർത്ഥനക്കുശേഷം ഘോഷയാത്രയാരംഭിച്ചു. പ്രതിമ സംവഹിക്കപ്പെട്ട മോട്ടോർരഥത്തിൽ ഡോക്ടർ തറയിൽ തിരുമേനിയും മാർസെവേരിയോസ് തിരുമേനിയും മി. ടി. ജെ. മാത്യുവും ഉപവിഷ്ടരായിരുന്നു. ഘോഷയാത്ര തിരുനക്കര മൈതാനത്തെത്തിയപ്പോൾ അവിടെ സജ്ജീകരിച്ചിരുന്ന നാലു നിലകളുള്ള ഒരു മണ്ഡപത്തിൽ പ്രതിമ പ്രതിഷ്ഠിതമായി. ഡോ. തറയിൽ തിരുമേനിയുടെ പ്രസംഗം, വിമലഹൃദയപ്രതിഷ്ഠ എന്നിവക്കുശേഷം മാതൃസ്വരൂപം കോട്ടയം ഭദ്രാസനദേവാലയത്തിലേക്കാനയിക്കപ്പെട്ടു. അവിടെവച്ചു് കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ തിരുമേനി ഒരു പ്രസംഗം ചെയ്തു. വെളുപ്പിനു 1 മണിമുതൽ ഉച്ചക്കു 12 മണിവരെ പ്രസ്തുത ദേവാലയത്തിൽ ദിവ്യപൂജാർപ്പണം നടന്നുകൊണ്ടിരുന്നു. ഉച്ചകഴിഞ്ഞു് കോട്ടയം മെത്രാൻ ഡോ. ചൂളപ്പറമ്പിൽ തിരുമേനിയുടെ നേതൃത്വത്തിൽ മാതൃസ്വരൂപം ഘോഷയാത്രയായി സെൻറ് ആൻസ് ഹൈസ്കൂളിലേക്കും ലൂർദ്ദ് ദേവാലയത്തിലേക്കും ആനയിച്ചു. ദിവ്യകാരുണ്യ വാഴ്വു്, ജപമാല എന്നിവക്കുശേഷം ഹോളി ഫാമിലി ഹൈസ്കൂളിലേക്കും മൈനർ സെമ്മിനരിയിലേക്കും കാർമ്മൽ മഠത്തിലേക്കും നല്ലിടയൻ പള്ളിയിലേക്കും സംവഹിക്കപ്പെട്ടു. നല്ലിടയൻ പള്ളിയുടെ മുൻഭാഗത്തു സജ്ജമാക്കിയിരുന്ന പീഠത്തിൽ തിരുസ്വരൂപം പ്രതിഷ്ഠിച്ചശേഷം ദിവ്യകാരുണ്യ വാഴ്വും പ്രസംഗവും നടത്തുകയുണ്ടായി.


## ആലങ്ങാട്ടു കുന്നേൽപള്ളിയിൽ

## അത്ഭുത ഉണ്ണിയീശോയുടെ തിരുനാൾ



ആരംഭം 1950 ജനുവരി 30-ാംനു-(മകരം 17)

അവസാനം 1950 ഫെബ്രുവരി 2-ാംനു- (മകരം 20)

തിരുനാൾദിവസം പരിശുദ്ധ കുർബാന സ്വീകരിക്കുന്നവക്കു് പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണു്.

പതിവുപോലെ എട്ടാമിടവും ഉണ്ടായിരിക്കും.

വികാരി


## നിങ്ങൾക്കറിയാമോ?

1 ബ്രിട്ടീഷ് പ്രധാനമന്ത്രി ആരാണു്?

2 പ്രതിപക്ഷനേതാവാരാണു്?

3 വിദേശകാര്യമന്ത്രി ആരാണു്?

4 ഏതു രാജാവിൻെറ കാലത്താണു് ഇംഗ്ലണ്ടു് പ്രോട്ടസ്റ്റൻറു മതം സ്വീകരിച്ചതു്?

5 അക്കാലത്തു് വേദസാക്ഷിമകുടം ചൂടിയ രണ്ടു വിശുദ്ധരുടെ പേരുകൾ പറയുക.

(ഉത്തരങ്ങൾ 7-ാം പേജിൽ)

സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., പി. എച്ച്.

Vol. 23 || ERNAKULAM JANUARY 1, 1950 || No. 20

# ബാംഗളൂർ സൂനഹദോസ്

ഭാരതത്തിലെ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണു് ഇപ്പോൾ ബാംഗളൂർ നടന്നുകൊണ്ടിരിക്കുന്ന മെത്രാന്മാരുടെ സൂനഹദോസ്. ഇതാദ്യമായിട്ടാണു് ഇപ്രകാരമൊരു "പൂർണ്ണസൂനഹദോസ്" (Plenary Council) ഇൻഡ്യയിൽ സമ്മേളിക്കുന്നതു്. മുൻകാലങ്ങളിൽ ചില പ്രാദേശികസൂനഹദോസുകൾ മാത്രമേ ഈ രാജ്യത്തു സമ്മേളിക്കയുണ്ടായിട്ടുള്ളു. വിവിധതരത്തിലുള്ള സൂനഹദോസുകളെപ്പറ്റിയുള്ള ഒരു സാമാന്യജ്ഞാനം നല്കുന്നതു് ഇത്തരുണത്തിൽ സാധാരണക്കാരായ അനുവാചകരെ സംബന്ധിച്ചിടത്തോളം പ്രയോജനകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

### വിവിധതരം സൂനഹദോസുകൾ

നാലുതരം സൂനഹദോസുകൾ സഭയിൽ നടത്താറുണ്ടു് 1) സാർവ്വത്രികസൂനഹദോസ് (Occumenical Council). മാർപ്പാപ്പായുടെ അഥവാ അദ്ദേഹത്തെ പ്രതിനിധീകരിക്കുന്ന ആളിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന മെത്രാന്മാരുടെ പൊതുസമ്മേളനമാണിതു്. അതിലേക്കു് ലോകത്തിലുള്ള എല്ലാമെത്രാന്മാരും ക്ഷണിക്കപ്പെടണം. 2) പൂർണ്ണസൂനഹദോസ്. പല പ്രവിശ്യകളിലെ മെത്രാന്മാരുടെ പൊതുസമ്മേളനമാണു് ഈ പേരിൽ അറിയപ്പെടുന്നതു്. മാർപ്പാപ്പായുടെ പ്രതിനിധിയാണു് സൂനഹദോസിലേക്കു മെത്രാന്മാരെ ക്ഷണിക്കുന്നതും സൂനഹദോസിൽ അദ്ധ്യക്ഷം വഹിക്കുന്നതും. 3) പ്രാദേശികസൂനഹദോസ് (Provincial Council). സ്വന്തം മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവിശ്യയിലെ മെത്രാന്മാർ ഒരുമിച്ചു നടത്തുന്ന സമ്മേളനത്തിനു് പ്രാദേശികസൂനഹദോസെന്നു പറയുന്നു. 4) രൂപതാസൂനഹദോസ് (Diocesan Synod). രൂപതാമെത്രാന്റെ അദ്ധ്യക്ഷതയിൽ രൂപതാസംബന്ധമായ കാര്യങ്ങളെപ്പറ്റി ചർച്ചചെയ്യുന്നതിനായി നടത്തുന്ന വൈദികസമ്മേളനമാണിതു്. രണ്ടാമത്തെ പറഞ്ഞതരം സൂനഹദോസാണു് ഇപ്പോൾ ബാംഗളൂർ സമ്മേളിച്ചിരിക്കുന്നതു്.

### മാർപ്പാപ്പായുടെ പ്രതിനിധി

ബാംഗളൂരെ സൂനഹദോസിൽ മാർപ്പാപ്പായുടെ പ്രതിനിധിയെന്ന നിലയിൽ അദ്ധ്യക്ഷം വഹിക്കുന്നതു് ആസ്ത്രേലിയായിൽ സിഡ്നിയുടെ മെത്രാപ്പോലീത്തായായ അത്യുന്നതകർദ്ദിനാൾ ഗിൽറോയി തിരുമനസ്സുകൊണ്ടാണു്. വന്ദ്യതിരുമേനിയെ പ്രസ്തുതസ്ഥാനത്തേക്കു നാമനിർദ്ദേശം ചെയ്തിരിക്കുന്നതായുള്ള വാർത്ത 1949 ആഗസ്റ്റ് 24-ാംനു-യിലെ "ഒസ്സർവത്തോരെ റൊമാനൊ" എന്ന വത്തിക്കാൻ പത്രം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ഈ കർദ്ദിനാൾ തിരുമേനിതന്നെയാണു് കഴിഞ്ഞകൊല്ലം, ജപ്പാനിൽ വി. ശൗര്യാർ ആഗതനായതിന്റെ 4-ാം ശതാബ്ദം ആഘോഷിച്ച അവസരത്തിൽ മാർപ്പാപ്പായുടെ പ്രതിനിധിയായി നിയുക്തനായതു്. തിരുമേനി ജാതനായതു 1895 ജനുവരി 22-ാംനു-യാണു്. ഈ ജനുവരി 22-ാംനു- അവിടുത്തേക്കു 54 വയസ്സു പൂർത്തിയാകുന്നതായിരിക്കും. സിഡ്നിയുടെ പ്രാന്തപ്രദേശത്തുള്ള ഗ്ലീബാണു തിരുമനസ്സിലെ ജന്മദേശം. ബാല്യകാലവിദ്യാഭ്യാസത്തിനു ശേഷം ടെലഗ്രാഫിക്, എൻജിനീയറിംഗ്, വയർലസ്, മിലിറ്ററി ആദിയായ വിവിധരംഗങ്ങളിൽ തിരുമനസ്സുകൊണ്ടു സേവനമനുഷ്ഠിക്കയുണ്ടായിട്ടുണ്ടു. 1917-ൽ അവിടുന്നു വൈദികവിദ്യാഭ്യാസം ആരംഭിച്ചു.

1919-ൽ തിരുമനസ്സുകൊണ്ടു റോമിലെ സുപ്രസിദ്ധമായ പ്രൊപ്പഗാന്താ കോളേജിൽ ചേർന്നു വൈദികപഠനം തുടരുകയും, 1923-ൽ ഡി. ഡി. ബിരുദം സമ്പാദിക്കുകയും, അക്കൊല്ലം തന്നെ പുരോഹിതനായി അഭിഷേചിക്കപ്പെടുകയും ചെയ്തു. ആസ്ത്രേലിയായിൽ തിരിച്ചെത്തിയ ശേഷം അപ്പസ്തോലിക് ഡെലിഗേറ്റിന്റെ സെക്രട്ടറിയായും ലിസ്മോർ രൂപതയുടെ മെത്രാന്റെ ചാൻസലറും സെക്രട്ടറിയുമായും ജോലി നോക്കുകയുണ്ടായി. 1935-ൽ ദക്ഷിണ ആസ്ത്രേലിയായിലെ പോർട്ട് അഗസ്റ്റാരൂപതയുടെ മെത്രാനായി അഭിഷേകം ചെയ്യപ്പെട്ടു. 1937-ൽ സിഡ്നി മെത്രാപ്പോലീത്തായുടെ സഹായമെത്രാനായി നിയമിതനായി. 1940-ൽ സിഡ്നിയിലെ മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടു. 1946 ഫെബ്രുവരി മാസത്തിൽ തിരുമേനി കർദ്ദിനാൾ സ്ഥാനത്തേക്കു് ഉയർത്തപ്പെടുകയും ചെയ്തു.

### ബോംബെയിലെ സ്വീകരണം

1949 ഡിസംബർ 2?-ാംനു- കർദ്ദിനാൾ തിരുമേനി ബോംബെ തുറമുഖത്തു കപ്പലിറങ്ങി. തദവസരത്തിൽ വൈദികമേലദ്ധ്യക്ഷന്മാരും രാഷ്ട്രീയനേതാക്കന്മാരും ചേർന്നു് അവിടുത്തേക്കു് രാജോചിതമായ ഒരു സ്വീകരണം നല്കുകയുണ്ടായി. അതിനെല്ലാം കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടു് തിരുമേനി ഇപ്രകാരം പ്രസ്താവിച്ചു:

"അവാച്യമായ ആനന്ദത്തോടും അതിരറ്റ ഉത്സാഹത്തോടും കൂടിയാണു് ഈ മഹാരാജ്യത്തേക്കു നാം ആഗതനായിരിക്കുന്നതു്. ഈ രാജ്യത്തിനും ഇവിടത്തെ മഹത്തായ ജനതയ്ക്കും മാർപ്പാപ്പാതിരുമനസ്സിലെ വാത്സല്യപൂർണ്ണമായ ചിന്തയിൽ പ്രമുഖമായ ഒരു സ്ഥാനമുണ്ടു്. നിങ്ങളുടെ സ്നേഹാദരപ്രകടനങ്ങൾ നമ്മെ ഹഠാദാകർഷിച്ചിരിക്കുന്നു. നിങ്ങളുടെ ഹൃദ്യമായ സ്വീകരണത്തിനു് ഹൃദയപൂർവ്വം നാം നന്ദി പറയുന്നു. ബാംഗളൂർ സമ്മേളനം ദൈവമഹത്വത്തെയും മനുഷ്യകുലത്തിന്റെ ക്ഷേമാഭിവൃദ്ധിയെയും പുരോഗമിപ്പിക്കുവാൻ സഹായകമാകുമെന്നു നാം പ്രത്യാശിക്കുന്നു. ഭാരതത്തിന്റെയും ഭാരതീയജനതയുടെയും ക്ഷേമാഭിവൃദ്ധിക്കായി ഒത്തൊരുമിച്ചു യത്നിക്കേണ്ടതാണെന്നു ഉൽബോധിപ്പിച്ചുകൊള്ളട്ടെ. പരിശുദ്ധ പിതാവിനോടുള്ള ഈ മഹാജനത്തിന്റെ ആദരപ്രകടനങ്ങളെ നാം സസന്തോഷം തിരുമനസ്സുണർത്തിക്കുന്നതാണു്. മഹത്തായ ഭാരതവർഷത്തെപ്പറ്റി പരിശുദ്ധ പിതാവിനു നല്ലപോലെ അറിയാം; ഇന്ത്യയിലെ ദേശാഭിമാനികളായ വീരപുരുഷന്മാരെപ്പറ്റി അവിടുത്തേക്കു വലുതായ ആദരമുണ്ടു്."

### പൗരാവലിയുടെ ആദരപ്രകടനം

ഡിസംബർ 31-ാംനു- ബോംബെയിലെ പൗരാവലിയുടെ വകയായി കർദ്ദിനാൾ തിരുമേനിക്കു ബോംബെ മേയർ ശ്രീ എസ്. കെ. പട്ടീലിന്റെ നേതൃത്വത്തിൽ ഒരു സ്വീകരണം നൽകപ്പെട്ടു. അതിനു നന്ദിപ്രകാശിപ്പിച്ചുകൊണ്ടു് തിരുമേനി പ്രസ്താവിച്ചതിപ്രകാരമാണു്: "കഴിഞ്ഞ കാലങ്ങളിൽ ഭാരതം മഹത്തായ ഒരു രാഷ്ട്രമായിരുന്നു. എന്നാൽ ആ മാഹാത്മ്യം സ്വതന്ത്രഭാരതത്തിനു സംസിദ്ധമായിരിക്കുന്ന മാഹാത്മ്യത്തോടു തുലനംചെയ്യുമ്പോൾ നിസ്സാരമാണു് ഈ ഘട്ടം ഇൻഡ്യയുടെ ചരിത്രത്തിലെ അതിപ്രധാനമായ ഒന്നാണു്. ഭാരതീയരുടെ ചുമലുകളിൽ വമ്പിച്ച ഉത്തരവാദിത്വങ്ങൾ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ ഭാരതീയ നേതാക്കന്മാർക്കും പൗരന്മാർക്കും സ്വാതന്ത്ര്യവെറിപ്പും, ആദ്ധ്യാത്മികതയും എന്നിവയുള്ളതിനാൽ ഭാരതത്തിന്റെ മഹത്തായ ഒരു ഭാവിയുണ്ടു്. ലോകായതികത്വം അത്യുച്ചാവസ്ഥയെ പ്രാപിച്ചുമൂലമാണു് ലോകം കഷ്ടാരിഷ്ടതകൾ അനുഭവിക്കുന്നതു്. ആദ്ധ്യാത്മികതത്വത്തിൽ ഇൻഡ്യൻ നേതാക്കൾക്കുള്ള വിശ്വാസമാണു് അവരുടെ പ്രധാനവൈശിഷ്ട്യം. മനുഷ്യൻ കേവലം ഒരു മൃഗമല്ലെന്നു് അവർ ധരിച്ചിട്ടുണ്ടു്. ഈ വീക്ഷണഗതി അവരിൽ നിലനിൽക്കുന്നിടത്തോളം കാലം ആദ്ധ്യാത്മികമായി മാത്രമല്ല, ഭൗതികമായും ഭാരതം പുരോഗമിക്കുന്നതായിരിക്കും."

### ബോംബെ കത്തോലിക്കരുടെ അഭിവാദ്യം

ജനുവരി 1-ാംനു- ബോംബെയിലെ കത്തോലിക്കരുടെ വകയായി ഫോർട്ടിലെ കൂപ്പറേജു മൈതാനത്തുവച്ചു് പേപ്പൽ പ്രതിനിധിക്കു് ഒരു വമ്പിച്ച സ്വീകരണം നൽകി. ഇൻറർനൺഷിയൊ, മെത്രാപ്പോലീത്താമാർ മെത്രാന്മാർ, വൈദികർ എന്നിങ്ങനെ പലരും അതിൽ സംബന്ധിച്ചിരുന്നു. ബോംബെ സഹായ മെത്രാൻ ഡോക്ടർ വലേറ്യൻ ഗ്രേഷ്യസ് അതിരൂപതയെ പ്രതിനിധീകരിച്ചുകൊണ്ടു് കർദ്ദിനാൾ തിരുമേനിക്കു സ്വാഗതമാശംസിച്ചു. മറുപടിപ്രസംഗത്തിൽ കർദ്ദിനാൾ തിരുമേനി ഭാരതീയകത്തോലിക്കരുടെ മൂന്നു കർത്തവ്യങ്ങളെപ്പറ്റി പ്രസ്താവിച്ചു. ഈശ്വരാരാധന, സമസൃഷ്ടിസ്നേഹം, രാഷ്ട്രസേവനം എന്നിവയാണവ. തിരുമേനി ഇപ്രകാരം തുടർന്നു:- "രാഷ്ട്രത്തിന്റെ ക്ഷേമത്തിനും പുരോഗതിക്കും നമ്മുടെ കഴിവുകളനുസരിച്ചു പ്രവർത്തിക്കേണ്ട കർത്തവ്യമുണ്ടു്. രാഷ്ട്രത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങളിൽ നാം താല്പര്യം പ്രദർശിപ്പിക്കുകയും കഴിവുള്ളിടത്തോളം പങ്കെടുക്കുകയും ചെയ്യണം. നമ്മുടെ അനുഭവജ്ഞാനവും രാഷ്ട്രത്തിന്റെ മേന്മയ്ക്കായി ഉപയോഗിക്കണം. ഈ നവവത്സരസുദിനത്തിൽ, സ്വതന്ത്രഭാരതത്തിന്റെ ചരിത്രത്തിൽ അതിപ്രാധാന്യമർഹിക്കുന്ന ഈ ഘട്ടത്തിൽ, സഭയുടെയും രാഷ്ട്രത്തിന്റെയും അഭ്യുന്നതിക്കായി നിങ്ങളുടെ കഴിവനുസരിച്ചു പ്രയത്നിക്കുമെന്നു പ്രതിജ്ഞചെയ്യുവിൻ ഭാരതം സ്വതന്ത്രയായിരിക്കുന്ന ഈ ഘട്ടത്തിൽ ഭാരതീയർക്കു വിപുലമായ ഉത്തരവാദിത്വമുണ്ടു്. അവരിലാണു് അവരുടെ രാഷ്ട്രത്തിന്റെ ഭാവി നിലകൊള്ളുന്നതു്. നിങ്ങൾ ഉത്തമകത്തോലിക്കരും രാജ്യസ്നേഹികളുമായ പൗരന്മാരായി വർത്തിക്കുമെന്നു എനിക്കു ഉറപ്പുണ്ടു്."

### കർദ്ദിനാൾ ബാംഗളൂരിൽ

ജനുവരി 4-ാംനു- കർദ്ദിനാൾ തിരുമേനി തീവണ്ടിമാർഗ്ഗം ബാംഗളൂരെത്തി. തിരുമേനിയോടൊരുമിച്ചു് ഇൻറർനൺഷിയൊ തിരുമനസ്സുകൊണ്ടും യാത്ര ചെയ്തിരുന്നു. ബാംഗളൂർ സെൻട്രൽ സ്റ്റേഷനിൽവച്ചു് പേപ്പൽ പ്രതിനിധിയെ ബാംഗളൂർ ബിഷപ്പ് മൈററ് റവ. ഡോക്ടർ പി. തോമസ് തിരുമേനിയും മൈസൂർ ഗവമ്മെൻറു പ്രതിനിധികളുംകൂടി ഔദ്യോഗികമായി സ്വീകരിച്ചു് ഘോഷയാത്രയായി ഒളിമ്പിക് സ്റ്റേഡിയത്തിലേക്കു് ആനയിച്ചു. ഘോഷയാത്ര അവിടെ എത്തിയപ്പോൾ ബാംഗളൂർ മെത്രാൻ തിരുമേനി ഇൻഡ്യയിലെ കത്തോലിക്കാഹയരാർക്കിയുടെയും വൈദികരുടെയും അത്മേനികളുടെയും വകയായി ഒരു മംഗളപത്രം വായിച്ചു് കർദ്ദിനാൾ തിരുമേനിക്കു സമർപ്പിച്ചു. മംഗളപത്രത്തിൽ മററു കാര്യങ്ങൾക്കിടയ്ക്കു ഇപ്രകാരം പ്രസ്താവിച്ചിരുന്നു: "ഭാരതത്തിലെ ക്രൈസ്തവസഭ അതിപ്രാചീനകാലംമുതലുള്ളതാണു്. മാർത്തോമ്മാശ്ലീഹാ സുവിശേഷദീപം എ. ഡി. 52-ൽത്തന്നെ മലബാറിലും മൈലാപ്പൂരിലും കൊളുത്തുകയുണ്ടായി. ഒന്നാംശതകംമുതൽ ക്രിസ്ത്യാനികൾ ഇൻഡ്യയിലുണ്ടായിരുന്നുവെന്നു് ഞങ്ങളുടെ പ്രധാനമന്ത്രി പണ്ഡിററ് ജവഹരിലാൽ നെഹ്റു അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളിലൊന്നിൽ പ്രസ്താവിച്ചിരിക്കുന്നു. "മാർത്തോമ്മാശ്ലീഹാ സിറിയായിൽനിന്നു ദക്ഷിണഭാരതത്തിലേക്കു് (ക്രിസ്തുമത) വിശ്വാസം കൊണ്ടുവന്നു"വെന്നു് ഡോക്ടർ എസ് രാധാകൃഷ്ണൻ പ്രസ്താവിക്കുന്നു. ഭാരതീയകത്തോലിക്കരിൽ മഹാഭൂരിപക്ഷവും, 30ലക്ഷത്തോളം, ദക്ഷിണേൻഡ്യയിലാണു വസിക്കുന്നതു്. അവരിൽത്തന്നെ പകുതി, ക്രൈസ്തവസഭയുടെ അതിപ്രാചീനവും അത്യാഭിവൃദ്ധികവുമായ ആസ്ഥാനങ്ങളായ തിരുവിതാംകൂറിലും കൊച്ചിയിലുമാണു കാണപ്പെടുന്നതു്." (മംഗളപത്രത്തിന്റെ പൂർണ്ണരൂപം അടുത്ത ലക്കത്തിൽ)

### മറുപടിപ്രസംഗം

മംഗളപത്രത്തിനു മറുപടിയായി തിരുമേനി ചെയ്ത പ്രസംഗത്തിൽ, തനിക്കു സമർപ്പിക്കപ്പെട്ട വിശിഷ്ടോപഹാരങ്ങൾക്കു കൃതജ്ഞത പ്രകാശിപ്പിക്കുകയും ഭാരതീയകത്തോലിക്കരുടെ അചഞ്ചലമായ വിശ്വാസത്തെയും പരിശുദ്ധസിംഹാസനത്തിന്റെ നേർക്കുള്ള അപാരമായ ഭക്തിയെയും പ്രശംസിക്കുകയും ചെയ്തു. തിരുമേനി ഇപ്രകാരം തുടർന്നു: "ഇൻഡ്യയിലെ കത്തോലിക്കാതിരുസഭയെയും ആസ്ത്രേലിയായിലെ കത്തോലിക്കാ തിരുസഭയെയും തമ്മിൽ ഇണക്കിച്ചേർക്കുന്ന ഒരു കണ്ണി നിങ്ങളുടെ പക്കലുണ്ടെന്നറിയുന്നതിൽ എനിക്കത്യധികമായ ചാരിതാർത്ഥ്യമുണ്ടു്. ഇൻഡ്യയിലെ തിരുസഭയ്ക്കു് രണ്ടായിരം വർഷത്തോളം പഴക്കമുണ്ടെന്നു് മംഗളപത്രത്തിൽ നിങ്ങൾ പറഞ്ഞിരിക്കുന്നതു് തികച്ചും ശരിയാണു്. എന്റെ രാജ്യത്തിലാകട്ടെ തിരുസഭയ്ക്കു 200 വർഷത്തിനു താഴെ മാത്രം പഴക്കമേയുള്ളു.



ഇൻഡ്യയിലെ കത്തോലിക്കരുടെ വകയായി സമർപ്പിക്കപ്പെട്ട മംഗളപത്രത്തിനു് കർദ്ദിനാൾ തിരുമേനി മറുപടി പറയുന്നു.

നിങ്ങളുടെ വന്ദനീയതത്തോടു താരതമ്യംചെയ്യുമ്പോൾ ഞങ്ങൾ യുവാക്കളാണെങ്കിലും നമ്മൾ തമ്മിൽ അതിഗാഢമായി ഐക്യപ്പെട്ടാണിരിക്കുന്നതു്. നമ്മെ സംയോജിപ്പിക്കുന്ന വിശ്വാസം ഒന്നുതന്നെയാണു്. അതു നിത്യം ഗുണപ്രദവും എന്നെന്നും പരിശുദ്ധവും അനവരതം ഏകീകരിക്കുന്നതും ഉന്നമിപ്പിക്കുന്നതുമാണു്...... ഞാൻ കണ്ടുകഴിഞ്ഞിട്ടുള്ള സംഗതികൾ രണ്ടു കാര്യങ്ങളിൽ എനിക്കു് അത്യധികം ആത്മവിശ്വാസം പ്രദാനംചെയ്തിട്ടുണ്ടു്. ഒന്നാമതായി ഇൻഡ്യ ഇപ്പോൾത്തന്നെ മഹത്തായ ഒരു രാജ്യമാകുന്നു. കൂടുതൽ മഹത്തായിത്തീരുവാൻ ഉദ്ദിഷ്ടവുമാണതു്. കൂടാതെ ഇൻഡ്യയിലെ തിരുസഭ അത്യധികം മഹത്തായതാണു്. കൂടുതൽ മഹത്തായിത്തീരുവാൻ നിർദ്ദിഷ്ടവുമാണതു്."

### സൂനഹദോസിന്റെ ചുമതല

തിരുമേനി തുടർന്നു: "അതിമഹത്തായ ഒരു ചുമതല സൂനഹദോസിനുണ്ടു്. ക്രിസ്തുനാഥന്റെ കല്പനയോടുകൂടി ദൈവശുശ്രൂഷിയായ വി. തോമ ഇവിടെ വന്നപ്പോൾ ചെയ്ത കാര്യത്തെ ആവർത്തിക്കുക എന്നുള്ളതാണതു്. "നിങ്ങൾ പോയി എല്ലാവരേയും സുവിശേഷമറിയിക്കുക" എന്നത്രെ ആ കല്പന. കാലം കടന്നുപോയതോടുകൂടി മററു പ്രേഷിതന്മാരും വന്നിട്ടുണ്ടു്......എന്നാൽ എല്ലാവരുടെയും ശക്തിവിശേഷങ്ങളെ ഏകീകരിക്കുകയും ആ കല്പന നിർവ്വഹിക്കുന്നതിനു് ഏററവും നല്ല പ്രവൃത്തികൾ ചെയ്യുകയും ചെയ്യേണ്ടകാലം ആസന്നമായിരിക്കുന്നു."

### സൂനഹദോസുൽഘാടനം

സൂനഹദോസ് ജാനുവരി 6-ാംനു- 9 മണിക്കു് സെന്റ് സേവ്യേഴ്സ് ഭദ്രാസനദേവാലയത്തിലെ ചടങ്ങുകളോടുകൂടി സമാരംഭിച്ചു. പേപ്പൽ പ്രതിനിധി ദേവാലയത്തിലേക്കു എഴുന്നള്ളിയപ്പോൾ അവിടെ സന്നിഹിതരായിരുന്ന 50-ഓളം മെത്രാന്മാരും 70-ഓളം വൈദികശ്രേഷ്ഠരും അവിടുത്തെ സാദരം സ്വീകരിച്ചു. അനന്തരം അഹമ്മദ്നഗർമെത്രാനായ റൈററ് റവ. ഡോക്ടർ എഡ്വിൻ പിന്റോ സൂനഹദോസ് സംബന്ധിച്ചു മാർപ്പാപ്പാ അയച്ചിരുന്ന ബൂള വായിച്ചു. അതിനുശേഷം പേപ്പൽ പ്രതിനിധി 15 മിനിട്ടു് നീണ്ടുനിന്ന തന്റെ ഉൽഘാടനപ്രസംഗം നിർവ്വഹിച്ചു. ചരിത്രപ്രാധാന്യമർഹിക്കുന്ന പ്രസ്തുതപ്രസംഗം ഇങ്ങനെ സംഗ്രഹിക്കാം: "ഈ സൂനഹദോസിന്റെ ഉദ്ദേശം ക്രിസ്തുവിന്റെ സുവിശേഷപ്രചരണംമാത്രമാണു്. മററുള്ളവർക്കു് അടയ്ക്കുവാൻ സാദ്ധ്യമല്ലാത്ത ഒരു തുറന്നവാതിൽ കണ്ടെത്തുവാനാണു് നമ്മുടെ ശ്രമം. അത്തരമൊരു തുറന്ന വാതിലാണു് സുവിശേഷപ്രചരണത്തിനു് ഏററവും ആവശ്യമായിരിക്കുന്നതു്. ഭാരതത്തിലെ കത്തോലിക്കർക്കു് സ്വതന്ത്രഭാരതത്തിൽ താദൃശമായ ഒരു കവാടം ലബ്ധമായിരിക്കുന്നു. അതു തുറക്കുമ്പോൾ ചില നവീനപ്രശ്നങ്ങൾ സമുദയംചെയ്തേക്കാം. അവയ്ക്കു് നവീനങ്ങളായ പരിഹാരമാർഗ്ഗങ്ങളും ശിക്ഷണനടപടികളും ആവശ്യമായിവരും. അതു കണ്ടുപിടിക്കുവാനാണു് നാമിവിടെ സമ്മേളിച്ചിരിക്കുന്നതു്. ഇൻഡ്യയിലെ കത്തോലിക്കാസഭയുടെ അനേകനൂററാണ്ടുകാലത്തെ പുരോഗതിയുടെ ഫലമാണു് ഈ സൂനഹദോസ്. അനന്തരതലമുറകൾക്കു് നിവേശനവും മാർഗ്ഗദർശനവും നല്കുന്ന ഒരു സംഭവമാണിതു്." (പ്രസംഗത്തിന്റെ പൂർണ്ണരൂപം അടുത്തലക്കത്തിൽ)

പ്രസംഗത്തിന്റെ അവസാനത്തിൽ എല്ലാവരും മുട്ടുകുത്തി "വേനി ക്രെയാത്തോർ" എന്നാരംഭിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥനാഗാനമാലപിച്ചു. അനന്തരം പേപ്പൽപ്രതിനിധി മാർപ്പാപ്പായുടെ ആശീർവ്വാദം നല്കി. തുടർന്നു് കർദ്ദിനാൾതിരുമേനി മെത്രാന്മാരാൽ അനുഗതനായി സെന്റ് സേവിയേഴ്സ് ഹോളിലേക്കു പോയി. അവിടെ കൂടിയ യോഗത്തിൽ വച്ചു് "പൂർണ്ണസമ്മേളന"ത്തിന്റെ കാര്യപരിപാടികൾ നിശ്ചയിക്കുകയും വിവിധ കമ്മീഷനുകളെയും കമ്മിററികളെയും നിയമിക്കുകയും ചെയ്തു. സൂനഹദോസ് നടപടികൾ രഹസ്യമായി സൂക്ഷിക്കപ്പെടുന്നതാണു്.

### നമ്മുടെ കർത്തവ്യം

ഏവംവിധം ഇൻഡ്യയിലെ കത്തോലിക്കാസഭയെ ഒന്നടങ്കം ബാധിക്കുന്ന സുപ്രധാനവിഷയങ്ങൾ ചർച്ചചെയ്യപ്പെടുന്ന ഈയവസരത്തിൽ, നമ്മുടെ കർത്തവ്യം സുവ്യക്തമാണു്. പേപ്പൽ പ്രതിനിധിയുടെ നിർദ്ദേശാനുസരണം നമ്മുടെ അഭിവന്ദ്യവൈദികമേലദ്ധ്യക്ഷന്മാർ ഉൽബോധിപ്പിച്ചിട്ടുള്ളപ്രകാരം സൂനഹദോസിന്റെ വിജയത്തിനായി നാം പ്രാർത്ഥിക്കണം. പരിശുദ്ധാരൂപിയുടെ ദിവ്യപ്രകാശവും പ്രചോദനവും സഹായവും സൂനഹദോസിൽ സമ്മേളിച്ചിരിക്കുന്ന മെത്രാന്മാർക്കു് ഏററവും ആവശ്യമാകയാൽ ഈ ദിവസങ്ങളിൽ നമ്മുടെ പ്രാർത്ഥന ശതഗുണീഭവിപ്പിക്കേണ്ടിയിരിക്കുന്നു. വേദപ്രചാരസംരംഭങ്ങളുടെ സംരക്ഷികയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും ഇൻഡ്യയുടെ അപ്പസ്തോലന്മാരായ വി. തോമാശ്ലീഹായുടെയും ശൗര്യാർ പുണ്യവാന്റെയും മിഷൻപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെയും സഹായം പ്രത്യാശാപൂർവ്വം നാം തേടുകയും വേണം. ഇപ്രകാരം ഭാരതത്തിലെ കത്തോലിക്കാസഭ ഒരു നവയുഗത്തിലേക്കു് പ്രവേശിക്കുന്നതിനും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിക്കുന്നതിനും ദൈവം ഇടയാക്കുമാറാകട്ടെ.

*IN LOVING MEMORY*

OF

**Mathew D. Kodiyan Avl**

HEADMASTER, ST- MARY S SCHOOL

CHENNAMANGALAM



BORN ON 6 - 5 - 1082

DIED ON 29 - 5 - 1124

*The just man liveth for ever*

BY HIS BELOVED ONES

### പേപ്പൽപ്രതിനിധിയുടെ

## സന്ദേശം

അത്യുന്നതകർദ്ദിനാൾ ഗിൽറോയി തിരുമേനി, റോമിൽ അവിടുത്തെ സഹപാഠിയായിരുന്ന റവ. ഡോ. ടി. കെ. നമ്പ്യാപറമ്പിൽ അവർകൾക്കും കാഞ്ഞൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ റവ. ഫാ. ജോർജ്ജ് അനാശേരി അവർകൾക്കും ജാനുവരി 5-ാംനു- ഒരു പ്രത്യേകസന്ദർശനം അനുവദിക്കുകയുണ്ടായി. പേപ്പൽ പ്രതിനിധി ഡോ. നമ്പ്യാപറമ്പിൽവഴി കേരളത്തിലെ കത്തോലിക്കാജനതയ്ക്കായി താഴെക്കാണുന്ന സന്ദേശം അയച്ചിരിക്കുന്നു: "കേരളകത്തോലിക്കരുടെ വിശ്വാസസ്ഥിരത ഇൻഡ്യയിലെങ്ങും പ്രശംസിക്കപ്പെടുന്നുണ്ടു്. കേരളകത്തോലിക്കർക്കു് നമ്മുടെ കർത്താവിന്റെ പാനങ്ങളോടുള്ള വിശ്വസ്തതയും തിരുസഭാമാതാവിനോടുള്ള ഭക്തിയും ഇൻഡ്യയിലെങ്ങും അഭിനന്ദിക്കപ്പെടുകയുംചെയ്യുന്നു. എനിക്കു കേരളം സന്ദർശിക്കുവാൻ സാധിക്കാതെ വന്നാലും കേരളത്തിലെ ജനങ്ങളുടെ ഏററവും മഹനീയ ജന്മാവകാശമായിരിക്കുന്ന വിശിഷ്ട പാരമ്പര്യങ്ങൾ അഭംഗം എന്നും സംരക്ഷിക്കപ്പെടുന്നതിനുവേണ്ടി ഞാൻ പ്രാർത്ഥിക്കയെങ്കിലും ചെയ്യുന്നതാണു്. ആ വിധത്തിൽ തിരുസഭാമാതാവിന്റെ വളർച്ചയ്ക്കു മാത്രമല്ല, ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ സുസ്ഥിതിക്കും അഭിവൃദ്ധിക്കുംകൂടി അവർ സഹായിക്കുയായിരിക്കും ചെയ്യുന്നതു്."

## പ്രാദേശികവാർത്തകൾ

വടക്കാഞ്ചേരിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെന്റ് ഡി പോൾ സംഘത്തിന്റെ പ്രഥമവാർഷികം റവ. ഫാ. എബ്രാഹം വടാശേരി എം. എസ്. സി. യുടെ അദ്ധ്യക്ഷതയിൽ ഡിസംബർ 18-ാംനു- ഘോഷിച്ചിരിക്കുന്നു. തദവസരത്തിൽ ശ്രീ പി. ഒ. ചാക്കൊ ഒരു പ്രസംഗംചെയ്തു.

—എലിഞ്ഞിപ്പറപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയാസഖ്യത്തിന്റെ വാർഷികം റവ. ഫാ. കര്യാക്കോസ് വാഴപ്പിള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു.

—വിൻസെൻഷ്യൻ സഭാംഗമായ റവ. ഫാ. ആന്റണി പവ്വത്തിൽ അവർകളുടെ പൗരോഹിത്യജൂബിലി ഡിസംബർ 21-ാംനു-, ആഘോഷമായ പാട്ടുകുർബാന, ലാക് ആലാഹാ, പൊതുയോഗം, പ്രഹസനം ആദിയായ ചടങ്ങുകളോടുകൂടി അങ്കമാലി സെന്റ് വിൻസെന്റ്സ് പൊറിസെമ്മിനരിയുടെ ആഭിമുഖ്യത്തിൽ കൊണ്ടാടിയിരിക്കുന്നു.

—കട്ടക്കോട്ട സ്ഥാപിതമായിരിക്കുന്ന സൊഡാലിററിയുടെ 13-ാമതു വാർഷികയോഗം റവ. ഫാ. പി. സി. തോമസ് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ എ. ടി. ദേവസ്യ ബി. എ., തദവസരത്തിൽ ഒരു പ്രസംഗം നടത്തി.

—മാള വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ 2-ാം വാർഷികം ധനു 17-ാംനു- റൈററ് റവ. മോൺ. ആന്റണി പൂതുശേരി അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. പ്രൊഫസർ പി. എ. ജോസഫ് എം. എ. പ്രസംഗിച്ചു. പ്രസ്തുത സഖ്യം കഴിഞ്ഞവർഷത്തിൽ സാധുക്കൾക്കായി 1450 ക. ചെലവാക്കീട്ടുള്ളതായി വാർഷികറിപ്പോർട്ടിൽ കാണുന്നു.

—വടയാർ സ്ഥാപിതമായിരിക്കുന്ന വിൻസെന്റ് ഡി പോൾ സഖ്യം, വേദാദ്ധ്യാപനസഖ്യം, മരിയാസഖ്യം എന്നിവയുടെ സംയുക്തവാർഷികം ജാനുവരി 1-ാംനു- റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. റവ. ഫാ. ജോസഫ് പാറേക്കാട്ടിൽ, മി. ചാണ്ടി പാറായിൽ ബി. എ. എൽ. ടി. എന്നിവർ പ്രസംഗിച്ചു.

—ഫാത്തിമാമാതൃസ്വരൂപം കോതമംഗലത്തുകൂടെ പോകുന്നവഴി വല്ലംപള്ളിയിൽ പുഷ്പലങ്കരണത്തിൽപ്രത്യേകം സജ്ജമാക്കിയിരുന്ന പുപ്പന്തലിൽ വച്ചു് വല്ലം പള്ളിവികാരിയും ഇടവകജനങ്ങളുംകൂടി സ്വീകരിക്കുകയും വിമലഹൃദയപ്രതിഷ്ഠ മുതലായവ നടത്തുകയും ചെയ്തു.

—പേരൂർ കത്തോലിക്കാഅസോസ്യേഷൻ, വിൻസെന്റ് ഡി പോൾ സംഘം, മരിയാസഖ്യം എന്നിവയുടെ സംയുക്ത വാർഷികം കോട്ടയം സഹായമെത്രാൻ ഡോക്ടർ തോമസ് തറയിൽ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ ഡിസംബർ 25-ാംനു- നടത്തിയിരിക്കുന്നു.

—എലിഞ്ഞിപ്ര പള്ളിയിൽ ജാനുവരി 1-ാംനു- ഒരു സാധുജനസംരക്ഷണസംഘം ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. റവ. ഫാ. ആന്റണി വി. അക്കര അവർകളുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ വച്ചാണു് തൽകൃത്യം നിർവ്വഹിക്കപ്പെട്ടതു്.


### ചരമം

തൈക്കാട്ടുശേരി പള്ളി ഇടവക കൊച്ചുതറ കുര്യാക്കോസ് മറിയം 86-ാമത്തെ വയസ്സിൽ ഡിസംബർ 17-ാംനു- നിര്യാതയായിരിക്കുന്നു.

—ചക്കരക്കടവു പള്ളി ഇടവക മാഞ്ഞൂരാൻ അന്തോണി ചെറിയതു് ഡിസംബർ 17-ാംനു- 86-ാമത്തെ വയസ്സിൽ നിര്യാതനായി. പരേതൻ റവ. സിസ്റ്റർ ആഗ്നസ്, റവ. ഫാ. ആന്റണി, മി. ഇട്ടൂപ്പ് എം. എ. എൽ. ടി,. മി. ജേക്കബ്ബ് ബി. എ. എന്നിവരുടെ പിതാവാണു്.

—കരൂർ മി. ഇട്ടിയവര ജോസഫ് പടിഞ്ഞാറെക്കര 45-ാമത്തെ വയസ്സിൽ ഡിസംബർ 26 ാംനു- നിര്യാതനായിരിക്കുന്നു.

—വാനത്തൂർ പള്ളി ഇടവക കച്ചിറ


**WEDDING SAREES**

We are proud in announcing that our seasonal offer of sarees are the best in designs, of most favourable prices and pleasing colours defying competition and obtainable nowhere else, Your particular selection for satisfaction and economy is here.

**Chakolas**

**SILK HOUSE - TRICHUR**


ആതസ്ഥി ഭാര്യ മറിയം 86-ാമത്തെ വയസ്സിൽ ഡിസംബർ 26-ാംനു- നിര്യാതയായിരിക്കുന്നു. R. I. P.

## കൊ-തി-വാർത്തകൾ

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ശാഖകളായി ഐക്യസംസ്ഥാനത്തിലുള്ള എല്ലാ പാർട്ടികളെയും അവയോടു സംഘടിപ്പിച്ചിട്ടുള്ള വിദ്യാർത്ഥി ഫെഡറേഷനുകളും വിദ്യാർത്ഥി യൂണിയനുകളും കിസാൻ സംഘടനകളുമുൾപ്പെടെ 32 ട്രെയ്ഡ്യൂണിയനുകളെയും ഐക്യസംസ്ഥാനഗവമ്മെന്റു് നിയമവിരുദ്ധമാക്കി പ്രഖ്യാപിച്ചിരിക്കുന്നു.

—ഐക്യസംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം, കോട്ടയം, തൃശ്ശൂർ എന്നിങ്ങനെ നാലു ജില്ലകളായി തിരിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. തൃശ്ശൂർ ജില്ലയിൽ കൊച്ചി രാജ്യവും പറവൂർ, കുന്നത്തുനാട്ടുതാലൂക്കുകളും ഉൾപ്പെടുന്നതാണു്. ഈ ജില്ലയുടെ തലസ്ഥാനം തൃശ്ശൂർ ആയിരിക്കും. തിരുവല്ലാതാലൂക്കു കോട്ടയം ജില്ലയോടു കൂട്ടിച്ചേർക്കുന്നതാണു്.

—ഐക്യസംസ്ഥാനത്തെ മന്ത്രിസഭാവകുപ്പുകൾ താഴെക്കാണുംപ്രകാരം വിഭജിച്ചിരിക്കുന്നു. ശ്രീ ടി. കെ. നാരായണപിള്ള—ചീഫ് മിനിസ്റ്റർ; ശ്രീ എ. ജെ. ജോൺ—ധനകാര്യം, റവന്യൂ; ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ—വിദ്യാഭ്യാസം, തൊഴിൽ, സിവിൽ സപ്ലൈസ്; ശ്രീ ഇ. ജോൺ ഫിലിപ്പോസ്—പൊതുമരാമത്തു്, കമ്മ്യൂണിക്കേഷൻ, കൃഷി; ശ്രീ എൻ. കുഞ്ഞുരാമൻ—വ്യവസായം, എക്സൈസ്, സ്വയംഭരണം.

## സ്വതന്ത്രറിപ്പബ്ലിക്ക

ഇൻഡ്യയെ ഒരു സ്വതന്ത്രറിപ്പബ്ലിക്കായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിളംബരം ഗവർണ്ണർജനറൽ ശ്രീ രാജഗോപാലാചാരി ജാനുവരി 26-ാംനു- ഗവമ്മെന്റ്ഹൗസിൽവച്ചുവായിക്കുന്നതും അതേ തുടർന്നു് അദ്ദേഹം ഗവർണ്ണർജനറൽസ്ഥാനം വിട്ടൊഴിയുന്നതുമാണു്. ഉടനെതന്നെ റിപ്പബ്ലിക്കിന്റെ പ്രഥമപ്രസിഡണ്ടിനെ തൽസ്ഥാനത്തേക്കു ആനയിക്കുന്നതും അദ്ദേഹം സത്യപ്രതിജ്ഞചെയ്തു ഉദ്യോഗം സ്വീകരിക്കുന്നതുമായിരിക്കും.

## നിങ്ങൾക്കറിയാമോ?

(5-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ).

1 ക്ലമന്റ് ആററ്ലി
2 വിൻസ്റ്റൻ ചർച്ചിൽ
3 ഏണസ്റ്റ് ബവിൻ
4 ഹെൻട്രി 8-ാമന്റെ കാലത്തു്.
5 ജോൺഫിഷറും തോമസ്മോറും.

ചെറുകഥ

# ഫ്രാൻസിസ് സാറിൻെറ അൻപതാം ജന്മദിനം

(ജെ. പി. ആനന്ദഭവൻ)

അന്നു വൈകുന്നേരം ഫ്രാൻസിസ് സാർ ബാങ്കിൽനിന്നും തിരിച്ചു വീട്ടിലെത്തിയപ്പോൾ അയാളെ സ്വീകരിക്കുന്നതിനായി ഭാര്യ വരാന്തയിൽ കാത്തുനില്പുണ്ടായിരുന്നു. "എന്താണ് അല്പം ക്ഷീണിച്ചതുപോലെ കാണുന്നതു്? ഈ കസേരയിലിരിക്കണം. കാപ്പി കാലമാകുമ്പോൾ ഞാൻ വിളിക്കാം." എലിസബത്ത്—ഭാര്യ—അന്നത്തെ അഞ്ചലിൽ വന്നിട്ടുണ്ടായിരുന്ന എഴുത്തുകളെല്ലാം കൊണ്ടുവന്നുകൊടുത്തു. "പിറന്നാളാശംസകളും കൂട്ടത്തിൽ കണ്ടേക്കും." അവരുടെ മുഖത്തു പുഞ്ചിരി പരന്നു. "ഇന്നു നിങ്ങളുടെ അൻപതാമത്തെ പിറന്നാളല്ലേ? എന്താണ്, ഇന്നലത്തെക്കാൾ കൂടുതൽ പ്രായം തോന്നിക്കുന്നുണ്ടോ?"

ഫ്രാൻസിസ് സാർ ഭാര്യയെപ്പോലെ മന്ദഹസിക്കാൻ ശ്രമിച്ചു; എങ്കിലും അയാൾക്ക് അതിനു കഴിവുണ്ടായില്ല. അന്നത്തെ ദിവസം തനിക്ക് എത്രത്തോളം വേദനാജനകമായിരിക്കുന്നു എന്ന് എലിസബത്തിനെ പറഞ്ഞു മനസ്സിലാക്കാൻ അയാൾ അപ്രാപ്തനായിരുന്നു. പ്രായക്കൂടുതൽ തോന്നിക്കുന്നു എന്നോ? കൊള്ളാം! അമ്പതല്ല, നൂറോടടുത്ത പ്രായം തനിക്കു തോന്നുന്നുണ്ട്!!

എഴുത്തുകൾ തൃശ്ശൂർ താമസിക്കുന്ന ഒരു സഹോദരിയും തലതൊട്ടമ്മയും അയച്ചവയാണ്. തലതൊട്ടമ്മയ്ക്കു വയസ്സ് 80 കഴിഞ്ഞു. അവരാരും തന്നെ മറന്നു കളഞ്ഞില്ല. അതുതന്നെ വലിയ കാര്യം. പക്ഷേ, തൻെറ മക്കളിലാരും ഒരു കാർഡുപോലും അയച്ചിട്ടില്ല! അയാൾ നെടുവീർപ്പിട്ടു.

അമ്പതുവയസ്സ്—ആ പ്രായമാകുമ്പോൾ കാലക്ഷേപത്തിനു വേണ്ടതുണ്ടായിരിക്കുമെന്നും, തനിക്കു മനസ്സമാധാനത്തോടുകൂടി ഉദ്യോഗത്തിൽനിന്നും വിരമിക്കാമെന്നുമൊക്കെയാണ് അയാൾ വളരെക്കാലംമുതല്ലേ ചിന്തിച്ചുവന്നതു്. എന്നാൽ എന്താണു സംഭവിച്ചതു്? അയാൾ ഇപ്പോഴും പണ്ടത്തെപ്പോലെ ബുദ്ധിമുട്ടിക്കഴിയുകയാണ്. കുറേക്കാലംകൂടി ഇനിയുമുണ്ട്. ഇങ്ങനെതന്നെ കഴിയേണ്ടിയിരിക്കുന്നു. പിന്നത്തെക്കഥയെന്തോ!

അയാൾ എന്തെല്ലാം സംഗതികൾ ആലോചിച്ചിരുന്നു! ബാങ്കിലെ ക്ലാക്കുദ്യോഗത്തിൽനിന്നും പ്രമോഷൻ കിട്ടുമ്പോൾ എലിസബത്തിനുവേണ്ടി ചെയ്യാൻ കരുതിയിരുന്ന കാര്യങ്ങൾ! കുട്ടികളെയെല്ലാം കാളെജിലയച്ചു പഠിപ്പിക്കുമെന്നും; അങ്ങനെ അവരെല്ലാവരും ഉയന്ന നിലയിലെത്തുമെന്നും മററും ...മററും......

ഇപ്പോളിതാ, തനിക്കു ഹെഡ്ക്ലാക്കുദ്യോഗമല്ലാതെ മററു പ്രമോഷനൊന്നും വഴിയില്ലാതായിരിക്കുന്നു. അതു തൻെറ കുററമാണോ? തനിക്കു പരാജയം നേരിട്ടതിനു കാരണമെന്തെന്ന് അയാൾ ആലോചിച്ചു; അത്ഭുതപ്പെട്ടു.

പരാജയം! ആ വാക്കു് ഇന്നു പ്രത്യേകിച്ചും ഒരു മൂർച്ചയേറിയ ആയുധംപോലെ അയാളെ കുത്തി മുറിവേല്പിച്ചുകൊണ്ടിരിക്കുന്നു. അമ്പതു വയസ്സായി; ഒരുവൻെറ നല്ല പ്രായവും കഴിഞ്ഞു. ജീവിതത്തിൽ പരാജയവും!

താൻ ഭാര്യയേയും പരാജയത്തിലെത്തിച്ചു—കുട്ടികളെയും! താൻ അവക്കു വളരെക്കുറച്ചുമാത്രമേ നൽകിയിട്ടുള്ളൂ—കഷ്ടിച്ചു ആഹാരത്തിനും ഉടുപ്പിനും കിടപ്പിനും മാത്രം. മൂത്തമകൻ ചാറത്സ്, ഇപ്പോൾ ഒരു ചില്ലറ ജോലിയിലിരിക്കുന്നു. പക്ഷേ, വിവാഹിതനാണ്. അവർ ഇപ്പോൾ പത്തു പതിനഞ്ചു മൈൽ അകലെ താമസം. ഏക പുത്രി മേരിയേയും വിവാഹംചെയ്തുകൊടുത്തു. മറെറാരു മകൻ ജോസഫ് കാളെജിൽ പഠിക്കുന്നു. എല്ലാററിലും ഇളയകുട്ടി നാലുവർഷത്തിനുമുമ്പു മരിച്ചുപോയി. ആ കുട്ടിയുടെ ചികിത്സയ്ക്കുവേണ്ടിയാണ് അയാളുടെ പണം അധികവും ചെലവായതു്; താൻ വാർദ്ധക്യകാലത്തേക്കു കരുതിയിരുന്ന സമ്പാദ്യം കുറേശ്ശെ കുറേശ്ശെയായി അങ്ങനെ മിക്കവാറും തീന്നു. വളരെനാൾ ആ കുട്ടി കിടപ്പിലായിരുന്നു. എന്നാൽ ആ കുട്ടിയെ കിട്ടിയതുമില്ല.

എലിസബത്തിൻെറ സാമത്ഥ്യം ഒന്നുകൊണ്ടുമാത്രമാണു് കുടുംബകാര്യങ്ങൾ ഒരുവിധംഭംഗിയായിനിർവഹിക്കപ്പെട്ടുപോന്നതു്. അല്ലെങ്കിൽ ചുരുങ്ങിയ വരവുകൊണ്ട് എങ്ങനെ വീട്ടുകാര്യങ്ങൾ നിറവേററാൻ കഴിയും? ഒരു രൂപാകൊണ്ട് അത്ഭുതകരമാംവണ്ണം രണ്ടു രൂപായുടെ മോടി വരുത്താൻ അവക്കു കഴിവുണ്ട്. ഇത്ര ദീർഘകാലത്തെ ദാമ്പത്യജീവിതത്തിനിടയിൽ ഒരിക്കലെങ്കിലും ആവലാതിപ്പെടുകയോ, കുറേക്കൂടിനല്ല ഒരു സമ്പാദ്യമുണ്ടാക്കണമെന്നു പറകയോ ചെയ്തിട്ടില്ല. അയാൾ ഭാര്യയുടെ ആ അസാധാരണത്വത്തിൽ ഉള്ളുകൊണ്ട് അവരെ അഭിനന്ദിച്ചിരുന്നു; കൂടുതൽ സ്നേഹിക്കയും ചെയ്തു.

അയാൾ കൈയിലിരുന്ന എഴുത്തുകൾ ഒന്നുകൂടി വായിച്ചുനോക്കി.

എലിസബത്ത് രണ്ടാമതും വന്നു. "കാപ്പി തയാറായിരിക്കുന്നു." അവർ അയാളുടെ തോളിൽ തട്ടികൊണ്ടു പറഞ്ഞു:-"നിങ്ങൾക്കു കുറച്ചുപ്രായമായതുപോലെ തോന്നുന്നു." ചിരിച്ചുകൊണ്ട് അവർ തുടന്നു:- "നരച്ചുതുടങ്ങിയ ഈ ഓരോ തലമുടിയെയും ഞാൻ സ്നേഹിക്കുന്നു." എലിസബത്ത് അയാളെ വീട്ടിനുള്ളിലേക്കു കൂട്ടിക്കൊണ്ടുപോയി.

ഫ്രാൻസിസ് സാർ ഭക്ഷണമുറിയിൽ പ്രവേശിച്ചപ്പോൾ അത്ഭുതസ്തബ്ധനായി മിഴിച്ചുനിന്നുപോയി. അവരെല്ലാവരും അവിടെയുണ്ട്!—ചാറത്സും അയാളുടെ ഭാര്യയും ഒരു കുട്ടിയും, മേരിയും അവളുടെ ഭത്താവും, ജോസഫും!

"അത്ഭുതപ്പെട്ടു നോക്കുന്നതു വാസ്തവമായിട്ടുതന്നെയോ? അദ്ദോ, ഞങ്ങളിവിടെയിരുന്നു "കുശുകുശു"ക്കുന്നതു വല്ലതും ആ കസേരയിലിരുന്നു കേട്ടോ?" എലിസബത്ത് മന്ദഹസിച്ചുകൊണ്ടു ചോദിച്ചു.

ഫ്രാൻസിസ് സാർ ആശ്ചര്യംകൊണ്ടു മതിമറന്നു് ഇങ്ങനെ ഭാര്യയോടു ചോദിച്ചു:- "പറയൂ, എന്താണിതു്? എനിക്കു ശ്വാസം നേരെ വീഴട്ടെ."

അവിടെ കിടന്നിരുന്ന വലിയ വട്ടമേശയുടെ നടുക്കു് ഒരു കേക്കു് വിചിത്രവേലകൾചെയ്തു സജ്ജമാക്കിയിരിക്കുന്നു. അതിൽ അഞ്ചു പുഷ്പങ്ങൾ ചെയ്തുവച്ചിട്ടുണ്ട്. അവ ഫ്രാൻസിസ്സാറിൻെറ ജീവിതത്തിലെ ഓരോ ദശവഷത്തെയും കുറിക്കുന്നു. അതിനുംപുറമേ, ചുവപ്പുനിറംകൊടുത്ത പഞ്ചസാരകൊണ്ടു് നടുക്കു് "50" എന്നു രേഖപ്പെടുത്തിയിട്ടുമുണ്ട്. പല തരത്തിലുള്ള പലഹാരങ്ങളും മേശപ്പുറത്തു നിരത്തിയിട്ടുണ്ട്. വണ്ണക്കടലാസുകളാൽ നിമ്മിക്കപ്പെട്ട പൂമാലകൾ മുറിയെ അലങ്കരിക്കുന്നു. അയാൾ ഏതാനും നിമിഷം കണ്ണിമയ്ക്കാതെ നോക്കിനിന്നുപോയി. അപ്പോൾ എലിസബത്ത്, വട്ടമേശയ്ക്കരികിൽ മദ്ധ്യത്തിലായി കിടന്നിരുന്ന വലിയ കസേര ചൂണ്ടിക്കാണിച്ചുകൊണ്ട് ചെറുമന്ദഹാസത്തോടുകൂടി ഉച്ചരിച്ചു:- "വരണം, ഇരിക്കണം. ഇത്ര അത്ഭുതപ്പെട്ടാലോ? നിന്നതുപോരേ? നില്ക്കുന്നതിനും ഇല്ലേ, ഒരവസാനം?"

ഫ്രാൻസിസ്സാർ ഒരുവിധത്തിൽ ആസനസ്ഥനായി. ശേഷംപേരും ചുററുമായി ഇരിപ്പുപിടിച്ചു. കാപ്പികുടിയും ആരംഭിച്ചു. ഉല്ലാസഭരിതമായ സംഭാഷണങ്ങളും പൊട്ടിച്ചിരികളുംകൊണ്ട് ആ രംഗം ഹൃദയംഗമമായി തുടന്നു. ഫ്രാൻസിസ്സാറിനു് അമ്പരപ്പു് അവസാനിച്ചിട്ടില്ലായിരുന്നതിനാൽ അധികമൊന്നും സംസാരിക്കാൻ ശക്തനായില്ല.

കുറേക്കഴിഞ്ഞു്, കേക്കും മററു പലഹാരങ്ങളും പാനീയങ്ങളും ഉള്ളിലാക്കിക്കഴിഞ്ഞു ചാറത്സ് എഴുന്നേററു് അവ ള്ളറിബ്ബൺകൊണ്ടു ഭംഗിയായി കെട്ടിത്തയാറാക്കി മേശക്കടിയിൽ ഒളിച്ചുവച്ചിരുന്ന ഒരു കടലാസുചുരുൾ അയാൾ എടുത്തു് ഭക്ത്യാദരപുരസ്സരം പിതാവിനു സമ്മാനിച്ചു. എല്ലാവരും കൗതുകത്തോടുകൂടി നോക്കിയിരിക്കേ, ഫ്രാൻസിസ്സാർ കെട്ടഴിച്ചു ചുരുൾനിവത്തി താഴെക്കാണുംപ്രകാരം വായിച്ചു:

"വാത്സല്യം നിറഞ്ഞ പിതാവിനു്, അവിടുത്തെ അൻപതാം ജന്മദിനത്തിൽ ഭക്തിബഹുമാനപൂർവ്വം സമപ്പിക്കുന്ന മംഗളാശംസ.

താഴെ പേരെഴുതി ഒപ്പിട്ടിരിക്കുന്ന ഞങ്ങൾക്കു് ഈ ലോകത്തിൽവച്ചു് ഏററവും ഉത്തമനായ ഒരു പിതാവിനെയാണു് ലഭിച്ചിരിക്കുന്നതെന്നുള്ള വസ്തുത ഞങ്ങൾ ഇതിനാൽ പ്രഖ്യാപനം ചെയ്തുകൊള്ളുന്നു. എന്തുകൊണ്ടെന്നാൽ,

1) അവിടുന്നു ഞങ്ങളോടു സ്നേഹവും ദയയും അനുകമ്പയും വിശ്വാസവും സദാ കാണിച്ചുവന്നു.

2) സ്വന്തം വ്യക്തിപരമായ ദൃഷ്ടാന്തംകൊണ്ടു്, ന്യായവും, സത്യവും, അദ്ധ്വാനശീലവും, സ്വാശ്രയശക്തിയും ഉള്ളവരാകുവാൻ ഞങ്ങളെ പഠിപ്പിച്ചു.

3) അവിടുന്നു ഞങ്ങളുടെ അമ്മയോടു് ഗാഢമായ സ്നേഹാദരങ്ങൾ സദാ പ്രദശിപ്പിക്കുന്നു.

4) സ്വന്തം ദൃഷ്ടാന്തംകൊണ്ടുതന്നെ അവിടുന്നു് ജീവിതത്തിൻെറ യാഥാത്ഥ്യം ഞങ്ങളെ ഗ്രഹിപ്പിച്ചു.

5) എല്ലാററിലും ഉപരിയായി, സവ്വശക്തനായ ദൈവത്തെ സ്നേഹിക്കുന്നതിനും, ആരാധിക്കുന്നതിനും, അവിടുത്തെ കല്പനകളനുസരിച്ചു ജീവിതം നയിക്കുന്നതിനും ഞങ്ങളെ പരിശീലിപ്പിച്ചു.

എന്നു്, ചാറത്സ്, മേരി, ജോസഫ്."

സന്തോഷാധിക്യംകൊണ്ടു് ഫ്രാൻസിസ്സാറിൻെറ കണ്ണുകളിൽനിന്നും അടന്നു വീണ ഒന്നുരണ്ടു തുള്ളി കണ്ണുനീരോടൊന്നിച്ചു് ആ മംഗളപത്രവും അറിയാതെ കൈയിൽനിന്നു വീണു് പൂവ്വസ്ഥിതിയിൽ ചുരുണ്ടുപോയി. അല്പം കഴിഞ്ഞപ്പോൾ, സംസാരിക്കാനുള്ള കഴിവു സംഭരിച്ചുകൊണ്ടു് ഫ്രാൻസിസ്സാർ എല്ലാവരും കുറേക്കൂടി അടുത്തുവന്നിരിക്കാൻ നിദ്ദേശം നല്കി. അനന്തരം ഓരോരുത്തരെയും പ്രത്യേകം പ്രത്യേകം സൂക്ഷിച്ചുനോക്കി. ഒടുവിൽ ഇപ്രകാരം മറുപടി പറഞ്ഞു: "നിങ്ങളോടു് ഓരോരുത്തരോടും എനിക്കു് എൻെറ കുററം ഏററുപറയാനുണ്ടു്. എലിസബത്ത് വൈകുന്നേരം എന്നോടു ചോദിക്കയുണ്ടായി, എനിക്കു് ഇന്നു് ഇന്നലത്തെക്കാൾ കൂടുതൽ പ്രായം തോന്നിക്കുന്നുണ്ടോ എന്നു്. എന്നാൽ പരമാത്ഥം പറഞ്ഞാൽ, ഏതാനും വയസ്സു കൂടുതലല്ല, എൻെറ ജീവിതം മുഴുവൻതന്നെ പരാജയപ്പെട്ടു എന്നാണു് എനിക്കു അപ്പോൾ തോന്നിയതു്.

"ഇപ്പോൾ നിങ്ങൾ എനിക്കു നല്കിയ ഈ മംഗളാശംസ എന്നെ ലജ്ജിപ്പിക്കുന്നു; അതേസമയംതന്നെ ആനന്ദിപ്പിക്കയും ചെയ്യുന്നു. എൻെറ ഹൃദയത്തിൽ തിങ്ങിക്കവിയുന്ന കൃതജ്ഞത ഓരോരുത്തരോടും ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെ. ഇത്രത്തോളം സ്നേഹവും വിശ്വാസവും തികഞ്ഞ ഒരു ഭാര്യയും മക്കളും മററാക്കുമുണ്ടായിരിക്കയില്ല. അക്കാര്യത്തിൽ എനിക്കു് അഹങ്കരിക്കാൻതന്നെ വകയുണ്ടു്."

ഫ്രാൻസിസ്സാർ നീണ്ടുനിവന്നു നിന്നുകൊണ്ടു് ഒരു കുട്ടിയെപ്പോലെ പൊട്ടിച്ചിരിച്ചു.

"എന്തു്! പരാജയമോ? എൻെറ ജീവിതത്തിലോ? ഏയ്! ഞാൻ അൻപതു് വയസ്സുള്ള ഒരു വൃദ്ധനല്ല; അമ്പതു വയസ്സായ ഒരു യുവാവു്!"


## 1950-ലെ ഫാത്തിമാകലണ്ടർ 0—4—0

| | | | | ക. ണ. പ. |
|---|---|---|---|---|
| ഒററക്കളർപടം | 9" × 7" | 1 ണ. 3 പ. | 8" × 6" | 0—0—9 |
| Do ചെറുതു | 100 ക്കു | | | 1—4—0 |
| രണ്ടുകളർ കിരീടം ഉള്ളതു് ആർട്ടുകാർഡ് | 9" × 7" | 2 ണ. | 8" × 6" | 0—1—6 |
| Do ചെറുതു—പ്രാത്ഥന ബുക്കു സൈസ് 100-നു് | | | | 2—0—0 |

കൊന്തകൾ വിലകൂടിയതും കുറഞ്ഞതും, കാശുരൂപങ്ങൾ, സെലിലോയിഡ് ബാഡ്ജുകൾ തയാറായിവരുന്നു.

| | | | |
|---|---|---|---|
| ബാഡ്ജ് സാധാരണ പേപ്പർ 100-നു് | | | 2—0—0 |
| സെലിലോയിഡ് 1-നു് | 4 ണ. | 100-നു് | 20—0—0 |

കച്ചവടക്കാക്കു ആകഷകമായ കമ്മീഷൻ

മാനേജർ, ചെറുപുഷ്പം പ്രസ്സ്, മഞ്ഞുമ്മൽ



## ഫാത്തിമാ ദശനങ്ങൾ

എറണാകുളം സ്വീകരണം ഉൾപ്പെടെ 52 പടങ്ങളിൽ "ഫാത്തിമാസന്ദേശങ്ങൾ" സംക്ഷിപ്തമായി ചിത്രീകരിക്കുന്ന ഒരു മനോഹരലഘുലേഖയാണു് "ഫാത്തിമാദശനങ്ങൾ." മാതാവു് സന്ദശിക്കുന്ന കേന്ദ്രങ്ങളിലെല്ലാം "ട്രാവലിംഗ് ബുക്ക് ഡിപ്പോ" ക്യാമ്പുചെയ്തു വരുന്നു. ഫാത്തിമാദശനങ്ങൾ ഡസൻ 1 ക. കലണ്ടർ ഡസൻ 8 ണ.

മാനേജർ, ദി ഫാത്തിമാക്വീൻസ് സ്റ്റോർ, കത്തേടൻസ് T. B. D. പാലാർവട്ടം, എറണാകുളം





വക്കീൽ: "നിങ്ങളുടെ പരാതി എന്താണു്?"

വാദി: "പ്രതി എന്നെ വളരെയധികം ചീത്തപറഞ്ഞു."

വക്കീൽ: "എന്തൊക്കെയാണു പറഞ്ഞതു്?"

വാദി: "അതു പറയാൻ നിവൃത്തിയില്ല. മാന്യന്മാർ കേൾക്കെ പറയാൻ കൊള്ളരുതാത്ത കാര്യങ്ങളാണവ."

വക്കീൽ: "എന്നാൽ നിങ്ങൾ അങ്ങോട്ടു് അടുത്തുചെന്നു ജഡ്ജിയുടെ ചെവിയിൽ പറയുക."

* * *

സന്ദശകൻ: "നിങ്ങളുടെ കീഴ്ജീവനക്കാരിൽ ആരെങ്കിലും നിങ്ങളോടു തുടർച്ചയായി നുണ പറകയാണെങ്കിൽ നിങ്ങൾ അയാളെ എന്തുചെയ്യും? ഉടനെ പിരിച്ചയക്കുമായിരിക്കുമല്ലേ?"

വ്യവസായശാലയുടെ ഉടമസ്ഥൻ: "ഒരിക്കലുമില്ല. ഞാൻ അയാൾക്കു് ഉദ്യോഗക്കയററം കൊടുത്തു്, പ്രചരണവേലയ്ക്കുള്ള ഞങ്ങളുടെ ഏജൻറായി നിയമിക്കും."

* * *

പോലീസ് ഇൻസ്പെക്ടർ: "നിങ്ങളെന്തിനാണു് ഇയാളെ അറസ്റ്റുചെയ്തതു്?"

പോലീസുകാരൻ: "മദ്യപിച്ചതിനു്."

ഇൻസ്പെക്ടർ: "മദ്യപിച്ചെന്നു് എങ്ങനെ അറിഞ്ഞു?"

പോലീസുകാരൻ: "ഇയാൾ വഴിയിൽക്കിടന്നു കാർഡ്രൈവരുമായി വഴക്കുകൂടുന്നതു കേട്ടു."

ഇൻ: "ഡ്രൈവരോടു വഴക്കുകൂടിയെന്നുകരുതി മദ്യപിച്ചെന്നു് എങ്ങനെ തീരുമാനിച്ചു?"

പോ: "അവിടെയെങ്ങും ഡ്രൈവരും മററുമില്ലായിരുന്നു."

* * *

ബസ്കണ്ടക്ടർ ബാലികയോടു്: "കുട്ടിക്കെത്ര വയസ്സായി?"

ബാലിക: "മുഴുവൻ ചാർജ്ജുമല്ലേ തന്നേക്കാം. നിങ്ങൾക്കതു മതിയല്ലോ. എൻെറ വയസ്സിൻെറ കാര്യം ഞാനന്വേഷിച്ചോളാം."

വനിതാപംക്തി

# ശിശുപരിചരണം

മിസ്സ് മേരി പന്തിക്കാരൻ Diploma in Home-Science)

ശിശുപരിചരണവിഷയത്തിൽ ഭാരതീയർ പൊതുവെ അജ്ഞരും അശ്രദ്ധരുമാണ്. തന്മൂലം, യൂറോപ്പ്, അമേരിക്ക മുതലായ ഇതരരാജ്യങ്ങളെ അപേക്ഷിച്ച് ഇൻഡ്യയിൽ ശിശുമരണം കൂടുതലാണെന്നുവേണം പറവാൻ. ഇംഗ്ലണ്ടിൽ 1000-ന് 70 ശിശുക്കൾമാത്രം ഒരു വയസ്സ് തികയുന്നതിനുമുൻപ് മരിക്കുമ്പോൾ, ഇൻഡ്യയിലാകട്ടെ, 1000-ന് 151 ശിശുക്കൾ മരിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നു മാത്രമല്ല, ഇംഗ്ലണ്ടിൽ ജനിക്കുന്ന ഒരു ആൺകുട്ടിക്കു കുറഞ്ഞതു് 46 കൊല്ലത്തെ ജീവിതാവധിയെങ്കിലും കല്പിക്കുമ്പോൾ ഇൻഡ്യയിൽ 22 കൊല്ലത്തെ ജീവിതാവധിമാത്രമുള്ളതായി കണ്ടുവരുന്നു. ഇവയ്ക്കുള്ള പ്രധാനകാരണങ്ങൾ, ശിശുക്കൾ തീരെ ശോഷിച്ചവരായി ജനിക്കുന്നുവെന്നും അനാരോഗ്യപരമായ സാഹചര്യങ്ങളിൽ വളരുന്നുവെന്നുമുള്ളതാണ്. ഇതിനു പ്രതിവിധിയായി മാതാക്കൾ നാലു പ്രധാന സംഗതികൾ അറിഞ്ഞിരിക്കേണ്ടതുണ്ട്.

1) മാതാവിനെയും ശിശുവിനെയും സംബന്ധിച്ച പ്രത്യേകനിബന്ധനകൾ.

2) ശിശുക്കളെ ആരോഗ്യപരമായ രീതിയിൽ വളർത്തേണ്ട വിധം.

3) രോഗനിവാരണമാർഗ്ഗങ്ങൾ.

4) മേല്പറഞ്ഞവ സംബന്ധിച്ചുള്ള പ്രായോഗികപരിശീലനം.

ശിശുപരിചരണം ആരംഭിക്കേണ്ടതു് പ്രസവകാലത്തിനു മുൻപാണെന്നുള്ള പ്രാഥമികതത്വം മാതാക്കൾ അറിഞ്ഞിരിക്കേണ്ടതത്യാവശ്യമത്രെ. ഗർഭത്തിലിരിക്കുന്ന ശിശുവിനു് ലഭിക്കുന്ന പരിചരണപരിതസ്ഥിതികളെ ആശ്രയിച്ചാണു് ആ കുട്ടിയുടെ സ്വഭാവവും ആരോഗ്യവും രൂപംപ്രാപിക്കുന്നതു്.

### ഗർഭിണികളുടെ ആഹാരഘടന

ഗർഭവതികളായിരിക്കുന്ന സ്ത്രീകൾ വിവിധ പോഷകാംശങ്ങൾ ശരിയായ തോതിൽ അടങ്ങിയിട്ടുള്ള ആഹാരം (Balanced diet) കഴിക്കണമെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. അന്നാംശം (Carbohydrate), ലവണാംശം (Mineral salts) പ്രത്യേകിച്ച് ചുണ്ണാമ്പ്, ഇരുമ്പ് (calcium & iron), ജീവകങ്ങൾ (Vitamins) മുതലായവ ധാരാളമായി അടങ്ങിയിട്ടുള്ള ഭക്ഷണസാധനങ്ങൾ ഉപയോഗിക്കുന്നതു് തള്ളയുടേയും കുട്ടിയുടേയും വളർച്ചയ്ക്കുതകുന്നതാകയാൽ അക്കാര്യത്തിൽ മാതാക്കൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഉദാഹരണമായി, മുട്ട, പാൽ, പച്ചിലക്കറികൾ, പഴങ്ങൾ മുതലായ പദാർത്ഥങ്ങളിൽ മേല്പറഞ്ഞ പോഷകാംശങ്ങൾ ധാരാളമായി അടങ്ങിയിട്ടുണ്ട്. ധാരാളമായി ശുദ്ധജലം കുടിക്കുന്നതും, ഭക്ഷണത്തിൽ സ്നേഹാംശം (Fat) കുറഞ്ഞിരിക്കുവാൻ സൂക്ഷിക്കുന്നതും ഉത്തമമായിരിക്കും.

### ഗർഭിണി ശ്രദ്ധിക്കേണ്ട മററു കാര്യങ്ങൾ

മിതമായ വ്യായാമം ചെയ്യുന്നതും, തുറസ്സായ സ്ഥലങ്ങളിൽ വ്യാപരിക്കുന്നതും രാത്രിയിൽ കുറഞ്ഞതു് എട്ടുമണിക്കൂറെങ്കിലും ഉറങ്ങുന്നതും ഗർഭരക്ഷയെ സംബന്ധിച്ചിടത്തോളം ആവശ്യമാണ്. അതിനുപുറമെ ദിവസവും കുളിക്കുന്നതും മലബന്ധമുണ്ടാകാതെ സൂക്ഷിക്കുന്നതും, പ്രസവകാലത്തിനു് രണ്ടു മാസം മുൻപായിട്ടെങ്കിലും ഡോക്ടരെക്കൊണ്ടു പരിശോധിപ്പിക്കുന്നതു നന്നായിരിക്കും.

### പ്രസവകാലശുശ്രൂഷ

പ്രസവിച്ചുകിടക്കേണ്ടതിനു നല്ല വെളിച്ചവും ശുചിത്വവും ശുദ്ധവായുവുമുള്ള മുറി സജ്ജമാക്കേണ്ടതും, ശരിയായ പരിചയം സിദ്ധിച്ചതും ശുചിത്വമുള്ളതുമായ സൂതികർമ്മിണികളെ തിരഞ്ഞെടുക്കേണ്ടതും, പ്രസവശുശ്രൂഷയ്ക്കാവശ്യമായ സാധനസാമഗ്രികൾ സ്ഥലകാലഭേദമനുസരിച്ച് നേരത്തേതന്നെ കരുതിവയ്ക്കേണ്ടതും അത്യാവശ്യമാണ്.

### ശിശുവിൻെറ ജനനാനന്തരം

കുട്ടി ജനിച്ചാലുടനെ ചെറുചൂടുവെള്ളത്തിൽ വൃത്തിയായ തുണി മുക്കി കണ്ണും വായും കഴുകേണ്ടതും സോപ്പു ഉപയോഗിച്ച് ചെറുചൂടുവെള്ളത്തിൽ കുളിപ്പിക്കേണ്ടതും, തുടർന്ന് ബോറിക് പൗഡർ പുരട്ടി പൊക്കിൾക്കൊടി വൃത്തിയായി കെട്ടി ഉടുപ്പിട്ടുവിച്ച് കുട്ടിയെ കിടക്കയിൽ കിടത്തേണ്ടതും ആവശ്യമാണ്.

പ്രസവാനന്തരം രണ്ടു മൂന്നു ദിവസത്തേക്കു് മുലയിൽ പാൽ ഉണ്ടായിരിക്കയില്ലെങ്കിലും, അപ്പോഴുണ്ടായിരിക്കുന്ന പാൽനിറത്തിലുള്ള വെള്ളം കുട്ടികൾക്കു് വളരെ നല്ലതാകയാൽ അതു് അവരെ കുടിപ്പിക്കണം.

ഒരു ശിശു ജനിക്കുമ്പോൾ സാധാരണയായി 6 മുതൽ 7 റാത്തൽ വരെ തൂക്കമുണ്ടായിരിക്കും. അഞ്ചുമാസം കഴിയുമ്പോൾ ഇരട്ടിയും, ഒരു കൊല്ലം കഴിയുമ്പോൾ മൂന്നിരട്ടിയുമായി തൂക്കം വർദ്ധിക്കുന്നു. ആരോഗ്യമുള്ള ഒരു ശിശുവിനു് ആഴ്ചയിൽ അഞ്ചു് ഔൺസു് വീതം തൂക്കവർദ്ധനവുണ്ടായിരിക്കും. മാസംതോറും ഡോക്ടരെക്കൊണ്ടു് പരിശോധിപ്പിക്കുന്നതും ആഴ്ചതോറും തൂക്കിനോക്കിക്കുന്നതും ശിശുവിൻെറ വളർച്ച തൃപ്തികരമാണോയെന്നറിയുന്നതിനു് ഉതകുന്നതായിരിക്കും.

ശിശുക്കൾക്കു് ഏററവും പററിയ ആഹാരം മുലപ്പാലാണ്. അതിൽ ശിശുവിൻെറ വളർച്ചയ്ക്കാവശ്യമായ എല്ലാ പോഷകാംശങ്ങളും അടങ്ങിയിട്ടുണ്ടെന്നു മാത്രമല്ല, അതു് ചെറുചൂടുള്ളതും രോഗാണുക്കളാൽ മലിനമാകാത്തതുമത്രെ.

മുലപ്പാലിൽ 2 മാംസാംശം (protein), 6 അന്നാംശം (carbohydrate—starch & sugar) 3.3% സ്നേഹാംശം (fat), 2.1 ലവണാംശം (mineral salt) ജലാംശം ഇവയും, പശുവിൻപാലിലാകട്ടെ 3.5% protein, 4.7—4.8% carbohydrate, 3.7 — 3.8% fat, .75 mineral salts ഇവയും അടങ്ങിയിരിക്കുന്നു. മുലപ്പാലിനെ അപേക്ഷിച്ച് പശുവിൻപാലിൽ protein & fat കൂടുതലാകയാൽ അതിൽ വെള്ളം ചേർത്തു് മുലപ്പാലിനു് തുല്യമാക്കിയും, പഞ്ചസാരയുടെ അംശം കുറവാകയാൽ പഞ്ചസാര ചേർത്തും കുട്ടികൾക്കു കൊടുക്കുന്നതു് ഉത്തമമായിരിക്കും. മുലപ്പാലിൽ ജീവകം സി, ഡി. ഇവ കുറവുള്ളതുകൊണ്ടും, പഴങ്ങളുടെ രസത്തിൽനിന്നു് ജീവകം സി. യും മീൻനെയ്യിൽനിന്നു് ജീവകം ഡി. യും ലഭിക്കാവുന്നതുകൊണ്ടും, മധുരനാരങ്ങ, അണ്ണാറച്ചക്ക മുതലായവയുടെ നീരും, മീൻനെയ്യും കുട്ടികൾക്കു കൊടുക്കുന്നതു് നല്ലതാണ്.

ശിശുക്കൾക്കു് 9 മാസംവരെ മുലപ്പാൽതന്നെ കൊടുക്കണം. എന്നാൽ അതിനുശേഷം മുലപ്പാൽ കൊടുക്കുന്നതു് ശിശുക്കൾക്കും മാതാക്കൾക്കും ഒരുപോലെ ദോഷകരമാകയാൽ, തൽസ്ഥാനത്തു് പശുവിൻപാൽ, മററു ഭക്ഷണസാധനങ്ങൾ മുതലായവ ക്രമേണ കൊടുത്തു പരിചയിപ്പിക്കേണ്ടതാണ്. കുട്ടിയുടെ വളർച്ചയ്ക്കാവശ്യമായ ഭക്ഷണം മുലപ്പാലിൽനിന്നും ലഭിക്കേണ്ടതിനാൽ മാതാവു്, ഗർഭിണിയായിരുന്നപ്പോഴെന്നതിനെക്കാൾ കൂടുതൽ പോഷകാംശമുള്ള ഭക്ഷണസാധനങ്ങൾ ഉപയോഗിക്കേണ്ടതാവശ്യമാണ്. കൂടുതലായി പാൽ, മുട്ട, മത്സ്യം, മീൻനെയ്യ്, ഇലക്കറികൾ, പഴങ്ങൾ മുതലായവ ഉപയോഗിക്കുന്നതു കൊള്ളാം. (തുടരും)

— —

മാർപ്പാപ്പായുടെ പക്കൽ

## ക്ഷമാപണം

ഇക്കഴിഞ്ഞ ഡിസംബർ 9-ാംനു- രാത്രി മാർപ്പാപ്പാതിരുമേനി ഏതാനും തൊഴിലാളികളുമായി ജപമാല എത്തിച്ചുകഴിഞ്ഞയുടനെ ബ്രൂണൊ കൊർണാക്കിയോള എന്നൊരാൾ പരിശുദ്ധപിതാവിൻെറ പക്കൽചെന്നു ഒരു കത്തി സമർപ്പിച്ചുകൊണ്ടു്, "ഈ കത്തികൊണ്ടു് ഞാൻ തിരുമേനിയെ വധിക്കണമെന്നു കരുതിയിരുന്നു; കരുണാപൂർവ്വം എന്നോടു ക്ഷമിക്കണമെ" എന്നുണർത്തിക്കുകയുണ്ടായി. തിരുമേനി അല്പ സമയം മൗനമവലംബിച്ചശേഷം, "എൻെറ മകനേ, ഞാൻ നിന്നോടു് ക്ഷമിച്ചിരിക്കുന്നു" എന്നു മാത്രം കല്പിച്ചരുളി.

മേല്പറഞ്ഞ ബ്രൂണോയ്ക്കു് ഇപ്പോൾ 38 വയസ്സുണ്ടു്. 2 വർഷംമുമ്പു് (1947 ഏപ്രിൽ 12-ാംനു-) "ട്രെ ഫൊൻടേൻ" എന്ന ഗുഹയ്ക്കു സമീപംവച്ചു് ഇയാൾക്കും ഇയാളുടെ 3 കുട്ടികൾക്കും പ. കന്യകാമറിയം കാണപ്പെട്ടതായി റിപ്പോർട്ടുണ്ടായിരുന്നു. (1947 നവംബർ 21-ാംനു- യിലെ സത്യദീപം 3-ാംപേജു് നോക്കുക.) ഒരു മതത്യാഗിയും വിധ്വംസകപ്രവർത്തകനുമായിരുന്ന ബ്രൂണൊ മനസ്സുതിരിഞ്ഞതു ആ സംഭവം വഴിയാണു്. പ്രസ്തുത സംഗതി അയാൾ പരിശുദ്ധപിതാവിനെ അറിയിക്കുകയുണ്ടായി. മേല്പറഞ്ഞ ദർശനങ്ങളെപ്പററി സഭ യാതൊരു തീരുമാനവും ചെയ്തിട്ടില്ലാത്തതിനാൽ, ആ ഗുഹയിൽ തിരുക്കർമ്മങ്ങൾ നടത്തുന്നതിനെ തിരുസ്സഭ നിരോധിച്ചിരിക്കയാണെന്ന സംഗതി പ്രസ്താവ്യമാണു്.

— —

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

ദിവ്യസ്ഥാപനം

### VII

കുമ്പസാരമെന്ന കൂദാശയുടെ ദിവ്യസ്ഥാപനം സമർത്ഥിക്കുന്ന വേദപുസ്തകസാക്ഷ്യങ്ങളുടെ ശരിക്കുള്ള അർത്ഥവും വ്യാഖ്യാനവും സുവ്യക്തമായി പ്രതിഫലിക്കുന്നതു സഭാപാരമ്പര്യത്തിലാണ്. ആദ്യംതൊട്ടവസാനംവരെയുള്ള സഭാപിതാക്കന്മാർ കൂദാശാപരമായ പാപനിവേദനം ദൈവസ്ഥാപിതമാണെന്നു സംശയരഹിതമായി സംവദിക്കുന്നുണ്ടു്. പുണ്യത്തിലും പാണ്ഡിത്യത്തിലും പ്രമുഖരും പ്രസിദ്ധരും, അങ്ങനെ സഭയാൽ സമ്മതിക്കപ്പെട്ടവരുമാണല്ലോ സഭാപിതാക്കന്മാർ. ആകയാൽ അവരുടെ അഭിപ്രായങ്ങൾക്കും പ്രസ്താവനകൾക്കും സഭാപാരമ്പര്യത്തിലുള്ള പ്രാധാന്യവും പ്രാബല്യവും സ്വയം വിശദമാണ്. സത്യസഭയുടെ സിദ്ധാന്തസംഹിതയേയും ചരിത്രത്തേയും കുറിച്ചു പറയത്തക്ക പിടിപാടൊന്നുമില്ലാത്ത ചില പ്രതിരോധികൾ, ക്രിസ്തുവിനുശേഷം പന്ത്രണ്ടു നൂററാണ്ടുകൾക്കിപ്പുറത്തുമാത്രമാണു പാപനിവേദനസമ്പ്രദായം തിരുസ്സഭയുടെ നടപടിക്രമത്തിൽ കുത്തിച്ചെലുത്തപ്പെട്ടതെന്നു നിസ്സങ്കോചം തട്ടിമൂളിക്കുന്നതു കേൾക്കുമ്പോൾ അവരുടെ അല്പജ്ഞതയിൽ ആരും സഹതപിക്കതന്നെ വേണം. അവരുടെ അബദ്ധാഭിപ്രായത്തെ സാധൂകരിക്കാനായി വിശുദ്ധന്മാരായ ബെയിസിൽ, അമ്പ്രോസ്, അഗുസ്തീനാസ്, ഇറനീമോസ് ആദിയായ പിതാക്കന്മാരുടെ പ്രസ്താവനകൾ ഉദ്ധരിക്കുന്നതാണു കൂടുതൽ വിചിത്രമായിരിക്കുന്നതു്. പ്രസ്തുത പ്രസ്താവനകൾ അതതു സന്ദർഭങ്ങളിലെടുത്താൽ കത്തോലിക്കാസിദ്ധാന്തങ്ങളെ അപ്രതിഗദ്ധമായി സമർത്ഥിക്കുകയാണു ചെയ്യുക എന്നു നിഷ്പ്രയാസം ആർക്കും മനസ്സിലാക്കാം. ഏതെങ്കിലുമൊരു സഭാപിതാവോ പാരമ്പര്യസാക്ഷിയോ പാപസങ്കീർത്തനത്തെക്കുറിച്ചെന്തെങ്കിലും പറയുന്നതു വ്യക്തിപരമായ അഭിപ്രായപ്രകടനമായിട്ടല്ല, പ്രത്യുത നിലവിലുള്ള വിശ്വാസം പ്രസ്പഷ്ടമാക്കുവാൻ വേണ്ടിയാണ്. അവർ രേഖപ്പെടുത്തുന്ന വിശ്വാസം ഏതെങ്കിലും തരത്തിലുള്ള ഒരു നവീകരണമല്ല; തലമുറയായി സഭയിൽ സമ്മതിക്കപ്പെട്ടുകയും സമാദരിക്കപ്പെട്ടുകയും ചെയ്തുപോന്ന ഒരു സിദ്ധാന്തമാണ്.

രണ്ടാം നൂററാണ്ടിൻെറ അന്ത്യഘട്ടത്തിൽ മൊൺടാനൂസ് എന്ന ഒരു പാഷണ്ഡി, മതത്യാഗം, കൊലപാതകം, വ്യഭിചാരം ആദിയായ പാപങ്ങൾ ക്ഷന്തവ്യങ്ങളല്ലെന്നു ശഠിക്കുവാൻ തുടങ്ങി. ടെർട്ടുല്യൻ എന്ന പ്രസിദ്ധ പണ്ഡിതൻ പ്രസ്തുതാഭിപ്രായത്തിനു പിൻതുണ നല്കി. എന്നാൽ അദ്ദേഹം അതിനു മുമ്പെഴുതിയ "പാപസങ്കീർത്തനം" എന്ന ഗ്രന്ഥത്തിൽ കത്തോലിക്കാസിദ്ധാന്തം എന്താണെന്നു തെളിവായി പ്രതിപാദിച്ചിട്ടുണ്ടു്. അദ്ദേഹം പറയുന്നു: "ജ്ഞാനസ്നാനംവഴി പാപമോക്ഷത്തിൻെറ പടിവാതിൽ അടച്ചു പൂട്ടിപ്പോയെങ്കിലും, ദുഷ്ടാരൂപിയുടെ ഈവക വിഷദ്രാവകങ്ങൾ മുൻകൂട്ടി കണ്ടുകൊണ്ടു, ദൈവം അതു വീണ്ടും ഏറക്കുറെ തുറന്നുതന്നെ നില്ക്കുവാൻ അനുവദിച്ചിട്ടുണ്ടു്. മുട്ടിവിളിക്കുന്നവർക്കു തുറന്നുകൊടുക്കുവാൻവേണ്ടി ഇടനാഴിയിൽ രണ്ടാമതൊരു അനുതാപമുറയെ സജ്ജീകരിച്ചുനിറുത്തിയിരിക്കുന്നു. വീണ്ടും പാപത്തിലുൾപ്പെടുന്നതു ആർക്കും അലോഹ്യകരമായിരിക്കട്ടെ. എന്നാൽ രണ്ടാമതും അനുതപിക്കുന്നതു് ആർക്കും അലോഹ്യകരമാകാതിരിക്കട്ടെ. വീണ്ടും ആത്മനാശത്തിലകപ്പെടുന്നതു ആർക്കും അലോഹ്യകാരണമാകട്ടെ; എന്നാൽ രണ്ടാമതും സ്വാതന്ത്ര്യം പ്രാപിക്കുന്നതു ആരും ലജ്ജാവഹമായി കരുതാതിരിക്കട്ടെ. ആവർത്തിച്ചുണ്ടാകുന്ന രോഗത്തിനു ആവർത്തിച്ചുള്ള ചികിത്സ ആവശ്യമാണല്ലോ." അതേകൃതിയിൽ 9-ാം അദ്ധ്യായത്തിൽ പുരോഹിതന്മാരുടെ കാല്ക്കൽ സ്വയം എളിമപ്പെടുന്ന അനുതാപികളെക്കുറിച്ചു അദ്ദേഹം എടുത്തുപറയുന്നതായും കാണാം. എന്നാൽ മൊൺടാനൂസിൻെറ പാഷണ്ഡതയിൽ നിപതിച്ചതിനുശേഷം ചിലതരം പാപങ്ങൾക്കു പൊറുതി കിട്ടുക സാദ്ധ്യമല്ലെന്നായി അദ്ദേഹത്തിൻെറ വാദം. അതനുസരിച്ചു അദ്ദേഹം ഒരു പുസ്തകംതന്നെയും പ്രസിദ്ധംചെയ്തു. തെററായ ഈ നിലപാടിനെ ഗൗരവപൂർവ്വം കുററപ്പെടുത്തിക്കൊണ്ടു കല്ലിസ്റ്റസ് പാപ്പാ പുറപ്പെടുവിച്ച ശാസനാത്മകമായ വിളംബരം സുപ്രസിദ്ധമാണ്. ടെർട്ടുല്യൻെറ അനന്യാദൃശമായ പാണ്ഡിത്യവും വാഗ്മിത്വവും അവഗണിച്ചുകൊണ്ടു സാർവ്വത്രികസഭ പ്രസ്തുതപ്രഖ്യാപനത്തെ സദരം സ്വാഗതം ചെയ്യുകയാണുണ്ടായതു്. ഇതുതന്നെ ക്രൈസ്തവസഭയുടെ ആരംഭദശയിൽപ്പോലും പാപസങ്കീർത്തനപരമായി സർവ്വത്ര ശ്രദ്ധേയമായിരുന്ന പൊതുജനവിശ്വാസത്തിനു പ്രത്യക്ഷലക്ഷ്യമായെടുക്കാം.

പി. കെ.


## വില്പാൻ തയ്യാർ

| | വില |
|---|---|
| | ക. ണ. പ. |
| ഭർത്താക്കന്മാരോടു (മി. ജോസഫ് മീനാട്ടൂർ). അവതാരിക മി. കെ. ജെ. അഗസ്റ്റിൻ എം. എ., എൽ. ടി. | 0—4—0 |
| രക്തസാക്ഷിണി (മി. ജയിംസ് കെ. സി. മണിമല) | 0—12—0 |
| മതപഠനം (റവ. ഫാ. ജോസഫ് പി. വിതയത്തിൽ) | 1—8—0 |
| ആധുനികലോകം (മോൺ. ഫൾട്ടൺ ജെ. ഷീൻ ൻെറ The Cross and the Crisis എന്ന ഗ്രന്ഥത്തിൻെറ സ്വതന്ത്രവിവർത്തനം) | 1—8—0 |
| കന്യാസ്ത്രീ (ഒരു വിമർശഗ്രന്ഥം) (മി. എം. ഒ. ജോസഫ്, നെടുങ്കുന്നം) | 0—8—0 |
| മാർത്തോമ്മാ സ്ലീഹായും മലങ്കരയും (മി. ആൻറണി ജെ. മുക്കാടൻ) | 0—8—0 |

മാനേജർ

മാർ ളൂയീസ് മെമ്മോറിയൽ പ്രസ്സ്,

എറണാകുളം

വിമർശനവീഥി

# സ്വരൂപവണക്കം വിഗ്രഹാരാധനയല്ല

എറണാകുളത്തുനിന്നു പുറപ്പെടുന്ന ഒരു അകത്തോലിക്കാ ക്രിസ്തീയപത്രത്തിൽ, ഫാത്തിമാമാതാവിൻെറ സ്വരൂപത്തിനു കത്തോലിക്കർ നല്കുന്ന വണക്കം "വിഗ്രഹാരാധന"യാണെന്നു അപലപിച്ചുകൊണ്ടു് കുറേ ദിവസങ്ങൾക്കുമുൻപു് "കൽദായ സുറിയാനിക്കാരൻ" എന്ന പേരുവച്ചു് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തികണ്ടു. ലേഖനത്തിൻെറ അവസാനഭാഗത്തു ചെയ്തിരിക്കുന്ന പ്രസ്താവങ്ങളിൽനിന്നു മനസ്സിലാകുന്നതു്, ലേഖകൻെറ ആക്ഷേപം കത്തോലിക്കർ ദേവമാതാവായ പരിശുദ്ധ കന്യകമറിയത്തോടു കാണിക്കുന്ന വണക്കത്തെക്കുറിച്ചല്ല, പ്രത്യുത ആ വണക്കം മാതാവിൻെറ സ്വരൂപം വഴിയായി നൽകുന്നതിനെപ്പററിയാണെന്നാണു്. ലേഖകൻെറ ആക്ഷേപത്തിനു് താങ്ങായി അദ്ദേഹം ആശ്രയിക്കുന്നതു്, പ്രോട്ടസ്റ്റൻറുകാർ സാമാന്യമായി ചെയ്യാറുള്ളതുപോലെ, പഴയനിയമത്തിൽ ദൈവം മോശയ്ക്കുകൊടുത്ത കല്പനകളിൽ രണ്ടാമത്തേതിലെ നിരോധനമാകുന്നു. ഈ നിരോധനം കത്തോലിക്കരുടെ സ്വരൂപവണക്കത്തിനു ബാധകമല്ലെന്നു തെളിയിച്ചുകൊണ്ടു് ചില ലേഖനങ്ങൾ ഏതാനും മാസങ്ങൾക്കുമുൻപു് സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതിനാൽ ആ ഭാഗത്തേക്കു തൽക്കാലം പ്രവേശിക്കേണ്ട ആവശ്യം ഞങ്ങൾ കാണുന്നില്ല. ലേഖകൻ കത്തോലിക്കരിൽ ആരോപിക്കുന്നതും അദ്ദേഹത്തിനു് ആശയക്കുഴപ്പം ഉള്ളതുമായ "വിഗ്രഹാരാധന" എന്ന വിഷയത്തെപ്പററി മാത്രമേ ഞങ്ങൾ തൽക്കാലം പ്രതിപാദിക്കാനുദ്ദേശിക്കുന്നുള്ളു.

## വിഗ്രഹാരാധനയെന്തു് ?

ദൈവത്തിനുമാത്രം അർഹതയുള്ളതും തന്മൂലം ദൈവത്തിനുമാത്രം നൽകുവാൻ പാടുള്ളതുമായ പരമമായ വണക്കം അഥവാ ആരാധന ദൈവമല്ലാത്ത മറേറതൊരാൾക്കോ ഏതൊരു വസ്തുവിനോ നൽകുന്നതാണു് വിഗ്രഹാരാധന. ദൈവം നമ്മുടെ സ്രഷ്ടാവും നമ്മുടെ പരമാന്ത്യവുമാണല്ലോ. ദൈവമല്ലാതെ മററാരും ആ സ്ഥാനത്തെ അർഹിക്കുന്നില്ല. ആകയാൽ ആ സ്ഥാനത്തിനുമാത്രം അർഹമായ ആരാധന മററാർക്കും നൽകാവുന്നതും അല്ല. നൽകുന്നതു ദൈവത്തോടു ചെയ്യുന്ന ഏററവും വലിയ നിന്ദനമാകുന്നു. ഇതുകൊണ്ടാണു വിഗ്രഹാരാധന ഏററവും വലിയ പാപമായി കത്തോലിക്കർ കരുതുന്നതും വെറുക്കുന്നതും.

## വിഗ്രഹം വേണമെന്നില്ല

വിഗ്രഹാരാധനയുടെ ഈ നിർവചനത്തിൽനിന്നു ഒരു സംഗതി സ്പഷ്ടമാകുന്നുണ്ടു്. യാതൊന്നു വിഗ്രഹാരാധനയാകുന്നമെങ്കിൽ വിഗ്രഹങ്ങളുടെ ഉപയോഗം അവശ്യം ആവശ്യമില്ലെന്നുള്ളതാണു് അതു്. അവതാരപുരുഷന്മാരുടെ കാര്യമെടുക്കുക. ദൈവം മനുഷ്യരൂപം എടുത്തു ലോകത്തിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ആ ആളെയാണല്ലോ അവതാരപുരുഷൻ എന്നു സാമാന്യമായ അർത്ഥത്തിൽ നാം വിളിക്കുന്നതു്. സാക്ഷാൽ അവതാരപുരുഷനല്ലാത്ത ഒരാൾ അവതാരപുരുഷനാണെന്നു തെററായി വിശ്വസിക്കുകയും, അവതാരപുരുഷൻ അർഹിക്കുന്ന ആരാധന ആയാൾക്കു മനസ്സുകൊണ്ടുപോലും നൽകുകയും ചെയ്താലും അതു് യഥാർത്ഥത്തിൽ വിഗ്രഹാരാധനയായിരിക്കും. മഹാത്മാഗാന്ധി ഒരു മനുഷ്യൻ മാത്രമാണു്; താൻ മനുഷ്യൻ മാത്രമാണെന്നും അവതാരപുരുഷനല്ലെന്നും അദ്ദേഹംതന്നെ പല പ്രാവശ്യം പ്രഖ്യാപിച്ചിട്ടുള്ളതാണല്ലോ. എങ്കിലും ചില മനുഷ്യർ അദ്ദേഹത്തെ അവതാരപുരുഷനായി ഗണിക്കുന്നുണ്ടെന്നു പത്രങ്ങളിൽനിന്നറിയാം. ഗാന്ധിജി യഥാർത്ഥത്തിൽ അവതാരപുരുഷൻ അല്ലാതിരിക്കെ, അദ്ദേഹം അവതാരപുരുഷനാണെന്നു വിശ്വസിക്കുകയും അവതാരപുരുഷനു യോഗ്യമായ ആരാധന അദ്ദേഹത്തിനു നല്കുകയും ചെയ്യുന്നവർ സാക്ഷാൽ വിഗ്രഹാരാധനക്കാരാണു്. ഗാന്ധിജിയുടെ മുൻപിൽ അവർ സാഷ്ടാംഗപ്രണാമം ചെയ്യുന്നില്ലായിരിക്കാം; ഗാന്ധിജിയുടെ കൊത്തുരൂപമോ എഴുത്തുരൂപമോ ആരാധനയ്ക്കു് അവർ ഉപയോഗിക്കുന്നില്ലായിരിക്കാം. എന്നുവരികിലും അവർ ഗാന്ധിജിയെ സംബന്ധിച്ചു സാക്ഷാൽ വിഗ്രഹാരാധനക്കാർ തന്നെ.

## വിഗ്രഹാരാധനയിൽ വിഗ്രഹത്തിൻെറ സ്ഥാനം

വിഗ്രഹാരാധനയെന്ന പദത്തിൻെറ നിർവചനമനുസരിച്ചു് യാതൊന്നു വിഗ്രഹാരാധനയാകുവാൻ വിഗ്രഹത്തിൻെറ ഉപയോഗം കൂടിയേ കഴിയുവെന്നില്ലെങ്കിലും സാമാന്യമായി വിഗ്രഹങ്ങളുടെ ഉപയോഗത്തോടുകൂടിയാണു് വിഗ്രഹാരാധന നടക്കുന്നതു്. ഇങ്ങനെയുള്ള വിഗ്രഹാരാധനയിൽ വിഗ്രഹങ്ങൾക്കുള്ള സ്ഥാനം പലതാകാം: ആരാധിക്കപ്പെടുന്ന ആളുടെ പ്രാതിനിധ്യം മാത്രം വഹിക്കുകയും, ആയാളെ ഓർക്കുവാൻ സഹായിക്കുകയും മററും ചെയ്യുകയെന്നതു മാത്രമായിരിക്കാം വിഗ്രഹം വഹിക്കുന്ന സ്ഥാനം. അങ്ങനെയെങ്കിൽ ആ വിഗ്രഹത്തിൻെറ ഉപയോഗം ആരാധനയുടെ സ്വഭാവത്തെ സാരമായി സ്പർശിക്കുകയില്ല. ആരാധിക്കപ്പെടുന്ന ആൾ സാക്ഷാൽ ദൈവമോ ദൈവാവതാരമോ ആണെങ്കിൽ, അദ്ദേഹത്തിൻെറ വിഗ്രഹം ആരാധനയിൽ ഉപയോഗിക്കുന്നുവെന്ന കാരണത്താൽമാത്രം അതു വിഗ്രഹാരാധനയാവുകയില്ല; പ്രത്യുത അതു സാക്ഷാൽ ദൈവാരാധന തന്നെയായിരിക്കും.

ആരാധനയിൽ വിഗ്രഹം വഹിക്കുന്നസ്ഥാനം വേറൊന്നാണെന്നുവരാം. വിഗ്രഹത്തെ ദൈവംതന്നെയായോ, ദൈവം കുടികൊണ്ടിരിക്കുന്ന വസ്തുവായോ, ദൈവികമായ ഏതോ ചൈതന്യം അധിവസിക്കുന്ന വസ്തുവായോ ആരാധകൻ വിശ്വസിക്കുകയും ഗണിക്കുകയും ചെയ്യുന്നുണ്ടെന്നുവരാം. ഈ മൂന്നു സങ്കല്പത്തിലും ആരാധന വിഗ്രഹാരാധന തന്നെയായിരിക്കും. മുകളിൽ കൊടുത്ത വിഗ്രഹാരാധനയുടെ നിർവചനത്തിൽനിന്നുതന്നെ ഇതു വിശദമാകുന്നുണ്ടല്ലോ. വിഗ്രഹം ദൈവമല്ലെന്നു സ്പഷ്ടമാകയാൽ അതിനു ദൈവാരാധന നല്കുന്നതു തികച്ചും വിഗ്രഹാരാധനതന്നെ. വിഗ്രഹത്തിൽ ദൈവം യഥാർത്ഥത്തിൽ കുടികൊള്ളുന്നില്ലെങ്കിൽ, വിഗ്രഹത്തിൽ യാതൊരു ദൈവചൈതന്യവും യഥാർത്ഥത്തിൽ അധിവസിക്കുന്നില്ലെങ്കിൽ, അങ്ങനെയുണ്ടെന്നു തെററായി വിശ്വസിക്കുകയും തദനുസരണം ഇല്ലാത്ത അതിലെ ദൈവസാന്നിദ്ധ്യത്തിനും ദൈവികചൈതന്യത്തിനും ആരാധന നല്കുകയും ചെയ്യുന്നതു സാക്ഷാൽ വിഗ്രഹാരാധനയാകുന്നു.

ഇപ്പറഞ്ഞ തരത്തിലുള്ള വിഗ്രഹങ്ങളേയും, വിഗ്രഹാരാധനയേയുമാണു് പഴയനിയമത്തിൽ കർശനമായി നിരോധിച്ചിട്ടുള്ളതു്. ലേഖകൻ പഴയനിയമത്തിൽനിന്നു് ഉദ്ധരിച്ചിട്ടുള്ള വാക്കുകൾതന്നെ അതിനു തെളിവാണല്ലോ. പുറജാതിക്കാർ ആരാധന നല്കുന്ന വിഗ്രഹങ്ങളെപ്പററി "അവയ്ക്കു വായുണ്ടെങ്കിലും സംസാരിക്കുന്നില്ല, കണ്ണുണ്ടെങ്കിലും കാണുന്നില്ല, ചെവിയുണ്ടെങ്കിലും കേൾക്കുന്നില്ല, മൂക്കുണ്ടെങ്കിലും മണക്കുന്നില്ല, കൈയുണ്ടെങ്കിലും സ്പർശിക്കുന്നില്ല, കാലുണ്ടെങ്കിലും നടക്കുന്നില്ല" എന്നുംമററും പഴയനിയമഗ്രന്ഥത്തിൽ അനേകസ്ഥലത്തിൽ പ്രസ്താവിച്ചിട്ടുള്ളതിൻെറ അർത്ഥം, അവയെ ആരാധിക്കുന്നവർ വിഗ്രഹങ്ങളെ ദൈവംതന്നെയായോ, ദൈവം കുടികൊള്ളുന്ന വസ്തുക്കളായോ ദൈവികചൈതന്യം അധിവസിക്കുന്ന വസ്തുക്കളായോ പരിഗണിച്ചിരുന്നുവെന്നാണല്ലോ.

## കത്തോലിക്കർ വണങ്ങുന്ന സ്വരൂപങ്ങൾ

കത്തോലിക്കർ വണങ്ങുന്ന സ്വരൂപങ്ങളെ, കൊത്തുരൂപങ്ങളേയും എഴുത്തുരൂപങ്ങളേയും, അവർ ഈ വിധത്തിൽ ഗണിക്കുന്നില്ല. അതിനു തെളിവു് കത്തോലിക്കാസഭയുടെ ഔദ്യോഗികമായ പ്രബോധനങ്ങൾ തന്നെയാണു്. പ്രോട്ടസ്റ്റൻറുകാരുടെ ആരോപണങ്ങളെ ഖണ്ഡിച്ചുകൊണ്ടു്, 1545-ൽ സമ്മേളിച്ച ഏററവും പ്രധാനമായ ത്രിദന്തീനാസു് സൂനഹദോസിലെ പ്രഖ്യാപനം ഇതിനു ദൃഷ്ടാന്തമാണു്. അടുത്തുമുമ്പിലത്തെ ഒരു ലക്കത്തിൽ (18) ഉദ്ധരിച്ചിരുന്ന ആ വാക്കുകൾ ഞങ്ങൾ വീണ്ടും ഉദ്ധരിക്കുന്നു.

"ക്രിസ്തുവിൻേറയും കന്യകയായ ദേവമാതാവിൻേറയും മററു വിശുദ്ധരുടേയും രൂപങ്ങൾ ഉണ്ടാക്കുകയും, പള്ളികളിൽ പ്രത്യേകിച്ചും സൂക്ഷിക്കുകയും, അവയ്ക്കു തക്ക ബഹുമാനവും വണക്കവും നല്കുകയും ചെയ്യേണ്ടതാണു്. ഏതെങ്കിലും ദൈവത്വമോ ശക്തിയോ അവയിൽ സ്ഥിതിചെയ്യുന്നുണ്ടെന്നും അതുനിമിത്തമാണു് അവയെ വണങ്ങേണ്ടതെന്നും വിശ്വസിക്കുന്നതായി അർത്ഥമാക്കേണ്ടതില്ല. അവയോടു് എന്തെങ്കിലും അഭ്യർത്ഥിക്കുന്നതായോ ബിംബങ്ങളിൽ ശരണം വച്ചിരുന്ന പുറജാതികൾ പണ്ടു ചെയ്തിരുന്നതുപോലെ സ്വരൂപങ്ങളിൽ ശരണം വച്ചിരിക്കുന്നതായോ അർത്ഥമാക്കേണ്ടതുമില്ല. രൂപങ്ങളോടു കാണിക്കുന്ന ബഹുമാനം അവ പ്രതിനിധാനംചെയ്യുന്ന ആളുകളെ ഉദ്ദേശിച്ചുള്ളതാണു്. തന്മൂലം രൂപങ്ങളെ നാം മുത്തുകയും അവയുടെ മുൻപിൽ നാം തൊപ്പിയെടുത്തുമാററുകയും നാം സാഷ്ടാംഗം ചെയ്യുകയും ചെയ്യുമ്പോൾ അവ പ്രതിനിധാനം ചെയ്യുന്ന ക്രിസ്തുവിനെ നാം ആരാധിക്കുകയും വിശുദ്ധരെ നാം വണങ്ങുകയുമാണു ചെയ്യുന്നതു്."

ഞങ്ങൾ കീഴ്വര ഇട്ടിരിക്കുന്ന വാക്കുകളിൽനിന്നു്, വിഗ്രഹങ്ങളെ പുറജാതികൾ ഗണിക്കുന്ന വിധത്തിലല്ല കത്തോലിക്കർ സ്വരൂപങ്ങളെ ഗണിക്കുന്നതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. നാം വിലമതിക്കുകയും സ്നേഹിക്കുകയും അനുകരണയോഗ്യരായി ഗണിക്കുകയും ചെയ്യുന്ന മഹാന്മാരുടെ പ്രതിമകളെ എന്നപോലെ മാത്രമാണു് ക്രിസ്തുവിൻേറയും വിശുദ്ധരുടേയും സ്വരൂപങ്ങളെ കത്തോലിക്കർ നിർമ്മിക്കുകയും വണങ്ങുകയും ചെയ്യുന്നതെന്നും പ്രസ്തുത പ്രഖ്യാപനത്തിൽനിന്നു തെളിയുന്നുണ്ടല്ലോ. ക്രിസ്തു സാക്ഷാൽ ദൈവാവതാരമാണെന്നു യുക്തിപൂർവ്വം വിശ്വസിക്കുന്നവരാണു് സാക്ഷാൽ ക്രിസ്ത്യാനികൾ. തന്നിമിത്തം ക്രിസ്തുവിനു നല്കുന്ന ആരാധന ഒരു വിധത്തിലും വിഗ്രഹാരാധനയല്ലെന്നു ഏതൊരു യഥാർത്ഥക്രിസ്ത്യാനിയും സമ്മതിക്കേണ്ടതാണു്. ദൈവമായ ക്രിസ്തുവിൻെറ മാതാവായ പരിശുദ്ധ കന്യകമറിയത്തേയും ക്രിസ്തുഭക്തരായ വിശുദ്ധരേയും മനുഷ്യർ മാത്രമായിട്ടാണു് കത്തോലിക്കർ ഗണിക്കുന്നതു്. ആകയാൽ അവരുടെ സ്വരൂപങ്ങൾക്കു കത്തോലിക്കർ നല്കുന്ന വണക്കത്തിലും വിഗ്രഹാരാധനയുടെ യാതൊരംശവും ഇല്ലെന്നു സുബുദ്ധിയുള്ള സകലരും സമ്മതിക്കേണ്ടതാണു്. "ദൈവവചനം കേൾക്കുകയും അതനുഷ്ഠിക്കുകയും ചെയ്യുന്നവർ അനുഗൃഹീതരാണു്." എന്ന ക്രിസ്തുവിൻെറ വാക്യം ഇവിടെ അനുസ്മരിക്കാം. മനുഷ്യരിൽ കാണാവുന്ന ഏററവും വലിയ മാഹാത്മ്യം അവർ സാക്ഷാൽ ദൈവഭക്തരും ദൈവഹിതം മനസാ വാചാ കർമ്മണാ അനുഷ്ഠിക്കുന്നവരും തത്ഫലമായി ദൈവത്തിനു് ഏററവും പ്രീതിയുള്ളവരും ആണെന്നുള്ളതാണല്ലോ. ഇത്തരം മാഹാത്മ്യത്തെ മററു ഭൗതികങ്ങളായ മാഹാത്മ്യങ്ങളിൽനിന്നു വേർതിരിച്ചു് മതപരമായ മാഹാത്മ്യമായി സകലമതക്കാരും ഗണിക്കുന്നു. മതാനുഷ്ഠാനത്തിൽ ആ മാഹാത്മ്യത്തിൻെറ അംഗീകരണത്തിനു സ്ഥാനവും കൊടുക്കുന്നു. ലൗകികവ്യാപാരങ്ങളിൽ ലൗകികമാഹാത്മ്യത്തിനു സ്ഥാനം കൊടുക്കാമെങ്കിൽ മതാനുഷ്ഠാനങ്ങളിൽ മതപരമായ മാഹാത്മ്യത്തിനു് എന്തുകൊണ്ടു സ്ഥാനം കൊടുത്തുകൂടാ? ലൗകികമാഹാത്മ്യങ്ങളുള്ളവരെ അവരുടെ പ്രതിമകൾ വഴിയായി ഓർക്കുകയും ബഹുമാനിക്കുകയും ബാഹ്യമായ ചടങ്ങുകളാലും ആഘോഷങ്ങളാലും ആ ബഹുമാനം പ്രകടിപ്പിക്കുകയും ചെയ്യാമെങ്കിൽ, അതേനടപടി മതപരമായ മാഹാത്മ്യമുള്ള വിശുദ്ധരുടെ സ്വരൂപങ്ങളുടെ കാര്യത്തിൽ എന്തുകൊണ്ടു ചെയ്തുകൂടാ? അവരുടെ സ്വരൂപങ്ങൾ "ദേവാലയങ്ങൾ, ഭവനങ്ങൾ, ആശ്രമങ്ങൾ, മഠങ്ങൾ, ചാപ്പലുകൾ" മുതലായ സ്ഥലങ്ങളിൽ പ്രതിഷ്ഠിച്ചുവയ്ക്കുകയും വണങ്ങുകയും ചെയ്യുന്നതു് അവരുടെ മതപരമായ മാഹാത്മ്യം നിമിത്തമാണു്; ആ മാഹാത്മ്യത്തെ ദൈവം അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടാണു്. തന്മൂലം പ്രസ്തുത നടപടി വിഗ്രഹാരാധനയാണെന്നു തെററിദ്ധരിച്ചു വിശുദ്ധരുടെ സ്വരൂപങ്ങൾ ആ സ്ഥലങ്ങളിൽനിന്നെല്ലാം എടുത്തു മാറേറണ്ടതാണെന്നു ലേഖകൻ പറയുന്നതിൽ യാതൊരു യുക്തിയുമില്ല.

## ഹിന്ദുക്കളും കത്തോലിക്കരും തമ്മിലുള്ള വ്യത്യാസം

സ്വരൂപവണക്കത്തിൻെറ കാര്യത്തിൽ ഹിന്ദുക്കളും കത്തോലിക്കരും തമ്മിലുള്ള വ്യത്യാസം മൗലികമാണു്. ബാഹ്യമായ ചടങ്ങുകളും ആഘോഷങ്ങളും ഇരുകൂട്ടർക്കും പലതിലും തുല്യങ്ങളാണെങ്കിലും ഇരുകൂട്ടരുടേയും ആന്തരികമായ മനോഭാവത്തിലും ഗണനയിലും മൗലികമായ വ്യത്യാസമുണ്ടു്. കത്തോലിക്കരുടെ വിശ്വാസമനുസരിച്ചു് ഏക അവതാരമേയുള്ളു. ക്രിസ്തുമാത്രമാണു് അവതാരപുരുഷൻ. അതു തെളിയിക്കുവാൻ അവർ സന്നദ്ധരുമാണു്. ഹിന്ദുക്കളുടെ അവതാരപുരുഷന്മാരെ കത്തോലിക്കർ ആ നിലയിൽ സ്വീകരിക്കുന്നില്ല. തന്മൂലം ക്രിസ്തുവിനു കൊടുക്കുന്ന ആരാധന സാക്ഷാൽ ദൈവാരാധനയായും, ശ്രീകൃഷ്ണനു കൊടുക്കപ്പെടുന്ന ആരാധന സാക്ഷാൽ വിഗ്രഹാരാധനയായും കത്തോലിക്കർ ഗണിക്കുന്നു. ഇതിൽ ലേഖകനുൾപ്പെടെയുള്ള ക്രിസ്ത്യാനികൾ ഭിന്നാഭിപ്രായക്കാരായിരിക്കുവാൻ ന്യായമില്ല. രണ്ടാമതായി ഹിന്ദുക്കളുടെ വിഗ്രഹങ്ങളിൽ ദൈവസാന്നിദ്ധ്യമോ ദൈവികചൈതന്യമോ ഉള്ളതായി അവർക്കു വിശ്വാസമുണ്ടു്. ആ സാന്നിദ്ധ്യവും ചൈതന്യവും വിഗ്രഹങ്ങളിൽ വരുത്തുവാൻ "ആവാഹനം" എന്നറിയപ്പെടുന്ന പ്രത്യേകകർമ്മവും അവർക്കുണ്ടു്. "വിസർജ്ജനം" എന്ന മറെറാരു കർമ്മത്താൽ വിഗ്രഹങ്ങളിൽനിന്നു ആ സാന്നിദ്ധ്യവും ചൈതന്യവും അവർ ഇല്ലാതാക്കുകയും ചെയ്യുന്നു. ഇതും കത്തോലിക്കർ സ്വീകരിക്കുന്നില്ല. പ്രസ്തുതകർമ്മങ്ങളാൽ ദൈവസാന്നിദ്ധ്യമോ ദൈവചൈതന്യമോ ഉണ്ടാകുകയോ ഇല്ലാതാകുകയോ ചെയ്യുന്നുവെന്നുള്ള ഹിന്ദുക്കളുടെ വിശ്വാസം അബദ്ധമാണെന്നാണു് കത്തോലിക്കരുടെ മതം. ആകയാൽ വിഗ്രഹങ്ങളിൽ ദൈവസാന്നിദ്ധ്യമോ ദൈവചൈതന്യമോ യഥാർത്ഥത്തിൽ ഇല്ലാതിരിക്കെ, അവ ഉണ്ടെന്നുള്ള വിശ്വാസത്തോടുകൂടി ആ വിഗ്രഹങ്ങളെ ആരാധിക്കുകയോ വണങ്ങുകയോ ചെയ്യുന്നതു് സാക്ഷാൽ വിഗ്രഹാരാധനയായി കത്തോലിക്കർ ഗണിക്കുന്നു. യഥാർത്ഥക്രിസ്ത്യാനിയായ ഏതൊരുവനും ഈ അഭിപ്രായത്തിൽ കത്തോലിക്കരോടു യോജിക്കുവാൻ ന്യായമുണ്ടു്.

## കൂദാശകൾ

"കൂദാശകൾ" എന്നു വിളിക്കപ്പെടുന്ന ക്രിസ്തീയകർമ്മങ്ങളുടെ സ്വഭാവത്തെപ്പററിയും അല്പം പറയേണ്ടിയിരിക്കുന്നു. ആ കർമ്മാനുഷ്ഠാനങ്ങളിൽക്കൂടി ദൈവത്തിൻെറ പ്രസാദവരം അവ സ്വീകരിക്കുവാൻ വേണ്ട ഒരുക്കത്തോടുകൂടിയ ആത്മാക്കളിലേക്കു പ്രവഹിക്കുമെന്നു് കത്തോലിക്കർക്കു വിശ്വാസമുണ്ടു്. അങ്ങനെയൊരു ദിവ്യചൈതന്യപ്രവേശം ആ കർമ്മങ്ങൾക്കുള്ളതു് ദൈവമായ ക്രിസ്തുവിൻെറ നിശ്ചയത്താലാണു്. ആ കർമ്മാനുഷ്ഠാനങ്ങളോടു പ്രസാദവരത്തെ ക്രിസ്തു ബന്ധിച്ചുനിറുത്തിട്ടുണ്ടെന്നു തെളിവുമുണ്ടു്. തന്മൂലം കൂദാശകൾ സംബന്ധിച്ചുള്ള കത്തോലിക്കരുടെ വിശ്വാസത്തിൽ അന്ധമായോ, വിഗ്രഹാരാധനാപരമായോ യാതൊന്നുമില്ലതന്നെ.

ഏററവും വലിയ കൂദാശ വിശുദ്ധ കുർബാനയാകുന്നു. അപ്പത്തിൻെറ രൂപത്തിൻകീഴു് ക്രിസ്തു പൂർണ്ണമായി, ദൈ

വസ്വഭാവത്തോടും മനുഷ്യസ്വഭാവത്തോടും ആത്മാവോടും ശരീരത്തോടും കൂടി, സന്നിഹിതനായിരിക്കുന്നുണ്ടെന്നു കത്തോലിക്കർ വിശ്വസിക്കുന്നു. അങ്ങനെ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനെ അവർ ആരാധിക്കുകയും ചെയ്യുന്നു. ഈ ആരാധനയിലും വിഗ്രഹാരാധനയുടെ യാതൊരംശവുമില്ല. ക്രിസ്തു ഒടുവിലത്തെ അത്താഴസമയത്തു് അപ്പത്തിന്റെ സാധനം മുഴുവനും (substance) തന്റെ സജീവശരീരമായി പരിവർത്തനം ചെയ്തു. തദനന്തരം അപ്പത്തിന്റെ രൂപം മുതലായ ആഗന്തുകങ്ങളായ ഗുണങ്ങൾ (accidents) മാത്രം ശേഷിച്ചു. താൻ ചെയ്ത ഈ വസ്തുമാററം തന്റെ നാമത്തിലും തന്റെ ശക്തിയാലും ചെയ്യാനുള്ള അധികാരം ക്രിസ്തീയവൈദികന്മാർക്കു അവിടുന്നു നൽകുകയും ചെയ്തു. തദനുസരണം യഥാർത്ഥ ക്രിസ്തീയ വൈദികന്മാർ ചെയ്യുമ്പോൾ ക്രിസ്തു ചെയ്തപ്പോളുണ്ടായ ഫലംതന്നെ ഉണ്ടാകുന്നു. തന്മൂലം അപ്പത്തിന്റെ രൂപത്തിലുള്ള പരിശുദ്ധ കുർബാനയ്ക്കു കത്തോലിക്കാദേവാലയങ്ങളിൽ കത്തോലിക്കർ നൽകുന്ന ആരാധന ആ രൂപത്തിൻകീഴ് സന്നിഹിതനായിരിക്കുന്ന ദൈവമായ ക്രിസ്തുവിനു നൽകുന്ന ദൈവാരാധനയാണു്. ക്രിസ്തുവിന്റെ വാക്കുകളും പ്രവൃത്തികളും കത്തോലിക്കരുടെ ഈ വിശ്വാസത്തിനു് അനിഷേധ്യമായ തെളിവായിരിക്കുന്നുണ്ടു്. കൂദാശകളിൽ പൊതുവായും, കുർബാനയെന്ന കൂദാശയിൽ പ്രത്യേകിച്ചും, വിശ്വസിക്കുന്ന ഏതു ക്രിസ്ത്യാനിയും ഇതെല്ലാം സമ്മതിക്കേണ്ടതാണു്.


ആകയാൽ വിഗ്രഹാരാധന കത്തോലിക്കരിൽ ആരോപിക്കുവാൻ യാതൊരു ന്യായവുമില്ല. ആരോപിക്കുന്നവർ അവരുടെ അജ്ഞതയെയൊ ആശയക്കുഴപ്പത്തെയൊ പ്രകടിപ്പിക്കുകമാത്രമാണു ചെയ്യുന്നതു്.

## അഷ്ടദിന പ്രാർത്ഥനാപ്രസ്ഥാനം

(12-ാംപേജ് തുടർച്ച)

ച്ചിട്ടുണ്ടു്. കാൽഡിയിലെ ബനഡിക്‍റ്റൻ സന്യാസികളും, സൗത്തു് വെയിൽസിൽ മിൽഫോർഡ്ഹവനിലെ ബനഡിക്‍റ്റൻ സന്യാസിനികളും 1913-ൽ ഒന്നടങ്കം കത്തോലിക്കാസഭയെ ആശ്ലേഷിക്കയുണ്ടായി. ഈ കേരളത്തിൽ പുനരൈക്യപ്രസ്ഥാനമാരംഭിച്ചതും തൽഫലമായി വിവിധസഭകളിൽനിന്നും 4 അഭിവന്ദ്യതിരുമേനിമാരും, 120-ൽ പരം വൈദികന്മാരും, അൻപതിനായിരത്തോളം അത്മേനികളും ഇതിനോടകം കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിട്ടുള്ളതും ലോകപ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. അമേരിക്കയിൽ "ക്രിസ്തുരാജന്റെ സഹോദരസമൂഹാം"ഗങ്ങൾ ഒന്നിച്ചു് മാതൃസഭയെ ആശ്ലേഷിച്ചതു് 1936-ൽ ആയിരുന്നു. ഇംഗ്ലണ്ടിലും അമേരിക്കയിലുമുള്ള പ്രൊട്ടസ്റ്റൻറു സഭാംഗങ്ങളിൽ ബഹുഭൂരിപക്ഷത്തിനും കത്തോലിക്കാസഭയോടു യോജിക്കേണ്ടതിന്റെ ആവശ്യകത സുസ്പഷ്ടം ബോധ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. അമേരിക്കൻ ഐക്യനാടുകളിലുള്ള എപ്പിസ്കോപ്പൽ സഭയിലെ നേതാക്കന്മാരായ 29 മഹാന്മാർ ചേർന്നു് ഈ വിഷയത്തെ പുരസ്കരിച്ചു് "ഒരു പ്രത്യക്ഷപത്രം"തന്നെ ഈ അടുത്ത കാലത്തു് പ്രസിദ്ധപ്പെടുത്തുകയുണ്ടായി. "പ്രൊട്ടസ്റ്റൻറുസഭകൾ മതപരമായും, സാന്മാർഗ്ഗികമായും, സംസ്കാരപരമായും അധഃപതിച്ചിരിക്കുന്നു"വെന്നും സ്പഷ്ടമായി അവർ അതിൽ രേഖപ്പെടുത്തുകയും അതിനു പരിഹാരമായി "അപ്പസ്തോലകാലംമുതൽ ക്രൈസ്തവലോകത്തിന്റെ ഹൃദയവും കേന്ദ്രവുമായിരുന്നിട്ടുള്ള റോമായോടു് യോജിച്ചുനിന്നുകൊണ്ടു് ശത്രുവിനോടു് ധീരധീരം പോരാടണ"മെന്നും സ്വസഭാംഗങ്ങളെ ശക്തിയുക്തം ഉൽബോധിപ്പിക്കുകയും ചെയ്തിരിക്കുന്നു. എതന്മൂലംസത്യാന്വേഷികളായ ആയിരക്കണക്കിനു പ്രൊട്ടസ്റ്റൻറുകാരാണു് അമേരിക്കയിൽ പ്രതിവർഷം കത്തോലിക്കാസഭയെ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നതു്. അമേരിക്കയിലെ മാനസാന്തരങ്ങളെ അതിശയിക്കത്തക്കവിധമുള്ള പരിവർത്തനങ്ങളാണു് ഇംഗ്ലണ്ടിലും നടന്നിട്ടുള്ളതു്. സുപ്രസിദ്ധസാഹിത്യകാരന്മാർ, ശാസ്ത്രജ്ഞന്മാർ, വൈദികന്മാർ, പ്രഭുക്കന്മാർ എന്നുവേണ്ട, സത്യാന്വേഷികളായ അനേകായിരം പ്രൊട്ടസ്റ്റൻറുകാർ ഈ അടുത്തകാലത്തു് തിരുസ്സഭയിലേക്കു് പ്രത്യാഗമിച്ചിട്ടുണ്ടു്. ജി. കെ. ചെസ്റ്റർട്ടൻ, ആൽഫ്റഡ്നോയിസ്, ഷയിലാകയ്സ്മിത്തു്, കാൺഡഡ്ലി, ജോവാനസ്സ ജോർജ്ജൻസൺ, അർനോൾഡ് ലൺ, ജോൺ സ്റ്റോഡാർഡ്, വെർണൽ ജോൺസൺ, റൊനാൾഡ് നോക്സ് ആദിയായ മഹാന്മാരുടെ പരിവർത്തനങ്ങൾ പ്രൊട്ടസ്റ്റൻറു ലോകത്തെ ഇളക്കിമറിക്കുകതന്നെ ചെയ്തിട്ടുണ്ടു്. ആസന്നഭാവിയിൽ കത്തോലിക്കാസഭയെ ആശ്ലേഷിക്കുന്നതിനുള്ള സന്ദർഭം പ്രതീക്ഷിച്ചുകൊണ്ടു് അനേകായിരം പ്രൊട്ടസ്റ്റൻറുകാർ പാർത്തിരിക്കുന്നുമുണ്ടു്. നമ്മുടെ മാതൃരാജ്യമായ ഭാരതത്തിലും ഇക്കേരളത്തിലുമുള്ള അകത്തോലിക്കാസഭകളിൽനിന്നും ആരംഭിച്ചിട്ടുള്ള പുനരൈക്യപ്രവാഹത്തിന്റെ ശക്തി അടുത്തുതന്നെ പതിന്മടങ്ങായി വർദ്ധിക്കുന്നതിനുള്ള ലക്ഷണങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. ഇവയെല്ലാം "അഷ്ടദിനപ്രാർത്ഥന"യുടെ പ്രത്യക്ഷഫലങ്ങളാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല.

"ഈ തൊഴുത്തിൽ ഉൾപ്പെടാത്ത ആടുകൾ എനിക്കുണ്ടു്, അവയേയും ഞാൻ കൊണ്ടുവരേണ്ടതാകുന്നു. അവ എന്റെ ശബ്ദം കേൾക്കും. ഒരു തൊഴുത്തും ഒരു ഇടയനുമായിത്തീരുകയും ചെയ്യും" (യോഹന്നാൻ 10, 16) എന്നുള്ള ദിവ്യനാഥന്റെ പ്രവചനം അടുത്തുതന്നെ നിറവേറുവാൻ അവിടുന്നുതന്നെ ഇടയാക്കിത്തീർക്കട്ടെ!



ST. ALOYSIUS ELECTROPLATING WORKS AND CATHOLIC DEPOT,
Municipal Office Road, TRICHUR. PROPRIETOR: C. O. LOUIS


## Church Unity Octave

January 1-th – 25th

LITANY

(Used and approved in the Patriarchate of the Syrian Catholics) to help us to approach this time of prayer in the right spirit.

V. For the many times we have looked at the speck in the eyes of our non-Catholic brothers and sisters, rather than at their sincere faith and good will,
R. Lord, forgive us.
V. For our sarcasm, narrow-mindedness and exaggerations in controversy, and our hardness and severe judgments in their regard,
R. Lord, forgive us.
V. For the bad example that we give in our lives, thereby discouraging, lessening or even destroying the effort of Thy grace in their souls,
R. Lord, forgive us.
V. For our forgetfulness to pray for them often, warmly and with brotherly love,
R. Lord, forgive us.
V. In spite of difference of language colour and nationality,
R. Jesus, make us one.
V. In spite of our ignorance of one another, of our prejudices and of our dislike,
R. Jesus, make us one.
V. In spite of all spiritual and intellectual barriers,
R. Jesus, make us one.
V. O God, for Thine own greater glory,
R. Bring together us separated Christians.
V. O God, for the triumph of goodness and truth,
R. Bring together us separated Christians.
V. O God, that there may be one only sheepfold for the one Shepherd,
R. Bring together us separated Christians.
V. O God, that peace may reign in the world.
R. Bring together us separated Christians.
V. O God, to fill the heart of Thy Son with joy.
R. Bring together us separated Christians.

(Indulgence 50 days)


## സുഖാനന്ദകല്പം

ചുമ, നെഞ്ചുവേദന, ക്ഷയപ്പനി, മെലിച്ചൽ, ഹൃദ്രോഗം ഇവകളെ മാററി നല്ല ദേഹപുഷ്ടിയുണ്ടാക്കുന്ന ലേഹ്യമാണിതു്. റാ. 1 ക്കു് വി പി. ചിലവടക്കം 4 ക. മാത്രം.

ദിവ്യൗഷധശാല, മണലൂർ, C. T. U.


കുടുംബപംക്തി

## തപസ്സും വേണം

(കുടുംബസ്നേഹി)

ഈയിടെ ഒരു വേദപാഠക്ലാസ്സിൽ ഫാത്തിമാമാതാവു കുട്ടികളോടു പാപികളുടെ മാനസാന്തരത്തിനായി തപസ്സു ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുള്ള വിവരം പറഞ്ഞപ്പോൾ ഒരു കുട്ടി എഴുന്നേററു് "ഞങ്ങൾക്കു എന്തു തപസ്സു ചെയ്യാൻ സാധിക്കും?" എന്നു ചോദിക്കയുണ്ടായി. മാതാവിന്റെ ആഗ്രഹാനുസരണം എന്തെങ്കിലും തപഃക്രിയ ചെയ്യാൽ കൊള്ളാമെന്നുള്ള പരമാർത്ഥമായ ആഗ്രഹത്തോടുകൂടിയാണു് ആ നല്ല കുട്ടി പ്രസ്തുത ചോദ്യം ചോദിച്ചതു്. ഇതു സംബന്ധിച്ചു ചെറുപ്പംമുതലേ കുട്ടികൾക്കു പറഞ്ഞുകൊടുക്കയും അഭ്യസിപ്പിക്കയും ചെയ്യേണ്ട ഒരു ചുമതല എല്ലാ കാരണവന്മാർക്കും ഉണ്ടു്. ക്രിസ്തീയ ജീവിതം തികച്ചും തപസ്സിന്റെ ജീവിതമാണു്. "എന്നെ അനുഗമിക്കുവാൻ മനസ്സാകുന്നവൻ തന്നെത്തന്നെ പരിത്യജിച്ചു് തന്റെ കുരിശും എടുത്തുകൊണ്ടു് എന്റെ പിന്നാലെ വരട്ടെ" എന്നും "പ്രായശ്ചിത്തം ചെയ്യാത്തപക്ഷം നിങ്ങളെല്ലാവരും നശിച്ചുപോകു"മെന്നും നമ്മുടെ കർത്താവീശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നതിനെ ഫാത്തിമാമാതാവു നമ്മെ ഓർമ്മിപ്പിക്കുക മാത്രമാണു ചെയ്യുന്നതു്. അല്ലാതെ പുതിയ തത്വമൊന്നും അവിടുന്നു ഉപദേശിക്കുന്നില്ല.

മാതാവിന്റെ സന്ദർശനത്തോടുകൂടി തപസ്സിന്റെ അരൂപി നമ്മുടെ കുടുംബങ്ങളിൽ കൂടുതലായി ഉണ്ടാകുന്നതിനു നമുക്കു ശ്രമിക്കാം. തപസ്സു രണ്ടുവിധത്തിലാകാം. സ്വാഭാവികമായി നമുക്കു ഇഷ്ടമുള്ളതിനെ ത്യജിക്കുന്നതും ഇഷ്ടമില്ലാത്തതിനെ സ്വീകരിക്കുന്നതും തപസ്സാണു്. പഞ്ചസാര, മധുരപലഹാരങ്ങൾ, പഴങ്ങൾ, രുചിയുള്ള കറികൾ മുതലായവ ചിലപ്പോഴെല്ലാം കുറെശ്ശെ ഉപേക്ഷിക്കാൻ ആർക്കും സാധിക്കും. അതുപോലെ, രുചിപിടിക്കാത്തതെങ്കിലും, ശരീരത്തിനു ഉപകാരമുള്ളതെന്നു ബോദ്ധ്യമുള്ള ഭക്ഷണസാധനങ്ങൾ ഉപയോഗിക്കാനും കഴിയും. നേരം വെളുത്താലുടൻ തണുപ്പും മററും വകവയ്ക്കാതെ എഴുന്നേല്ക്കുന്നതും ശീതോഷ്ണാവസ്ഥകളുടെ അസൗകര്യം നോക്കാതെ ജോലികളിൽ ഏർപ്പെടുന്നതും തപസ്സാണു്. അല്പം തപസ്സിന്റെ അരൂപിയുണ്ടെങ്കിൽ എല്ലാദിവസവും രാവിലെ ഒരു കുർബാന കാണാനും ദിവസേനതന്നെ വി. കുർബാന ഉൾക്കൊള്ളാനും പലർക്കും സാധിക്കുന്നതാണു്.

ജപമാല ചൊല്ലുന്നതിനെ സംബന്ധിച്ചു പ്രത്യേകമായിട്ടു പറയുന്നപക്ഷം എങ്ങും ചാരി ഇരിക്കാതെ മുട്ടിന്മേൽ നിന്നുതന്നെ അതു മുഴുവൻ ചൊല്ലാൻ ശ്രമിക്കേണ്ടതാണു്. ചില സ്ഥലങ്ങളിൽ, നമ്മുടെ കർത്താവു മൂന്നുമണിക്കൂർ നേരം നമുക്കുവേണ്ടി കുരിശിന്മേൽ തൂങ്ങിക്കിടന്നതിനെ സ്മരിച്ചുകൊണ്ടു ജപമാല മുഴുവനുമോ ഒന്നോ രണ്ടോ രഹസ്യങ്ങളോ കൈകൾ കുരിശിന്റെ ആകൃതിയിൽ ഇരുവശങ്ങളിലേക്കും നീട്ടിപ്പിടിച്ചുകൊണ്ടു ചൊല്ലാറുണ്ടു്. ജനങ്ങൾ തിങ്ങിക്കൂടുന്ന നമ്മുടെ പള്ളികളിൽ അതു സൗകര്യപ്പെടാതെ വരാമെങ്കിലും വീടുകളിൽ അങ്ങനെ ഒരു തപസ്സു ചെയ്യുന്നതിനു വിഷമമില്ല. ഫാത്തിമാമാതാവിന്റെ സന്ദർശനവേളയിൽ ഇങ്ങനെ ഒരു ചെറിയ പരിഷ്കാരം ആരംഭിക്കുന്നതു ഉപകാരപ്രദമായിരിക്കും. അങ്ങനെ ഒരു പുതിയ തപസ്സുകൊണ്ടു് മാതാവിന്റെ ആഗ്രഹം നാം നിറവേററുന്നെങ്കിൽ നിശ്ചയമായും എല്ലായ്പോഴും തപസ്സിന്റെ അരൂപിയിൽ ജീവിക്കുന്നതിനുള്ള അനുഗ്രഹം മാതാവു നമുക്കു നൽകുമെന്നുള്ളതിനു പുറമെ നമ്മുടെ പ്രാർത്ഥനകൾ കൂടുതൽ ഫലപ്രദങ്ങളായിത്തീരുകയും ചെയ്യും.

# Sathya Deepam

Vol 23 | Ernakulam January 1 1950 | No. 26

## അഷ്ടദിന
## പ്രാർത്ഥനാപ്രസ്ഥാനം

(1-ാം പേജു തുടർച്ച)

ന്നു. "യഥാർത്ഥക്രൈസ്തവസഭാചരിത്രം പഠിച്ചിട്ടുള്ള ഒരുവനു ഒരു പ്രോട്ടസ്റ്റൻറുകാരനായി ജീവിക്കുവാൻ എങ്ങനെ സാധിക്കും?" എന്നുള്ള കർദ്ദിനാൾ ന്യൂമൻെറ ചോദ്യത്തിനു തൃപ്തികരമായ മറുപടി നല്കുവാൻ നിവൃത്തിയില്ലാതെ അദ്ദേഹം വിഷമിച്ചു എങ്കിലും വീണ്ടും പ്രാർത്ഥനാപൂർവ്വം സത്യാന്വേഷണം അദ്ദേഹം നിർവ്വഹിച്ചുകൊണ്ടിരുന്നു. അവസാനം, ക്രിസ്തു ലോകത്തിൽ ഒരു സഭമാത്രമേ സ്ഥാപിച്ചിട്ടുള്ളുവെന്നും, അതിൻെറ പ്രഥമപരമാധികാരിയായി വിശുദ്ധ പത്രോസിനെ അവിടുന്നു നിയമിച്ചുവെന്നും, പത്രോസിൻെറ യഥാർത്ഥപിൻഗാമി റോമിലെ മാർപ്പാപ്പായാണെന്നും, വേദപുസ്തകവും യഥാർത്ഥചരിത്രവും അദ്ദേഹത്തെ ബോദ്ധ്യപ്പെടുത്തി. ഇന്നു ലോകത്തിലുള്ള അകത്തോലിക്കാസഭകളെല്ലാംതന്നെ വിശ്വാസ വൈപരീത്യംമൂലമോ അനുസരണവൈമുഖ്യം നിമിത്തമോ സത്യസഭയിൽനിന്നു വിഛേദിക്കപ്പെട്ട ശിശ്മസഭകളും ഇങ്ങിനെയുള്ള സഭകളുമാണെന്നും, വിശുദ്ധ പത്രോസിൻെറ യഥാർത്ഥപിൻഗാമിയായ റോമ്മാമാർപ്പാപ്പായുടെ ഭരണത്തിൻകീഴിൽ കത്തോലിക്കാ സഭയോടു മററുള്ള എല്ലാസഭകളും യോജിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നും അദ്ദേഹത്തിനു സുദൃഢം ബോദ്ധ്യപ്പെട്ടു. ഈദൃശബോദ്ധ്യത്തിൻെറ ഫലമായി ക്രൈസ്തവസഭകളുടെ പുനരൈക്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതിനും പരിത്യാഗപ്രവൃത്തികൾ അനുഷ്ഠിക്കുന്നതിനുമായി എട്ടുദിവസത്തേക്കുള്ള ഒരു പ്രാർത്ഥനാപരിപാടി തൻെറ ആശ്രമങ്ങളിൽ 1907 ജാനുവരിമാസത്തിൽ ഫാദർ പോൾ ആരംഭിച്ചു. വിശുദ്ധ പത്രോസിൻെറ റോമാസിംഹാസനത്തിരുനാളായ ജാനുവരി 18-ാംനു മുതൽ വിശുദ്ധ പൗലോസിൻെറ മാനസാന്തരത്തിരുനാളായ ജാനുവരി 25-ാംനു വരെയുള്ള എട്ടു ദിവസങ്ങളായിരുന്നു ഇതിലേക്കായി അദ്ദേഹം തിരഞ്ഞെടുത്തതു. ക്രൈസ്തവസഭകളുടെ യോജിപ്പിനുവേണ്ടി പ്രത്യേകപ്രാർത്ഥനകളും ത്യാഗപ്രവൃത്തികളും തൻെറ ആശ്രമങ്ങളിൽ ഈ എട്ടു ദിവസങ്ങളിലും ഫാദർ പോൾ നടത്തിക്കൊണ്ടിരുന്നു. ഇപ്രകാരം രണ്ടു വർഷങ്ങൾ നടത്തിക്കഴിഞ്ഞപ്പോൾ മാതൃസഭയായ കത്തോലിക്കാസഭയോടു യോജിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നുള്ള മനോബോദ്ധ്യം ശക്തിമത്തായിത്തീരുകയാൽ പ്രതികൂലസാഹചര്യങ്ങളെ അവഗണിച്ചു താനും തൻെറ ആശ്രമത്തിലെ അംഗങ്ങളും കത്തോലിക്കാസഭയെ ആശ്ലേഷിക്കണമെന്നു ഫാദർ പോൾ നിശ്ചയിച്ചുകഴിഞ്ഞു. തങ്ങളെ കത്തോലിക്കാസഭയിലേക്കു സ്വീകരിക്കണമെന്നു കാണിച്ചുള്ള ഒരപേക്ഷ അന്നു റോമിൽ ഭാഗ്യമായി വാണിരുന്ന പത്താംപീയൂസു മാർപ്പാപ്പാ തിരുമേനിക്കു ഫാദർ പോൾ അയച്ചുകൊടുത്തു. ആ അപേക്ഷലഭിച്ചു ഉടനെതന്നെ ഫാദർ പോളിനെയും ആശ്രമസ്ഥരെയും കത്തോലിക്കാ സഭയിലേക്കു സ്വീകരിക്കുന്നതിനു അമേരിക്കൻ ഐക്യനാട്ടിലെ ഡലിഗേററായിരുന്ന മോൺ. ഫാംക്കേണിയെ പരിശുദ്ധപിതാവു നിയോഗിച്ചു. അങ്ങനെ 1909 ഒക്ടോബർ 17-ാംനു ഫാദർ പോളിൻെറയും ആശ്രമാംഗങ്ങളുടെയും സുപ്രസിദ്ധമായ കത്തോലിക്കാപുനരൈക്യം മോൺ. ഫാംക്കേണിയുടെ സാന്നിദ്ധ്യത്തിൽ നടക്കുകയും ചെയ്തു.

കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടശേഷം ഇക്കഴിഞ്ഞ 40 വർഷത്തിനുള്ളിൽ അത്ഭുതപൂർവ്വകമായ അഭിവൃദ്ധിയാണു ഫാദർ പോളിൻെറ സന്യാസാശ്രമങ്ങൾക്കുണ്ടായിട്ടുള്ളതു. രണ്ടു സമൂഹങ്ങളിലുംകൂടെ 17 അംഗങ്ങൾ മാത്രമേ ആദ്യകാലത്തു ഉണ്ടായിരുന്നുള്ളുവെങ്കിലും ഇപ്പോൾ പ്രസ്തുത സന്യാസസമൂഹത്തിനു 250-ഓളം അംഗങ്ങളും സന്യാസിനിസമൂഹത്തിനു 200-ൽപ്പരം അംഗങ്ങളുമുണ്ടു. റോമ്മാ, ഇംഗ്ലണ്ടു, അമേരിക്കൻ ഐക്യനാടു, മെക്സിക്കോ, അയർലൻഡു, ബ്രിട്ടിഷ് കൊളംബിയ, ജപ്പാൻ, എന്നീ രാജ്യങ്ങളിലെല്ലാം ഫാദർ പോളിൻെറ ആശ്രമങ്ങൾ സംസ്ഥാപിതമായിട്ടുണ്ടു. അവിടെയുള്ള അക്രൈസ്തവരുടെയും അകത്തോലിക്കരുടെയും ഇടയിൽ ശക്തിമത്തായ വേദപ്രചരണം പ്രസ്തുത ആശ്രമങ്ങളിലെ അംഗങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നു.



മുകളിലെ ചിത്രം—ഇടത്തുനിന്നു വലത്തോട്ടു: റവ ഫാ ജോർജ്ജ് അന്നാശേരി ബി.എ ബി ടി, റൈററ് റവ മോൺ. മാത്യു പോത്തനാമൂഴി, പി എച്ച് ഡി ഡി ഡി, വെ റവ ഡോ കുര്യാക്കോസ് നമ്പ്യാപറമ്പിൽ പി എച്ച് ഡി ഡി ഡി, കർദ്ദിനാൾ ഗിൽറോയി തിരുമേനി, ഇൻറർ നൺഷിയോ ദി മോസ്റ്റ് റവ ഡോ ലിയൊ പി കിയർക്കൽസ്. (കർദ്ദിനാൾ തിരുമേനി ബാംഗളൂർ റെയിൽവെസ്റ്റേഷനിൽ എത്തിയ അവസരത്തിൽ എടുത്ത ഒരു ഫോട്ടോ.)



ഒളിമ്പിക് സ്റ്റേഡിയത്തിൽ കർദ്ദിനാൾ തിരുമേനിക്കു മംഗളപത്രം സമർപ്പിക്കുന്നതിനായി സമ്മേളിച്ച മഹായോഗത്തിൻെറ ഒരു ഭാഗം.

"അഷ്ടദിനപ്രാർത്ഥന" ആരംഭിച്ചു രണ്ടു വർഷങ്ങൾ കഴിഞ്ഞായിരുന്നുവല്ലോ ഫാദർ പോളും ആശ്രമാംഗങ്ങളും കത്തോലിക്കാസഭയെ ആശ്ലേഷിച്ചതു. അനന്തരം രണ്ടു മാസങ്ങൾ കഴിയുന്നതിനു മുൻപുതന്നെ "അഷ്ടദിനപ്രാർത്ഥനാപ്രസ്ഥാന"ത്തിനു ഔദ്യോഗികമായ അംഗീകാരം അന്നു ഭാഗ്യമോടെ റോമാസിംഹാസനത്തിൽ വാണിരുന്ന പത്താംപീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു നല്കുകയുണ്ടായി. അതേതുടർന്നു പലേ രാജ്യങ്ങളിലുമുള്ള കർദ്ദിനാളന്മാർ, മെത്രാപ്പോലീത്തമാർ, മെത്രാന്മാർ ആദിയായ സഭാധികാരികൾ ഈ പ്രസ്ഥാനത്തിൻെറ പ്രചരണാർത്ഥം പ്രോത്സാഹജനകമാംവിധമുള്ള കത്തുകളും ലേഖനങ്ങളും പ്രസിദ്ധപ്പെടുത്തി. 1916-ൽ 15-ാം ബനഡിക്ററു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഈ പ്രസ്ഥാനം കത്തോലിക്കാലോകമെങ്ങും പ്രചരിപ്പിക്കേണ്ടതു അത്യന്താപേക്ഷിതമാണെന്നു കാണിച്ചുകൊണ്ടു ഒരു തിരുവെഴുത്തുതന്നെ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. തൽഫലമായി കുറഞ്ഞൊരുകാലംകൊണ്ടു ഈ പ്രസ്ഥാനത്തിനു സാർവ്വലൗകികമായ പ്രചരണം സിദ്ധിക്കുകയും ചെയ്തു. അമേരിക്കയിലുള്ള എല്ലാ രൂപതകളിലും ഇടവകകളിലും ഇതു എത്രയും വിജയപ്രദമായി പ്രതിവർഷം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു. പൗരസ്ത്യദേശങ്ങളിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ടിട്ടുള്ള സഭാവിഭാഗങ്ങൾ എത്രയും തീക്ഷ്ണതാപൂർവ്വം എല്ലാവർഷവും ഇതു നടത്തിക്കൊണ്ടിരിക്കുന്നു.

കത്തോലിക്കർ മാത്രമല്ല, അകത്തോലിക്കരായ ശിശ്മസഭാംഗങ്ങളും പ്രോട്ടസ്റ്റൻറുകാരിൽ ആംഗ്ലിക്കൻസഭക്കാരും ഈ പ്രസ്ഥാനം അംഗീകരിച്ചു ആണ്ടുതോറും പരസ്യമായി നടത്തുന്നതിൽ അതീവതാല്പര്യം പ്രകടിപ്പിക്കുന്നുണ്ടു. ക്രൈസ്തവസഭകളുടെ യോജിപ്പിനുവേണ്ടി ഇംഗ്ലണ്ടിലുള്ള ആംഗ്ലിക്കരുടെ മിക്കവാറും എല്ലാ ഇടവകകളിലും പ്രതിവർഷം ഇതു നടത്തിക്കൊണ്ടിരിക്കുന്നുണ്ടു. ഇക്കഴിഞ്ഞ വർഷത്തിൽ 1400-ഓളം ആംഗ്ലിക്കൻ പുരോഹിതന്മാർ തങ്ങളുടെ ഇടവകകളിൽ എട്ടു ദിവസങ്ങളിലും ഈ പ്രാർത്ഥന ശുഷ്കാന്തിപൂർവ്വം നടത്തുകയുണ്ടായി. 1929-ൽ 79 ആംഗ്ലിക്കൻ പുരോഹിതന്മാർ മാത്രമേ ഇതിൽ താല്പര്യം പ്രകടിപ്പിച്ചുള്ളു എന്ന വാസ്തവം അറിയുമ്പോൾ ഈ ചുരുങ്ങിയ കാലയളവിൽ ഈ പ്രസ്ഥാനത്തിനു ഇംഗ്ലണ്ടിൽ സിദ്ധിച്ചിട്ടുള്ള പ്രചുരപ്രചാരം ഊഹിക്കാവുന്നതാണല്ലോ.

"അഷ്ടദിനപ്രാർത്ഥന"യുടെ എട്ടു ദിവസങ്ങളിൽ ഒരോ ദിവസത്തേക്കും ഓരോ പ്രത്യേക നിയോഗങ്ങളാണു നിർദ്ദേശിച്ചിരിക്കുന്നതു. വി. പത്രോസു റോമിൽ സിംഹാസനം സ്ഥാപിച്ച ജാനുവരി 18-ാംതിയതി (പ്രാരംഭദിനം) യിലെ നിയോഗം "യഥാർത്ഥതൊഴുത്തിനു പുറമെയുള്ള ആടുകളുടെ തിരുസ്സഭയിലേക്കുള്ള പ്രത്യാഗമന"മാണു. ജാനുവരി 19-ാംനു "പൗരസ്ത്യരാജ്യങ്ങളിലുള്ള ശിശ്മസഭക്കാരുടെ പുനരൈക്യ"വും, 20-ാംനു "പതിനാറാം നൂററാണ്ടിലെ നവീകരണച്ചുഴലിയിൽ പെട്ടതിനാൽ ഇംഗ്ലണ്ടിൽ സഭാബഹിഷ്കൃതരായിത്തീർന്നവരുടെ സന്താനങ്ങളുടെ തിരിച്ചുവരവും", 21-ാംനു "യൂറോപ്പിലുള്ള ലൂതറൻ സഭക്കാരുടെയും ഇതരപ്രോട്ടസ്റ്റൻറു സഭാംഗങ്ങളുടെയും മാനസാന്തരവും," 22-ാംനു "അമേരിക്കയിലുള്ള എല്ലാ അകത്തോലിക്കാ സഹോദരങ്ങളുടെ കത്തോലിക്കാ പുനരൈക്യവും" 23-ാംനു "യഥാർത്ഥ കത്തോലിക്കാജീവിതം നയിക്കാത്ത കത്തോലിക്കർ വി: കൂദാശകൾ ഭക്തിപൂർവ്വം സ്വീകരിക്കുന്നതിനും," 24-ാംനു "ലോകത്തിൻെറ പല ഭാഗങ്ങളിലും ചിതറിക്കിടക്കുന്ന യഹൂദന്മാരുടെ മാനസാന്തരവു"മാണു പ്രത്യേകനിയോഗങ്ങളായി നിർദ്ദേശിച്ചിരിക്കുന്നതു. അവസാനദിനമായ ജാനുവരി 25-ാംനു പ്രേഷിതവീരനായിരുന്ന വി. പൗലോസിൻെറ മാനസാന്തര തിരുനാളാകയാൽ "ഭൂലോകമെങ്ങും നടന്നുകൊണ്ടിരിക്കുന്ന മിഷനറിപ്രവർത്തനങ്ങൾ പരിപൂർണ്ണവിജയത്തിലെത്തുന്നതിനും അങ്ങനെ അഖിലലോകത്തേയും ക്രിസ്തുരാജൻെറ പാദപീഠത്തിങ്കലേക്കു കൊണ്ടുവരുന്നതിനുമായിട്ടുള്ളതത്രെ അന്നത്തെ നിയോഗം.

ഈ "അഷ്ടദിനപ്രാർത്ഥന" ആരംഭിച്ചതിനുശേഷം ലോകത്തിൻെറ നാനാഭാഗങ്ങളിലും ഇതുമൂലമുണ്ടായിട്ടുള്ള ഫലങ്ങൾ അത്ഭുതാവഹംതന്നെയാണു. ഫാദർ പോളും അദ്ദേഹത്തിൻെറ ആശ്രമങ്ങളിലെ അംഗങ്ങളും ഒന്നടങ്കം കത്തോലിക്കാസഭയെ ആശ്ലേഷിച്ചതാണു, ഇതു പുറപ്പെടുവിച്ച ഒന്നാമത്തെ ഫലം. അതിനുശേഷം ഇക്കഴിഞ്ഞ 40 വർഷങ്ങൾക്കുള്ളിൽ അനേകലക്ഷം അകത്തോലിക്കർ, കത്തോലിക്കാസഭയാണു സത്യക്രിസ്തുസഭയെന്നും, പ്രസ്തുത സഭയോടു യോജിക്കേണ്ടതു അവശ്യമാവശ്യമാണെന്നും ബോദ്ധ്യപ്പെട്ടതിൻെറ ഫലമായി സമൂഹങ്ങളായും വ്യക്തികളായും കത്തോലിക്കാസഭയെ ആശ്ലേഷി

(ശേഷം 11-ാം പേജിൽ)

Permissu Eccl[illegible]
Printed & Published by
K. L. Va ke
at the Mar Louis Memorial Press
Ernakulam